www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 9
SEPTEMBER 2022



www.malankaralibrary.com

വരുവിൻ... വണങ്ങാം... ആരാധിക്കാം...

# മട്ടാഞ്ചേരി കൂനൻ കുരിശ് പള്ളിയിൽ (കുരിയച്ചന്റെ നട)




# 369-ാം തിരുനാൾ മഹോത്സവം

## 2022 സെപ്തംബർ 9 വെള്ളി മുതൽ 18 ഞായർവരെ

## എട്ടാമിടം സെപ്തംബർ 25 ഞായർ

ചരിത്രപ്രസിദ്ധമായ മട്ടാഞ്ചേരി കൂനൻകുരിശു പള്ളിയിൽ (കുരിയച്ചന്റെ നട) വിശുദ്ധ കുരിശിന്റെ മഹത്ത്വീകരണ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കാൻ എവരെയും സ്വാഗതം ചെയ്യുന്നു.



മോൺ. ആന്റണി തച്ചാറ
(വികാരി)



ഫാ. പ്രസാദ് ജോസഫ് കണ്ടത്തിപറമ്പിൽ
(സഹവികാരി)

പ്രസുദേന്തിമാർ :
ബെറ്റി ബാബു പാലക്കാട്ട്
സുജ ഷാജി പാലക്കാട്ട്
ബീന ബാബു പാലക്കാട്ട്
മോളി സേവ്യർ അറക്കൽ
ഷേർളി സേവ്യർ പറപ്പള്ളി

**09.09.2022 വെള്ളി**

വൈകിട്ട് 5.30 ന്: **കൊടികയറ്റം**


തുടർന്ന് ജപമാല, ദിവ്യബലി, പ്രസംഗം, നൊവേന, പരിശുദ്ധ ദിവ്യകാരുണ്യാശീർവ്വാദം.

മുഖ്യകാർമികൻ: **വെരി റവ. മോൺ. ഷൈജു പര്യാത്തുശ്ശേരി**
(വികാരി ജനറൽ, കൊച്ചിരൂപത)



**18.09.2022 ഞായർ** — **തിരുനാൾ സമാപനം**

രാവിലെ 8.30ന് : ജപമാല, ദിവ്യബലി,
രാവിലെ 10.00 ന് : ആഘോഷമായ പൊന്തിഫിക്കൽ സമൂഹ ദിവ്യബലി, പ്രസംഗം തുടർന്ന് പ്രദക്ഷിണം, സ്നേഹവിരുന്ന്.
മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ**
(കൊച്ചി മെത്രാൻ)



വൈകിട്ട് 5.00ന്: ദിവ്യബലി

**25.09.2022 ഞായർ** — **എട്ടാമിടം** വൈകിട്ട് 5.00ന്: ദിവ്യബലി

**തിരുനാൾ ദിനങ്ങളിൽ രാവിലെ 10.00 ന് ദിവ്യബലി, നൊവേന.**
**വൈകിട്ട് 6.00ന്: ജപമാല, ദിവ്യബലി, പ്രസംഗം, നൊവേന, പരിശുദ്ധ ദിവ്യകാരുണ്യാശീർവാദം.**

**തിരുനാൾ സമാപനദിനം രാവിലെ 9 മണിക്ക് വാഹനങ്ങൾ കുരിശിന് സമർപ്പിച്ച് പ്രാർഥിക്കാനുള്ള സൗകര്യം ഇടവക പള്ളിയിൽ ഉണ്ടായിരിക്കുന്നതാണ്.**

എല്ലാ വെള്ളിയാഴ്ചയും രാവിലെ 7.15 ന്: ദിവ്യബലി, നൊവേന
10.00 മണിമുതൽ സൗഖ്യദായക ശുശ്രൂഷ
10.30ന്: ദിവ്യബലി, നൊവേന, നേർച്ചക്കഞ്ഞി വിതരണം.
ഉച്ചയ്ക്കുശേഷം 3.30 ന് ദിവ്യബലി, നൊവേന
വൈകിട്ട് 6.00ന്: ദിവ്യബലി, നൊവേന
എല്ലാ ദിവസവും വൈകിട്ട് 5.30ന് ദിവ്യബലി
ഞായറാഴ്ച വൈകിട്ട് 5.00ന് ദിവ്യബലി

**OUR LADY OF LIFE CHURCH & COONAN CROSS PILGRIM CENTRE** (Diocese of Cochin)
Mattanchery, Cochin- 682 002, Ph: 0484-224828, 2224628

www.malankaralibrary.com

എഡിറ്റോറിയൽ

# വാലുള്ള നരവംശം

പല്ലി ഒരു ഭീകരജീവിയല്ല! എന്നിട്ടും അത് അക്രമത്തിന് ഇരയാകുന്നു; ആളുകളുടെയൊക്കെ ശകുനം നിശ്ചയിപ്പ്ജോലി ആരൊക്കെയോ ആ ജീവിക്കുമേൽ ചാർത്തിക്കൊടുത്തതിനാൽ പ്രത്യേകിച്ചും! ശത്രുക്കളുടെ ആക്രമണങ്ങളിൽ മിക്കപ്പോഴും അത് രക്ഷപെടുന്നത് സ്വന്തം വാൽ നഷ്ടമാക്കി ക്കൊണ്ടാണ്.

കുറേ വർഷങ്ങൾക്കുമുമ്പാണ്. വളരെ കഴിവുകളുണ്ടായിരുന്ന ഒരു കലാകാരൻ. താഴ്ന്ന ജാതിയിൽപെട്ടവനെന്ന നിലയിൽ അവൻ വളർന്ന കുഗ്രാമത്തിൽ 'കോരന്റെ' മകനെന്നേ അവനെന്നും വിളിക്കപ്പെട്ടിരുന്നുള്ളൂ. അങ്ങനെയിരിക്കേയാണ് പുറത്തും ഒരു ലോകമുണ്ടെന്ന് അവൻ തിരിച്ചറി ഞ്ഞത്. സ്വന്തം ജാതിയിൽനിന്നും കൈപ്പറ്റിയ ജാതിപ്പേരിന്റെ വാൽ ഉപേക്ഷിച്ച് നിറവും മണവും ഗൗനിക്കാത്ത സമന്മാരുടെ അക്ഷരലോകത്തിലേക്ക് അവൻ, താൻ സ്വയം തിരഞ്ഞെടുത്ത തൂലികാനാമവുമായി പുനർജനിച്ചു. അവന്റെ അക്ഷരക്കൂട്ടുകൾ അനേകരുടെ ആസ്വാദക മനസ്സുകളിൽ വിരുന്നായി. ആരും ജാതി അന്വേഷിക്കാത്തത്ര ഉയരത്തിൽ അവനിന്ന് അനേകർക്ക് 'സാർ' ആണ്.

വാലുപേക്ഷിക്കലിന്റെ നൂറ് നൂറ് ഉദാഹരണങ്ങൾ വീട്ടുപടിക്കലെന്നവണ്ണം നമുക്കു പരിചയമുണ്ടാവാം. ശാരീരികമായ പ്രത്യേകതകൾകൊണ്ട് 'വാലുപേ ക്ഷിച്ച വാനരക്കൂട്ട' മെന്ന് മനുഷ്യരെ വിളിക്കാമെങ്കിലും മാനസികാവസ്ഥ കൊണ്ട് ജാതി ചിന്തയുടെ വാൽ നഷ്ടപ്പെടാത്ത ഒരു കൂട്ടരായി ഇനിയും മനു ഷ്യരെന്ന സമജീവിഘടനയിലേക്ക് എത്തപ്പെടാത്ത 'ഒരു കൂട്ടം ജന്തുവർഗം' മനുഷ്യർക്കിടയിലിപ്പോഴുമുണ്ട്. അത്തരക്കാർ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യ ത്ത് ഞാനും നീയും എന്തുപറയുമ്പോഴും 'നിങ്ങൾക്കെന്താണ് ഇത് പറയാൻ അവകാശം?' എന്ന ഒരു ചോദ്യം നമ്മൾ നേരിടുന്നുണ്ട്. നമുക്കു പുറത്തുനിൽ ക്കുന്നൊരു ലോകത്തെപ്പറ്റി നമ്മൾ എത്ര പറഞ്ഞാലും അതിന് പരിമിതിക ളുണ്ട്.

ചുറ്റുമുള്ള ആവാസവ്യവസ്ഥക്ക് കോട്ടമൊന്നും വരാതെ ഏത് അപരിഷ് കൃത ജനസമൂഹത്തെയും സംരക്ഷിക്കാനും മനുഷ്യോചിതമായി അവർക്ക് ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കാനും തയ്യാറാകേണ്ടവരാ ണ് പരിഷ്കൃതരാജ്യ ഭരണകൂടങ്ങൾ. ഒരു രാജ്യം അവിടെയുള്ള ഏറ്റവും ദരിദ്രന്റെയും താഴ്ന്നവന്റെയുംകൂടിയാകുമ്പോഴാണ് അത് സമത്വസുന്ദര രാജ്യമാകുന്നത്.

വർണാധിഷ്ഠിതമായ സാമൂഹികതരംതിരിവുകളിൽ ഉള്ളുറച്ചിരിക്കുന്ന രാഷ്ട്രീയ ഉടയോർപാർട്ടികൾ തങ്ങളുടെ അനുസരണയുള്ള രാഷ്ട്രീയാടിയാ ന്മാരെ അലങ്കാരവസ്ത്രങ്ങളുടുപ്പിച്ച് അധികാരക്കസേരകളിലിരുത്തി തങ്ങൾക്കാവശ്യമുള്ള ജോലി ചെയ്യിക്കുന്ന ഒരു നവീനസമ്പ്രദായം നമ്മുടെ

www.malankaralibrary.com

രാജ്യത്ത് ഉടലെടുത്തിട്ടുണ്ടെന്ന് ചില സമീപകാലസംഭവങ്ങൾ കണ്ടാൽ ആർക്കും തോന്നിപ്പോകാം. വളച്ചുകെട്ടലുകളൊന്നും നടത്തുന്നില്ല. പിന്നാക്കം നിൽക്കുന്ന സമൂഹത്തിൽനിന്നൊരു സ്ത്രീ– ദ്രൗപദി മുർമു – ഭാരത പ്രഥമ പൗരസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുമ്പോൾ സ്വതന്ത്രഭാരതത്തിന്റെ 75–ാം വാർഷികാഘോഷങ്ങൾക്കിടയിൽ നമുക്കോരോരുത്തർക്കും അഭിമാനം തോന്നണം ഈ രാജ്യത്ത് ഏതൊരു പ്രജയ്ക്കും രാഷ്ട്രത്തലവനായി/രാഷ്ട്രത്തലൈവിയായി വരാൻമാത്രം ഇവിടുത്തെ സമൂഹം വളർന്നുവല്ലോ എന്നതിൽ. സത്യമാണ്; നമുക്കോരോരുത്തർക്കും അഭിമാനമുണ്ട്, ഇനിയും അഭിമാനിക്കത്തക്ക ഒരു ജീവിത സാഹചര്യങ്ങളും ലഭ്യമാകാത്ത പിന്നാക്ക–ആദിവാസി സമൂഹങ്ങൾക്ക് അഭിമാനിക്കത്തക്ക നേട്ടമുണ്ടാകുമ്പോൾ. എന്നാൽ ചോദ്യമിതാണ്– ഒരു നേതാവ് താഴ്ന്ന സമൂഹത്തിൽനിന്നുയർന്നുവരുമ്പോൾ ആ സമൂഹത്തിന് മുഴുവൻ ഉയർച്ച ഉണ്ടാകുന്നുണ്ടോ? ആ സമൂഹം മുഴുവൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെല്ലാം ഇന്ത്യയിൽ പരിഹരിക്കപ്പെടുന്നുണ്ടോ? ഭരണഘടനയനുശാസിക്കുന്ന സമത്വം ഇവിടെ പൂത്തുലഞ്ഞുല്ലസിക്കുന്നുണ്ടോ?

കാരുണികൻ ഈ ലക്കത്തിൽ പരിശോധനാവിഷയമാക്കുന്നു ഇക്കാര്യങ്ങളെ. മുന്നാക്ക–പിന്നാക്ക സമത്വത്തിന് ഇന്ത്യൻ ഭരണഘടനയിൽ എങ്ങനെ ഇത്ര പരിഗണനയും പ്രാധാന്യവുമുണ്ടായി? ഭരണഘടന പൗരസമത്വം ഉറപ്പാക്കാൻവേണ്ടി എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിരിക്കുന്നു? കവർസ്റ്റോറിയിലെ നിയമവീക്ഷണലേഖനം ഇവയെക്കുറിച്ച് അറിവ് പകരുമ്പോൾ രാഷ്ട്രത്തിൽ, മുന്നാക്ക–പിന്നാക്ക വിവേചനങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടോ എന്ന പരിശോധനയാണ് കവർസ്റ്റോറിയിലെ മറ്റൊരു ലേഖനം നടത്തുന്നത്. ഈ വിഷയത്തിലെ കാലികമായ സംഭവങ്ങളിലേക്കുള്ള വെളിച്ചം വീശലാണ് ഈ ലക്കം ജേർണലിസ്റ്റിക് ഫീച്ചർ. ഇതേ വിഷയത്തെ ക്രിസ്തുവിന്റെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുകയാണ് ദൈവശാസ്ത്രലേഖനത്തിൽ. ഒപ്പം സാമൂഹികമായി പിന്നാക്കം നിൽക്കുന്ന തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആധികളവതരിപ്പിക്കുന്ന ഒരു ലേഖനവും ഈ ലക്കത്തിലുണ്ട്.

താഴ്ന്നവനെന്ന അപകർഷതയോ ഉയർന്നവനെന്ന മേധാവിത്വചിന്തയോ ഇല്ലാതെ 'മാലോകരെല്ലാരുമൊന്നുപോലെ' എന്നു പാടിയ ഒരു ഓണത്തിന്റെ ആഘോഷ നാളുകളാണ് കടന്നുപോയത്. രാഷ്ട്രീയ കളിക്കാരുടെ കളിക്കളത്തിലെ കരുക്കളായല്ലാതെ സമത്വസുന്ദരമായ 'ഒരുമയുടെ ഒരോണം' എന്നാണ് എല്ലാ ഭാരതീയർക്കും ഉണ്ടാവുക? അതുണ്ടാവട്ടെ എന്നതാവട്ടെ നമ്മുടെ ഉള്ളിലെ ആശംസ!

**മിഥാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ

www.malankaralibrary.com

പുസ്തകം 19 ലക്കം 9 2022 സെപ്തംബർ




രാഷ്ട്രീയത്തിലെ ഗ്രാൻറ് മാസ്റ്റേഴ്സിന് അവരുടെ കളിക്കളത്തിലെ ശക്തരായ കരുക്കൾ മാത്രമാണ് ഏതു പിന്നാക്ക ജന സമൂഹവും. പൂച്ച് പറച്ചിലുകൾക്കപ്പുറം ഭരണഘടന വാഗ്ദാനം ചെയ്യുന്ന സമത്വം പിന്നാക്കവിഭാഗങ്ങളുടെ യഥാർഥജീവിതത്തിൽ നടപ്പിലാകുന്നുണ്ടോ എന്നതാണ് കാരുണികൻ ഈ ലക്കം പരിശോധിക്കുന്നത്.

രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആൻോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

# ഉള്ളടക്കം

## കവർസ്റ്റോറി



08 അമൃതോത്സവവും ഭരണഘടനാ സംരക്ഷണവും
12 ക്ഷേമരാഷ്ട്രവും ദുർബലസമൂഹങ്ങളും
15 ഇന്ത്യ എന്റെ (ആരുടെ?) രാജ്യം
19 ആധുനിക ഭാരത സംസ്കാരത്തിൽ മിശിഹാദർശനം
22 എല്ലാവരെയും ഉൾക്കൊള്ളുക എല്ലാവർക്കും ഇടംകൊടുക്കുക

## അജപാലനം



വികസന ചുവടുവയ്പ്പുകൾ ഉപരിപ്ലവമാകരുത് 26
മാനം തെളിഞ്ഞെത്തിയ സംഗീതപ്രതിഭ 34
ഹൈറേഞ്ചിലെ നല്ല സമരിയാക്കാരി 37
ആരാണ് മെത്രാന്മാരെ നിയമിക്കുന്നത്? 41

## സാമൂഹികം



44 ഇവർ നമ്മുടെ സ്വന്തമാണ്; ഇവരുടെ പ്രശ്നം നമ്മുടേതും
47 തുള്ളികൾ
50 നിലീനം
52 'ന്നാ താൻ കേസ് കൊട്'

03 എഡിറ്റോറിയൽ
06 നിർദേശങ്ങൾ, പ്രതികരണങ്ങൾ

www.karunikan.com

www.malankaralibrary.com



# നിർദേശങ്ങൾ; പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് ഈ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. അത് വായനക്കാരുടെ നിർദേശങ്ങളാകാം; പ്രതികരണങ്ങളാകാം. പൂർണപ്രതിപക്ഷ ബഹുമാനത്തോടെ സഭ്യമായ രീതിയിൽ അവ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. *– പത്രാധിപർ*

## മാറ്റങ്ങൾ അനിവാര്യമെങ്കിലും വായനാസുഖം നഷ്ടമാകരുത്

ആഗസ്റ്റ് ലക്കം കാരുണികൻ പൂർവസ്ഥിതിയിലേക്ക് മടങ്ങിവന്നതിൽ സന്തോഷമുണ്ട്. ചരിത്രവിഭവങ്ങൾകൊണ്ട് ഈ ലക്കം സമൃദ്ധമാക്കാൻ ശ്രമിച്ചതിൽ നവ ടീം അഭിനന്ദനം അർഹിക്കുന്നു.

ഈ ലക്കം 'ചരിത്രം തിരുത്തപ്പെടുമ്പോൾ' എന്ന ശീർഷകം ആനുകാലിക പ്രസക്തിയുള്ളതാണ്. ഡോ. കെ.ജയകുമാറിന്റെ ലേഖനം ചരിത്രപ്രാധാന്യത്തെയും ഇപ്പോഴുള്ള അവസ്ഥയെയും സൂചിപ്പിക്കുന്നുണ്ട്. ലേഖകൻ സൂചിപ്പിക്കുന്നതുപോലെ ചരിത്രമെന്നത് ഒരു നിശ്ചലതടാകമല്ല. അതൊരു പ്രവാഹമാണ്. ഈയൊരുപ്രവാഹം അദ്ദേഹത്തിന്റെ എഴുത്തിൽത്തന്നെ കണ്ടെത്താവുന്നതാണ്. ചരിത്രമെന്ന വാക്കുകേൾക്കുമ്പോൾതന്നെ എന്തോ പുസ്തകത്താളുകളിൽ ഉറങ്ങിക്കിടക്കുന്ന വസ്തുതകളാണെന്ന് ഒറ്റനോട്ടത്തിൽ തോന്നിപ്പോകും. ചരിത്രമെന്നത് ഒരവസാനവാക്കല്ലെന്നും വേറൊന്നിന്റെ തുടക്കമാണെന്നും ലേഖകൻ പ്രതിപാദിക്കുന്നുണ്ട്. ഇന്ത്യാചരിത്രം ഓപ്പറേഷൻ ടേബിളിൽ കിടത്തിയിരിക്കുകയാണെന്ന് അദ്ദേഹം എടുത്തുപറയുന്നുണ്ട്. അങ്ങനെയൊരു ഓപ്പറേഷൻ നടത്തി ആവശ്യമില്ലാത്തവയെ എടുത്തുകളഞ്ഞും അല്ലാത്തവയെ തുന്നിച്ചേർത്തും വയ്ക്കേണ്ട ഒന്നാണോ ഇന്ത്യാചരിത്രം എന്ന ചോദ്യം പ്രസക്തമാണ്. സ്കൂൾ പാഠപുസ്തകങ്ങളിലും ഇത്തരത്തിലുള്ള അബദ്ധങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്.

കാരുണികൻ ഒരു സമഗ്രദൈവശാസ്ത്രമാസികയെന്ന് ബ്രാൻഡ് ചെയ്തിരിക്കുമ്പോൾതന്നെ സാമൂഹിക പംക്തികളിൽ കഥ, കവിത, ചലച്ചിത്ര നിരൂപണങ്ങൾ ഉൾപ്പെടുത്തുന്നതിൽ തെറ്റില്ല. അതുപോലെ സമർപ്പിതർക്കും അല്മായർക്കും മതാധ്യാപകർക്കും മാതാപിതാക്കൾക്കുമൊക്കെ വളരെയേറെ പ്രയോജനപ്പെടുന്ന കോളങ്ങൾ കാരുണികനിൽ തുടരണമെന്ന് ഓർമപ്പെടുത്തുന്നു.

**സി. മോളി ദേവസി എഫ്.എം.എം**
*ഹെഡ്മിസ്ട്രസ്, OLCGHS, പള്ളുരുത്തി*

## കാരുണിക വിഭവങ്ങൾ ശോഭിതമാകുന്നു

കാരുണികൻ ആഗസ്റ്റ് ലക്കം പഠനസമഗ്രമായ ഒരു പാക്കേജായി അനുഭവപ്പെട്ടു. ചരിത്രത്തെ വികലമാക്കി ചിത്രീകരിച്ചുകൊണ്ടിരിക്കുന്ന ഈ നവ കാലഘട്ടത്തിൽ ഇത്തരമൊരു വിഷയത്തെ ചർച്ചയ്ക്ക് വിധേയമാക്കിയത് അഭിനന്ദനീയംതന്നെ. ചരിത്രവുമായി ബന്ധപ്പെട്ട സമഗ്ര എഴുത്തുകാരെ അണിനിരത്താൻസാധിച്ചത് വിലപ്പെട്ട ഒരു ലക്കമാകാൻ സഹായിച്ചിട്ടുണ്ട്. ചരിത്രപണ്ഡിതനായ പയസ് മലേകണ്ടത്തിൽ അച്ചന്റെ 'ഇന്ത്യാ ചരിത്രത്തിന്റെ മാറ്റിയെഴുത്ത്' ഈടുറ്റ ഒരു ലേഖനം തന്നെയാണ്. വിഷയത്തിന്റെ പൂർണതയ്ക്ക് പരിക്ക് പറ്റാതിരിക്കാൻ തുടർലക്കങ്ങളിലായി പ്രസിദ്ധീകരിക്കുമെന്ന കാരുണികന്റെ നിലപാടുതന്നെ ഈ വിഷയത്തിന്റെ ഗൗരവത്തെ ഉയർത്തിക്കാട്ടുന്നുണ്ട്.

കുറച്ച് ലക്കങ്ങളിലായി അപ്രത്യക്ഷമായിരുന്ന കവിതാസ്വാദനം ആരംഭിച്ചതും ശ്ലാഘനീയമായിരിക്കുന്നു. കേരളസഭയിലെ മികച്ച പലപ്രതിഭകളും മറ്റു മാധ്യമങ്ങളിൽ തമസ്ക്കരിക്കപ്പെട്ടുപോകുമ്പോൾ കാരുണികൻ ശോഭിതതാരങ്ങൾ എന്ന പംക്തിയിലൂടെ അത്തരം പ്രതിഭകൾക്ക് അക്ഷരവെളിച്ചം നൽകുന്നത് സ്വാഗതാർഹമാണ്.

**മാർസൽ എടേഴത്ത്**
*പെരുമാനൂർ*

www.malankaralibrary.com





# മുന്നാക്കം പിന്നാക്കം

ബ്രിട്ടീഷ് ഭരണത്തിൽ നിന്ന്
ഇന്ത്യ സ്വതന്ത്രമായിട്ട് 75 വർഷങ്ങൾ.

സ്വതന്ത്ര ഇന്ത്യയുടെ ശിൽപികൾ
സ്വപ്നം കണ്ട ഇന്ത്യയുടെ അടിസ്ഥാന-
ആദർശരൂപമാണ് നമ്മുടെ ഭരണഘടന.

എല്ലാ പൗരന്മാർക്കും ജാതി- വർഗ- വർണ-
ഭാഷാ വ്യതിയാനമില്ലാതെ തുല്യാവകാശങ്ങൾ
പ്രദാനം ചെയ്യുന്നുണ്ട് നമ്മുടെ ഭരണഘടന.

ജാതി മേധാവിത്തത്തിന്റെ ഇരുണ്ടനാളു
കളിൽനിന്നും മാറി ഏതൊരു ഇന്ത്യൻ
പൗരനും ഇന്ത്യയുടെ പ്രഥമ പൗരനെന്ന
പദവിയിലേക്ക് ഉയരാമെന്ന് ഒരിക്കൽകൂടി
ഇന്ത്യ ലോകസമൂഹത്തിനു മുൻപിൽ
തെളിയിച്ചിരിക്കുന്നു.

ഗോത്രവർഗത്തിൽനിന്ന് ആദ്യമായി
ഒരു വനിത -ദ്രൗപദി മുർമു -
ഇന്ത്യൻ പ്രസിഡന്റായ പശ്ചാത്തലത്തിൽ
ഇന്ത്യയിലെ എല്ലാ ഗോത്രസമൂഹങ്ങൾക്കും
താഴ്ന്നജാതിക്കാർക്കും വേണ്ടും
വിധമുള്ള സമത്വത്തിന്റെ ആനുകൂല്യങ്ങളും
അവകാശങ്ങളും ഭരണകൂടങ്ങളും മത
സമൂഹങ്ങളും നൽകുന്നുണ്ടോ? അതോ
ഇത്തരം പദവികൾ ചില രാഷ്ട്രീയ പാർട്ടി
കളെങ്കിലും ജനങ്ങളുടെ മുൻപിൽ
തങ്ങളുടെ പാർട്ടിക്ക് നല്ല ഒരു പ്രതിച്ഛായ
സൃഷ്ടിച്ചെടുക്കാൻ വേണ്ടി
നടത്തുന്ന നാടകങ്ങളാണോ?

കാരുണികൻ ഈ ലക്കം
ചർച്ചചെയ്യുന്നത് അതാണ്.


- **അമൃതോത്സവവും ഭരണഘടനാ സംരക്ഷണവും**
  - ജോയി ഗോതുരുത്ത്
- **ക്ഷേമരാഷ്ട്രവും ദുർബലസമൂഹങ്ങളും**
  - ജസ്റ്റിസ് കെ.അബ്രഹാം മാത്യു
- **ഇന്ത്യ എന്റെ (ആരുടെ?) രാജ്യം**
  - സിജോ പൈനാടത്ത്
- **ആധുനിക ഭാരത സംസ്കാരത്തിൽ മിശിഹാദർശനം**
  - ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- **എല്ലാവരെയും ഉൾക്കൊള്ളുക എല്ലാവർക്കും ഇടംകൊടുക്കുക**
  - റവ. ഡോ. പയസ് മലേക്കണ്ടത്തിൽ

www.malankaralibrary.com

# അമൃതോത്സവവും ഭരണഘടനാ സംരക്ഷണവും

ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയുടെ 75-ാമാണ്ടിൽ ഗോത്രവർഗത്തിൽനിന്ന് ആദ്യമായി ഒരു വനിത പ്രഥമപൗരയായി ഉയർത്തപ്പെട്ടതോടുകൂടി ജാതി മേധാവിത്വത്തിന്റെ ഇരുണ്ട നാളുകളിൽനിന്നും ഇന്ത്യ മാറിയെന്ന ധ്വനിയാണ് ഉദ്ഘോഷിക്കപ്പെടുന്നത്. എന്നാൽ ഇന്ത്യയിലെ എല്ലാ ഗോത്രസമൂഹങ്ങൾക്കും താഴ്ന്ന ജാതിക്കാർക്കും അർഹമായ സമത്വത്തിന്റെ ആനുകൂല്യങ്ങളും അവകാശങ്ങളും ഭരണകൂടങ്ങൾ നൽകുന്നുണ്ടോയെന്ന് വിശകലനം ചെയ്യുന്നു.



**ജോയി ഗോതുരുത്ത്**
*ദേശീയ പ്രസിഡന്റ്, വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ (WIF)*

രണ്ട് നൂറ്റാണ്ടുകാലത്തോളം നീണ്ടുനിന്ന ബ്രിട്ടിഷ് കൊളോണിയലിസത്തിന്റെ ചങ്ങലക്കെട്ടിൽനിന്നും ഇന്ത്യ എന്ന മഹാരാജ്യം സ്വതന്ത്രമായതിന്റെ പ്ലാറ്റിനം ജൂബിലി 'ആസാദി കാ അമൃത് മഹോത്സവ്' എന്ന പേരിൽ അതീവ പ്രൗഢിയോടെയാണ് രാജ്യമെങ്ങും കൊണ്ടാടിയത്. ആഗസ്റ്റ് 13 മുതൽ എല്ലാ ഭവനങ്ങളിലും ദേശീയ പതാക ഉയർത്തപ്പെട്ടു. പതിവിലും കവിഞ്ഞ പ്രൗഢിയിൽ സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി ചെങ്കോട്ടയിൽ പതാക ഉയർത്തുകയും സ്വതസിദ്ധമായ ശൈലിയിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്തു എല്ലാവരെയും ആവേശഭരിതരാക്കുകയും ചെയ്തു.

ദേശീയ പതാകയോട് ആദരവും ബഹുമാനവും നാളിതുവരെ പ്രദർശിപ്പിക്കാത്ത സംഘടനകൾ പോലും ഇത്തവണ വലിയ പ്രാധാന്യം പതാകയ്ക്കു നൽകുകയുണ്ടായി. പ്ലാസ്റ്റിക്ക് ഷീറ്റ് വലിച്ചു കെട്ടിയ പുറമ്പോക്കിലെ കുടിലിൽ ദേശീയ പതാക ഉയർത്തി സല്യൂട്ട് ചെയ്യുന്ന ഒരു അനാഥ വിധവയുടെ ചിത്രം വൈറൽ ആയി. അമൃത് മഹോത്സവത്തിന്റെ വേളയിൽ രാഷ്ട്രപതി സ്ഥാനത്തേക്ക് ഒരു ആദിവാസി വനിത ഉയർത്തപ്പെട്ടത് ജൂബിലി ആഘോഷങ്ങളുടെ മാറ്റ് കൂട്ടി. സാമൂഹിക ശ്രേണിയുടെ ഏറ്റവും താഴെ സ്ഥിതി ചെയ്യുന്ന ഒരു വനിതയ്ക്ക് ഏറ്റവും ഉന്നത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതു വഴി ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്ത്വം ഒരിക്കൽ കൂടി വെളിവായി.

എന്നാൽ ഈ ആഘോഷങ്ങളുടെയെല്ലാം ശോഭ കെടുത്തിയ ചില സംഭവങ്ങളും ഈ ദിവസങ്ങളിൽ തന്നെ നടക്കുകയുണ്ടായി. 'ഹർ ഘർ തിരംഗ' ആഘോഷം സമാരംഭിച്ച ദിവസംതന്നെയാണ് ഒൻപത് വയസ്സുള്ള മൂന്നാം തരത്തിൽ പഠിക്കുന്ന രാജസ്ഥാനിലെ ജലോർ ജില്ലയിലെ സുരാൻ ഗ്രാമത്തിലെ ഇന്ദ്രകുമാർ മെഗ്വാൾ എന്ന ബാലനു ജീവൻ വെടിയേണ്ടി വന്നത്. ദാഹിച്ചു തൊണ്ട വരണ്ടപ്പോൾ ഉന്നത ജാതിക്കാർക്കായി മാറ്റിവയ്ക്കപ്പെട്ടിരുന്ന കുടിവെള്ള പാത്രത്തിൽ തൊട്ടു അശുദ്ധമാക്കി എന്ന 'പാതകത്തിനാണ്' സ്കൂളിൽ വച്ച് സ്വന്തം അധ്യാപകനാൽ ഇന്ദ്രകുമാർ ക്രൂരമായ പീഡനത്തിന് ഇരയായത്. ദളിതനായി ജനിച്ചു എന്ന ദുർവിധിയാണ് ആ ബാലനെ ശിക്ഷാർഹനാക്കിയത്. തമിഴ്നാട്ടിലെ പല ഗ്രാമപഞ്ചായത്തുകളിലെയും ദളിത് പ്രസിഡന്റുമാർക്ക് സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർ

www.malankaralibrary.com

ത്തുന്നതിനുള്ള അവകാശം നിഷേധിക്കപ്പെടുന്നതും, എന്തിനേറെ ഇരിപ്പിടംപോലും നിഷേധിക്കപ്പെടുന്നതുമൊക്കെ സ്വാതന്ത്ര്യം സിദ്ധിച്ചിട്ട് മുക്കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ദളിത്- ആദിവാസി ജനത രാജ്യത്ത് ഇന്നും നേരിട്ടുകൊണ്ടിരിക്കുന്ന നിരന്തര വിവേചനത്തിന്റെ മകുടോദാഹരണങ്ങളാണ്.

'ഹർ ഘർ തിരംഗ'ആഘോഷത്തിന്റെ ആദ്യദിവസം തന്നെ ടൈംസ് ഓഫ് ഇന്ത്യയുടെ മുംബൈ എഡിഷനിൽ വന്ന വാർത്ത 'കൗതുകകര'മാണ്. അലഹബാദിൽ നടന്ന സന്ന്യാസി സമ്മേളനം ഇന്ത്യക്കുവേണ്ടി പുതിയ ഭരണഘടനയുടെ പ്രഥമ ഡ്രാഫ്റ്റ് പ്രസിദ്ധീകരിച്ചു. അതനുസരിച്ചു പുതിയ ഹിന്ദു രാഷ്ട്രത്തിന്റെ തലസ്ഥാനം കാശിയായി മാറും. മുസ്ലീങ്ങൾ, ക്രൈസ്തവർ എന്നിവർക്കു വോട്ടവകാശം പുതിയ രാഷ്ട്രത്തിൽ ഉണ്ടാകില്ല. അഖണ്ഡ ഭാരതത്തിന്റെ രൂപീകരണം ലക്ഷ്യംവയ്ക്കുന്ന ഈ കരട് ഭരണഘടന, അടുത്ത ജനുവരി- ഫെബ്രുവരി മാസത്തിൽ നടക്കുന്ന മാഗ്മേളയിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തി ആവശ്യമായ തീരുമാനങ്ങൾ എടുത്തു മുന്നോട്ടുപോകുമത്രെ. രാജ്യത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പിന്നീട് ഉളവാക്കിയ അയോധ്യാ സംഭവം ഉൾപ്പടെയുള്ള പല തീരുമാനങ്ങളും എടുത്തത് ഇത്തരം സംഘടനയാണെന്നത് ആശങ്കാജനകമാണ്.

മറ്റൊരു സംഭവം കൂടി പങ്കുവയ്ക്കുകയാണ്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഇരുണ്ട ഏടായ ഗോധ്ര കലാപത്തിൽ അതിക്രൂരമായ ആക്രമണത്തിനും ഹിംസയ്ക്കും പാത്രീഭൂതയായ ബിൽക്കിസ് ബാനുവിന്റെ കേസിലെ പ്രതികൾക്കു ശിക്ഷ ഇളവ് നൽകി പ്രതികളെ വിട്ടയച്ച സംഭവത്തിനെതിരെ രാജ്യത്ത് ഒന്നാകെ പ്രതിഷേധം ഉയരുകയുണ്ടായി. ശിക്ഷാ ഇളവ് ശുപാർശ ചെയ്ത സമിതിയിലെ ഒരംഗമായ ഗോധ്രയിലെ ജനപ്രതിനിധി നടത്തിയ അഭിപ്രായ പ്രകടനം ഞടുക്കമുണ്ടാക്കുന്നതാണ്. ഈ കേസിലെ പ്രതികൾ ബ്രാഹ്മണർ ആയതുകൊണ്ട് ബലാൽസംഗം, ശിശുഹത്യ തുടങ്ങിയ ക്രൂരകൃത്യങ്ങൾ ചെയ്യുകയില്ലെന്നു അർഥശങ്കക്കിടയില്ലാത്ത വിധത്തിൽ ആ ജനപ്രതിനിധി പറഞ്ഞുവയ്ക്കുന്നുണ്ട്. പിന്നീട് അദ്ദേഹം പതിവുപോലെ മാധ്യമങ്ങൾ വളച്ചൊടിച്ചതാണെന്ന ന്യായീകരണം പറഞ്ഞു രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ വീഡിയോകൾ ഇന്നും സൈബറിടത്തിൽ ഉണ്ട്. ഏതായാലും ഇക്കാര്യം സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

അമൃത് മഹോത്സവത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിൽ നിരന്തരം അരങ്ങേറിക്കൊണ്ടിരിക്കുന്ന സംഭവങ്ങളുടെ ചില സാമ്പിളുകൾ അരങ്ങിലെത്തിച്ചെന്നു മാത്രം. ആഘോഷങ്ങളുടെ ആരവങ്ങൾക്കിടയിൽ മറന്നുപോകുന്ന ഇത്തരം നിരവധി വിഷയങ്ങൾ ഉണ്ട്. എന്നാൽ അവയൊന്നുംതന്നെ പൊതുസമൂഹത്തിന്റെ മുന്നിലേക്ക് വന്നു ചർച്ചാ വിഷയമാകുന്നില്ല എന്നതാണ് പ്രശ്നം.

## സ്വതന്ത്ര ഇന്ത്യയും ഭരണഘടനയും

സ്വതന്ത്ര ഇന്ത്യയുടെ ആവിർഭാവം അത്യത്ഭുതകരമായ സംഭവവികാസമായാണ് പല ചരിത്ര-സാമൂ



www.malankaralibrary.com

ഹിക ശാസ്ത്രജ്ഞന്മാരും വിശേഷിപ്പിച്ചിട്ടുള്ളത്. വിവിധ ജാതികളിലും മതങ്ങളിലും പ്രദേശങ്ങളിലും ഭാഷകളിലുമായി വെള്ളംകേറാ അറകളായി വേർതിരിക്കപ്പെട്ടിരുന്ന ജനങ്ങൾ ഒത്തൊരുമിച്ചാണ് ഇന്ത്യ എന്ന മഹാത്ഭുതത്തിനു രൂപം നൽകിയത്. അതിനുവേണ്ടിയായിരുന്നു എല്ലാ വിഭജന ഖഡ്ഗങ്ങൾക്കും അതീതമായി ഏവരും കൈകോർത്ത് ദേശീയ സ്വാതന്ത്ര്യസമരത്തിൽ അണിചേർന്നത്. മഹാത്മാഗാന്ധിയുടെ അനിതരസാധാരണ നേതൃത്വവും ജീവിതവും ആയിരുന്നു എല്ലാറ്റിനെയും ഒരുമിച്ചു ചേർത്തുവച്ച പശ. ഇന്ത്യൻ സ്വാതന്ത്ര്യ സമര മുന്നേറ്റത്തിനു, അതായത് ദേശീയ പ്രസ്ഥാനത്തിനു, രണ്ട് മുഖങ്ങൾ ഉണ്ടായിരുന്നുവെന്ന കാര്യം ഒരിക്കലും വിസ്മരിക്കരുത്. അതിൽ ആദ്യത്തേത്, തീർച്ചയായും, ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾക്കെതിരെയുള്ളതുതന്നെയായിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ മുഖം, ജനങ്ങളെ ശ്രേണീകൃതമായ അസമത്വത്തിൽ സഹസ്രാബ്ദങ്ങളായി നിലനിറുത്തിയിരുന്ന ജാതിവ്യവസ്ഥയ്ക്കെതിരെയുള്ളതായിരുന്നു. ഇതുമൂലം സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന ആദിവാസി- ദളിത്- പിന്നാക്ക- ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രാന്തവല്കൃതരുടെ സജീവ പങ്കാളിത്തവും ദേശീയ പ്രസ്ഥാനത്തിനു ലഭിച്ചു. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിലെ സ്വാതന്ത്ര്യ സമരം വികസിച്ചത് വൈദേശിക അടിമത്വത്തോടൊപ്പം ആഭ്യന്തര അടിമത്വത്തിനെതിരെ നടന്ന സമരങ്ങളിലൂടെയുമാണ്. ഈ രണ്ട് മുന്നേറ്റങ്ങളുടെയും അനന്തരഫലമായാണ് സ്വതന്ത്ര ഇന്ത്യ 1947 ആഗസ്റ്റിൽ രൂപം പ്രാപിച്ചത്.

ദേശീയ പ്രസ്ഥാനത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ചുള്ള ഒരു ഇന്ത്യയെ രൂപപ്പെടുത്താൻ തക്കവിധത്തിലുള്ള ഭരണഘടനയാണ് സ്വാതന്ത്ര്യസമര സേനാനികൾ രൂപപ്പെടുത്തി നൽകിയിട്ടുള്ളതെന്നു കാണാം. ലോകപ്രശസ്ത ഭരണഘടനാ വിദഗ്ധനായ ഗ്രാമ്പില്ലെ ഓസ്റ്റിന്റെ അഭിപ്രായപ്രകാരം "പൊതുനന്മയ്ക്കായി സമൂഹത്തെ പുനഃസംഘടിപ്പിക്കാനുതകുന്ന ഉത്തേജനം പകർന്നു നൽകാൻ ഇന്ത്യൻ ഭരണഘടനയേക്കാൾ മറ്റൊരു ഭരണഘടനയ്ക്കും സാധിച്ചിട്ടില്ല." ഇന്ത്യൻ ഭരണഘടനയെ ഭരണപരമായ കാര്യങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്ന നിയമസംഹിത മാത്രമായി കാണുന്നത് ഭാഗീക വീക്ഷണമാണ്. സ്വതന്ത്ര ഇന്ത്യയെക്കുറിച്ച് സ്വാതന്ത്ര്യ സമരസേനാനികൾ കണ്ട സ്വപ്നത്തിന്റെ ആവിഷ്കാരംകൂടിയാണ് ഭരണഘടന. ഈ സ്വപ്ന സാക്ഷാത്കാരത്തിനായി അനുനിമിഷം മുന്നേറുക എന്ന അതിവിശുദ്ധമായ ദൗത്യമാണ് എല്ലാ പൗരന്മാരിലും വിശിഷ്യാ ഭരണാധികാരികളിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്.

ഭരണഘടന വിഭാവനം ചെയ്യുന്ന ലക്ഷ്യത്തിലേക്ക് എത്രകണ്ട് മുന്നേറാനായിട്ടുണ്ടെന്നും ഇപ്പോൾ സഞ്ചരിക്കുന്നത് ശരിയായ പാതയിലൂടെയാണോ എന്നും വിലയിരുത്താൻ 'ആസാദി കാ അമൃത് മഹോത്സവം' പ്രചോദിപ്പിക്കുന്നുണ്ട്. വിലയിരുത്തലും ആത്മവിമർശനവും ഇല്ലാത്ത ആഘോഷങ്ങൾ വെറും വാചകമടിയും അകക്കാമ്പില്ലാത്തതുമാണെന്ന കാര്യം വിസ്മരിക്കരുത്.

## ഭരണഘടനാ രൂപീകരണം

ഇന്ത്യയുടെ ഭരണഘടനയുടെ ചരിത്രത്തിനു സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തോളം നീളുന്ന ചരിത്രം ഉണ്ട്. 1895-ൽ ബാലഗംഗാധര തിലകൻ അവതരിപ്പിച്ച കോമൺവെൽത്ത് ബില്ലിൽ നിന്നുമുതൽ അതിന്റെ ചരിത്രം തുടങ്ങുന്നുവെന്നു പറയാം. 1928-ലെ കോൺഗ്രസ്സ് സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട നെഹ്റു കമ്മിറ്റി റിപ്പോർട്ടും ഇതിന്റെ തുടർച്ചയായി കാണാം. അതുപോലെതന്നെ ബ്രിട്ടീഷ് സർക്കാർ പാസ്സാക്കിയ പല ആക്റ്റുകളും ഇന്ത്യയുടെ ഭരണഘടനാ രൂപീകരണത്തിനായുള്ള ചുവടുവയ്പ്പുകൾ ആയിരുന്നു. എം.എൻ റോയി നടത്തിയിട്ടുള്ള ഇടപെടലുകളും വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോഴുള്ള ഭരണഘടനാ തയ്യാറാക്കലിനു നിമിത്തമായത് കാബിനറ്റ് മിഷന്റെ നിർദ്ദേശമായിരുന്നു. തദനുസരണം 1946-ൽ ഭരണഘടന നിർമാണ സഭ നിലവിൽ വന്നു.

പലവിധ സവിശേഷതകളുള്ള ഭരണഘടനയാണ് ഇന്ത്യയുടേതെന്നു കാണാം. രണ്ട് വർഷവും പതിനൊന്നു മാസവും പതിനേഴ് ദിവസവും നീണ്ടുനിന്ന സുദീർഘമായ പ്രവർത്തനങ്ങൾകൊണ്ടാണ് ഭരണഘടന പൂർത്തിയായത്. ആദ്യഘട്ടത്തിൽ പൊതുജനങ്ങൾക്കും അഭിപ്രായം അറിയിക്കാൻ അവസരം ഉണ്ടായിരുന്നു. ഓരോ വകുപ്പും കമ്പോട് കമ്പ് ചർച്ച വോട്ടിനിട്ടാണ് ഭരണഘടന പാസാക്കിയത്. ഇത്രയും വിശദമായ ചർച്ചകൾ നടത്തി മറ്റൊരു രാജ്യത്തെയും ഭരണഘടന രൂപപ്പെടുത്തപ്പെട്ടിട്ടില്ല എന്നു കാണാം.

1946 ആഗസ്റ്റ് 9-നു 389 അംഗങ്ങളുമായാണ് ഭരണഘടനാ നിർമാണ സഭയുടെ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഇന്ത്യാ വിഭജനത്തിനുശേഷം 299 അംഗങ്ങളുമായാണ് ഭരണഘടന നിർമാണ

www.malankaralibrary.com

സഭ പ്രവർത്തനം തുടർന്നത്. 1949 നവംബർ 26-നു ഭരണഘടന അസംബ്ലി അംഗീകരിച്ചു. 1950 ജനുവരി 26-നു നിലവിൽ വന്നു. ഡോ. രാജേന്ദ്രപ്രസാദ് ആയിരുന്നു നിർമാണ സഭയുടെ ചെയർമാൻ. ബംഗാളിലെ ക്രൈസ്തവരുടെ നേതാവും, കൽക്കട്ട യൂണിവേഴ്സിറ്റിയിലെ മുൻ വൈസ് ചാൻസലറുമായിരുന്ന എച്ച്. സി. മുഖർജി ആയിരുന്നു പ്രഥമ വൈസ് ചെയർമാൻ. ഡോ. ബി. ആർ അംബേദ്കർ ഡ്രാഫ്റ്റിങ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു.

ഭരണഘടനാ നിർമാണ സഭയുടെ തുടക്കത്തിൽ സഭയുടെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള പ്രമേയം1946 ഡിസംബർ 13-നു അവതരിപ്പിച്ചത് ജവഹർലാൽ നെഹ്റു ആയിരുന്നു. "പട്ടിണി കിടക്കുന്ന എല്ലാവർക്കും ഭക്ഷണവും വസ്ത്രവും ലഭിക്കുന്നതും, ഓരോ ഇന്ത്യക്കാരനും തന്റെ പുരോഗതിക്കാവശ്യമായത് തെരഞ്ഞെടുക്കാനൻ അവകാശം ലഭ്യമാക്കുന്നതുമായ ഭരണഘടനയെ രൂപപ്പെടുത്തി ഇന്ത്യയെ സ്വതന്ത്രമാക്കുക എന്നതാണ് ഈ ഭരണഘടനാ നിർമാണ സഭയുടെ ലക്ഷ്യം" എന്നു പ്രമേയത്തിൽ വിശദമാക്കി. ഇന്ത്യൻ ഭരണഘടനയുടെ അനന്യത കാത്തുസൂക്ഷിക്കുന്ന അതിന്റെ പീഠിക (preamble) ഈ പ്രമേയത്തെ ആധാരമാക്കിയാണ് രൂപപ്പെടുത്തിയത്. ഇന്ത്യയെകുറിച്ചുള്ള സ്വാതന്ത്ര്യ സേനാനികളുടെ മുഴുവൻ സ്വപ്നവും രാഷ്ട്രം രൂപംകൊടുക്കുന്നതിന്റെ ലക്ഷ്യവും അതിൽ ഉൾച്ചേർക്കപ്പെട്ടിരിക്കുന്നുവെന്നു കാണാം.

## ഇന്ത്യൻ ഭരണഘടനയും സമത്വവും

ഇന്ത്യയിലെ ജനങ്ങളാണ് ഇന്ത്യയെ നിയമാനുസൃതം രൂപപ്പെടുത്തിയിരിക്കുന്നതെന്നു ഉദ്ഘോഷിച്ചുകൊണ്ടാണു ഭരണഘടന ആരംഭിക്കുന്നത്. എന്താണ് ഇന്ത്യ എന്ന ചോദ്യത്തിന്റെ ഏക ഉത്തരം എല്ലാവരും ഉൾപ്പെടുന്ന അവിടത്തെ ജനങ്ങളെന്നതാണ്. അല്ലാതെ ഭൂമിശാസ്ത്രപരമായ അതിരുകളല്ല ഇന്ത്യ. ജനങ്ങളാണ് രാഷ്ട്രത്തിന്റെ പ്രഥമവും പ്രധാനവുമായ മൂല്യം എന്നു ഭരണഘടന ഉച്ചൈസ്ഥരം പ്രഖ്യാപിക്കുന്നു.

രാഷ്ട്രം നിർമിക്കപ്പെട്ടിരിക്കുന്നത് ജനങ്ങളുടെ പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം എന്നീ നാലു തൂണുകളിലാണെന്നു പീഠികയിൽ പറയുന്നു. ഇത് ഇന്ത്യയുടെ മൗലിക സ്വഭാവം കൂടിയാണ്. രാഷ്ട്രത്തെ നയിക്കേണ്ട നാല് മൂല്യങ്ങളെ സംബന്ധിച്ചും പീഠികയിൽ വിശദമാക്കുന്നുണ്ട്. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയാണവ. ഇതാണ് ഭരണഘടനയുടെ സത്തയെന്നു വിശേഷിപ്പിക്കാം. ഈ മൂല്യ ങ്ങളോടുള്ള പ്രതിബദ്ധതയാണ് ഭരണഘടനാ ധാർമികതയെന്നു വിവക്ഷിക്കുന്നത്.

നീതി എന്ന മൂല്യത്തിനാണ് ഭരണഘടന ഏറ്റവും പ്രാധാന്യം നൽകിയിട്ടുള്ളത്. നീതിയിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ മാത്രമേ സ്വാതന്ത്ര്യത്തിനും സമത്വത്തിനും സാഹോദര്യത്തിനും പ്രസക്തിയുള്ളൂ. നീതിക്ക് സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം എന്നിങ്ങനെ മൂന്നു തലങ്ങൾ ഉണ്ട്. സഹസ്രാബ്ദങ്ങളായി ഇന്ത്യയിൽ നിലനിന്നിരുന്ന ശ്രേണീകൃതമായ അസമത്വത്തെ നിർമാർജനം ചെയ്യുക എന്നതാണ് സാമൂഹികതലത്തിലെ നീതി എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. 'ദി ഐഡിയ ഓഫ് ജസ്റ്റീസ്" എന്ന കൃതിയിൽ അമർത്ത്യാസെൻ ഇക്കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

ഭരണഘടനയിലെ മൂന്ന്, നാല് എന്നീ ഭാഗങ്ങൾ, പീഠികയിൽ വരച്ചിട്ടിരിക്കുന്ന ലക്ഷ്യം നേടിയെടുക്കാനുള്ള നൈയാമിക രൂപങ്ങളാണ്. മൂന്നാം ഭാഗം മൗലികാവകാശങ്ങൾ ആണ്. അതിൽ ആർട്ടിക്കിൾ 14-ൽ നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണെന്നു പ്രഖ്യാപിക്കുന്നു. ഈ നിയമത്തിന്റെ പരിരക്ഷ പൗരന്മാർക്കു മാത്രമല്ല രാജ്യാതിർത്തിയിലുള്ള എല്ലാ മനുഷ്യർക്കും ലഭിക്കുന്നുവെന്നതാണ്, ഇന്ത്യൻ ഭരണഘടനയുടെ മഹത്ത്വം. ചുരുക്കിപറഞ്ഞാൽ, മൗലികാവകാശങ്ങളിലെ 14 മുതൽ 24 വരെയുള്ള വകുപ്പുകൾ സാമൂഹിക നീതി ഉറപ്പാക്കുന്നു. ആർട്ടിക്കിൾ 25 മുതൽ 28 വരെ മതസ്വാതന്ത്ര്യവും 29, 30 ന്യൂനപക്ഷ സംരക്ഷണവും ഉറപ്പാക്കുന്നു. നാലാം ഭാഗത്തിൽ ഭരണാധികാരികൾ പ്രവർത്തനങ്ങളാവിഷ്ക്കരിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളാണ്.

ഭരണഘടനാ ധാർമികതയ്ക്ക് പ്രാധാന്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്നതാണ് സമകാലിക ദുരനുഭവങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നത്. ഇക്കാലത്ത് വസ്തുതകൾക്ക് പ്രാധാന്യം ഇല്ലാതാകുകയും വ്യാജപ്രചാരണങ്ങൾ മേൽക്കൈ നേടുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് നിയമവാഴ്ച ഇല്ലാതായതുകൊണ്ടാണു കോർപൊറേറ്റ് അധിനിവേശത്തിനെതിരെ ആദിവാസികളെ പ്രബുദ്ധരാക്കിയ ഫാ. സ്റ്റാൻസ്വാമി വ്യാജമായ കുറ്റാരോപണത്തിൽ അന്യായമായി ജയിലിൽ അടക്കപ്പെട്ടതും അദ്ദേഹത്തിനു ജീവൻ വെടിയേണ്ടി വന്നതും. ഇത്തരം സംഭവങ്ങൾ അനുദിനം പെരുകി വരുന്നു എന്നതാണ് വലിയ പ്രതിസന്ധി.

*ശേഷം പേജ് 14-ൽ*

www.malankaralibrary.com

# ക്ഷേമരാഷ്ട്രവും ദുർബലസമൂഹങ്ങളും

ഇന്ത്യൻഭരണഘടന താഴേക്കിടയിലുള്ളവരുടെ ഉന്നമനത്തിനായി, അവശവിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾക്കായി നിലകൊള്ളുന്നുണ്ടോ? ഇതേക്കുറിച്ച് വിശകലനം ചെയ്യുകയും ഭരണഘടന നൽകുന്ന അവകാശ ആനുകൂല്യങ്ങൾ ഉപയോഗിച്ച് മറ്റുള്ളവർ മുതലെടുപ്പ് നടത്തുന്നുണ്ടോയെന്ന് നിയമത്തിന്റെ ദൃഷ്ടിയിലൂടെ പരിശോധിക്കുകയും ചെയ്യുന്ന ലേഖനം.



ജസ്റ്റിസ്
കെ.അബ്രഹാം മാത്യു
*മുൻ ജഡ്ജി, കേരള ഹൈക്കോടതി*

'ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല, പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്' എന്ന് ബൈബിൾ പഠിപ്പിക്കുന്നു. നീതിയിൽനിന്ന് സമാധാനം ഉത്ഭവിക്കുന്നു. സന്തോഷം അതിന്റെ അടയാളം മാത്രം. 'സഹോദരന്റെ കാവൽക്കാരനാണോ ഞാൻ' എന്ന ദൈവത്തോടുള്ള കായേന്റെ ചോദ്യം ഇന്ന് മനുഷ്യൻ തന്റെ പ്രവൃത്തിയിലൂടെ നിശബ്ദനായി ദൈവത്തോട് ചോദിക്കുന്നു. മേലുദ്ധരിച്ച ബൈബിൾ വാചകങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളുന്ന ഇന്ത്യൻഭരണഘടന വിഭാവനം ചെയ്യുന്നത് ഒരു ക്ഷേമരാഷ്ട്രമാണെന്ന് അതിന്റെ ആമുഖപ്രസ്താവനയിൽ അടിവരയിട്ടു പ്രഖ്യാപിക്കുന്നത് കാണാം. കൂടാതെ ഭരണഘടന 38-ാം വകുപ്പ് രാജ്യത്തെ ഒരു ക്ഷേമരാഷ്ട്രമാക്കി പടുത്തുയർത്തുന്നതിനുള്ള നമ്മുടെ കടമയെ ഓർമപ്പെടുത്തുന്നതാണ്. നീതിയും തുല്യതയും സ്വാതന്ത്ര്യവും സാഹോദര്യവും സമഞ്ജസമായി സമ്മേളിക്കുമ്പോഴാണ് ക്ഷേമരാഷ്ട്രം യാഥാർഥ്യമാകുന്നത്. സാമൂഹ്യനീതി എന്നതാണ് ഇവയുടെ ചുരുക്കം. നീതിയുടെ രണ്ടുഭാവങ്ങൾ മാത്രമാണ് സാമ്പത്തിക നീതിയും രാഷ്ട്രീയനീതിയും. സാമൂഹ്യനീതിക്ക് തടസ്സമായ അസന്തുലിതാവസ്ഥ മാറ്റിയെടുക്കുകയാണ് ക്ഷേമരാഷ്ട്രത്തിലേക്കുള്ള പ്രഥമ ചവിട്ടുപടി. മതത്തിന്റെയും വർഗത്തിന്റെയും ജാതിയുടെയും മറ്റും പേരിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനായി ഭരണഘടന 15-ാം വകുപ്പ് എഴുതിച്ചേർത്തിരിക്കുന്നു. ഇതിന്റെ ഫലപ്രാപ്തിക്കായി പൊതുസേവനത്തിനുള്ള അവസരം ആർക്കും നിഷേധിക്കരുതെന്ന് 16-ാം വകുപ്പ് നിരോധനാജ്ഞയുടെ രൂപത്തിൽ പ്രഖ്യാപിക്കുന്നു.

സ്വന്തം ശക്തികൊണ്ട് ആനുകൂല്യങ്ങളും അവസരങ്ങളും പിടിച്ചെടുക്കാൻ കഴിവുള്ളതും കഴിവില്ലാത്തതുമായ സമൂഹങ്ങൾ ഇന്ത്യയിൽ ധാരാളം ഉണ്ടായിരുന്നു ഭരണഘടന നിലവിൽ വരുമ്പോൾ. രണ്ടാമതായി പറഞ്ഞതിൽപെടുന്നവയാണ് പട്ടികജാതിയും പട്ടികവർഗവും. ഈ ദുർബലസമൂഹങ്ങളെ ഭരണഘടന പ്രത്യേകം പരിഗണിക്കുകയും ഇവരുടെ അവശതമൂലമുണ്ടാകുന്ന അസന്തുലിതാവസ്ഥ ദുരീകരിക്കുന്നതിനായി അവർക്കനുകൂലമായി നിയമനിർമാണം നടത്തുന്നതിന് തടസ്സമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

പൊതുസേവനത്തിനുള്ള അവസരങ്ങൾ ലഭ്യമാവുമ്പോൾ സാമൂഹ്യമായും രാഷ്ട്രീയമായും സാമ്പത്തികമായും ശക്തിപ്രാപിക്കും എന്നുള്ള ധാരണയാണ് ഭരണഘടനാ ശില്പികൾക്കുണ്ടായിരുന്നത്. അതിനായി നിയമനിർമാണ സഭകളിലും സേവനരം

www.malankaralibrary.com

ഗങ്ങളിലും വിദ്യാഭ്യാസമേഖലയിലും മറ്റും ദുർബല സമൂഹങ്ങൾക്ക് സംവരണം ഏർപ്പെടുത്തി. സംവരണത്തിന്റെ ഫലമായി അനേക കുടുംബങ്ങൾ സാമ്പത്തികമായും സാമൂഹികമായും ഉയർച്ചയിൽ എത്തുമെന്നുള്ളത് നിഷേധിക്കാനാവാത്ത സത്യം തന്നെ. എന്നാൽ ഇത് അവരുടെ സമൂഹങ്ങളെ പൊതുവായി ഉയർച്ചയിലെത്തിച്ചോ? ഇല്ലെങ്കിൽ എന്താണ് കാരണം?

സംവരണം വഴി ജനപ്രതിനിധികളായവർ സ്വന്തം സമൂഹത്തെ സാമൂഹ്യമായി ശക്തിപ്പെടുത്തുന്നതിനുള്ള ചുമതല ഏറ്റെടുക്കാതെ അവർക്കുകിട്ടിയ അവസരത്തിൽ മാത്രം സംതൃപ്തിയടഞ്ഞ് ഭരണഘടനാ ശില്പികളുടെ സ്വപ്നത്തെ തകർത്തുകളഞ്ഞു. തങ്ങൾക്കു കിട്ടിയ അവസരങ്ങൾ ഒരു ഔദാര്യത്തിന്റെ ഫലമാണെന്നുള്ള മിഥ്യാധാരണയിലായിപ്പോയി മിക്കവരും; തങ്ങളുൾപ്പെടുന്ന സമൂഹത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ചുമതല ഉണ്ടെന്ന് അവർ തിരിച്ചറിഞ്ഞില്ല. അവരുടെ സ്വാധീനംവഴി അവരുടെ സമൂഹത്തിൽ പൊതുവായ മാറ്റം വരുത്തേണ്ടതിന് അവർ താല്പര്യം കാണിച്ചില്ല.

ദുർബലസമൂഹങ്ങളിൽപ്പെട്ട ചിലർക്ക് രാഷ്ട്രത്തിന്റെ ഉന്നതപദവികൾ ലഭ്യമായെങ്കിൽ അത് അവരുടേയോ അവരുടേതുപോലെയുള്ള സമൂഹങ്ങളുടെയോ ഉയർച്ചയ്ക്കുവേണ്ടിയുള്ള പ്രതിബദ്ധതമൂലമല്ല, പ്രത്യുത, അവസരം കൊടുത്തവരുടെ രാഷ്ട്രീയലാഭത്തിനുവേണ്ടിയായിരുന്നു. ഇതുമൂലം ഇവരിൽ ആർക്കുംതന്നെ സ്വന്തം സമൂഹത്തിന്റെപോലും പൊതുവായ ഉയർച്ചയ്ക്ക് ഒരു തരത്തിലും സംഭാവന ചെയ്യാൻ സാധിച്ചില്ലെന്നുള്ളത് ഒരു ദുഃഖസത്യമാണ്. കുറച്ചു വ്യക്തികൾക്ക് സ്ഥാനമാനം നൽകിയതുകൊണ്ട് അവരുടെ സമൂഹങ്ങളുടേതല്ല, എന്നാൽ, അതിനവർക്ക് അവസരം കൊടുത്തവരുടെ പ്രതിച്ഛായ മാത്രമാണ് ഉന്നം വച്ചിട്ടുള്ളത്.

സാമ്പത്തിക ഉന്നമനത്തിനായി പൊതുസേവന രംഗത്ത് അവസരം ഉറപ്പാക്കിയപ്പോൾ അതൊട്ടും ശാസ്ത്രീയമായിരുന്നിട്ടില്ലെന്നുള്ളത് സുപ്രീംകോടതിയുടെ പലവിധികളിൽനിന്നും വ്യക്തമായി. ഈ കുറവ് മറ്റു പലസമൂഹങ്ങളിലും അസംതൃപ്തിക്കു കാരണമായി.

പട്ടികജാതി– പട്ടികവർഗങ്ങളുടെ നേരെയുള്ള സാമൂഹിക തിന്മകളെ നിയമംമൂലം നേരിടുന്നതിനായി പട്ടികജാതി, പട്ടികവർഗ അതിക്രമം തടയൽ നിയമം നിലവിൽവരുന്നത് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടിയാണെങ്കിലും ദുർവിനിയോഗം ചെയ്യപ്പെടുന്ന നിയമങ്ങളിൽ ഏറ്റം മുന്നിൽ നിൽക്കുന്ന ഒന്നായി ഇത് നിയമലോകം കണക്കാക്കുന്നു, കേരളത്തിൽപോലും ഇത് നിയമനിർമാണസഭ വിചാരിക്കാത്ത വിപരീതഫലം ഉണ്ടാക്കുന്നുണ്ടെന്നുള്ളത് പരമാർഥമാണ്.

പട്ടികവർഗക്കാരുടെ വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിന്മേൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതും അന്യാധീനപ്പെടുത്തിയ വസ്തുക്കൾ തിരികെ



www.malankaralibrary.com

നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ള നിയമം കേരളത്തിൽ നിലവിലുണ്ട്. ഇവരെ ചൂഷണം ചെയ്യുന്നത് തടയുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണിത്. എന്നാൽ, ഈ നിയമത്തെ വളഞ്ഞ വഴിയിലൂടെ പരാജയപ്പെടുത്തുന്നതിന് മുന്നിൽ നിൽക്കുന്നത് രാഷ്ട്രീയനേതാക്കൾതന്നെയാണെന്ന് സമീപകാലചരിത്രം സാക്ഷ്യം വഹിക്കുന്നു.

പട്ടികവർഗക്കാരുടെ ഉന്നമനത്തിനായി നൽകുന്ന പണം വേണ്ടിടത്ത് എത്തുന്നില്ലെന്നുള്ളത് പകൽപോലെ തെളിഞ്ഞുനിൽക്കുന്നു. ഈ പണം എവിടെ പോകുന്നു? രാഷ്ട്രീയ പിന്തുണയുള്ള ഉദ്യോഗസ്ഥർ അഴിമതിയിലൂടെ ഇത് കൈവശപ്പെടുത്തുകയും മറ്റുള്ളവരെ കൈവശപ്പെടുത്താൻ അനുവദിക്കുകയും ചെയ്യുന്നു. അട്ടപ്പാടിയുടെ ക്ഷേമത്തിനായി എത്രയോ കോടികൾ സർക്കാർ ഒരു വർഷം ചെലവഴിക്കുന്നു. എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ?

ഒരുകാര്യം വ്യക്തമാണ്. നിയമങ്ങൾ ഉള്ളതുകൊണ്ടോ അവസരങ്ങൾ ചിലർക്ക് നൽകിയതുകൊണ്ടോ മാത്രം ദുർബലവിഭാഗം ഉയർച്ചയിലെത്തുകയില്ല. അവരുടെയിടയിൽനിന്ന് ഉയർച്ചയിലെത്തുന്നവർ അവരുടെ (സമൂഹത്തിന്) പൊതുവായ ഉയർച്ചയ്ക്ക് സംഭാവന ചെയ്യണം. നിയമങ്ങൾ കർക്കശമായി നടപ്പാക്കുന്നതിന് ഇച്ഛാശക്തിയുള്ള രാഷ്ട്രീയനേതൃത്വം ഉണ്ടാവണം. മനസ്സാക്ഷിയെ വിൽക്കാത്ത ഉദ്യോഗസ്ഥവൃന്ദം വരണം. ഇതിനനുകൂലമായ സാഹചര്യമില്ലെങ്കിൽ, സ്വാർഥലാഭം ലക്ഷ്യമല്ലാത്ത, അവശവിഭാഗത്തിന്റെ ഉന്നമനം മാത്രം മുന്നിൽ കണ്ട് പ്രവർത്തിക്കുന്ന സ്വതന്ത്രസംഘടനകൾ ഇതിനു തയ്യാറാവണം. ■

പേജ് 11–ൽ നിന്നും തുടർച്ച

## ഭരണഘടനാ ബാഹ്യശക്തികൾ

അമേരിക്കൻ ഐക്യനാടുകളിലെ കോൺഗ്രസ്സിലും സെനറ്റിലും ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ള മൈക്ക് ലോഫ്ഗ്രെൻ 2016– ൽ പ്രസിദ്ധീകരിച്ച "ഭരണഘടനാ ബാഹ്യശക്തികൾ: ഭരണഘടനയുടെ പതനവും നിഴൽ സർക്കാരിന്റെ ഉയർച്ചയും" (Deep State: The Fall of Constitution and the Rise of Shadow Government) എന്ന ഗ്രന്ഥം സമകാലിക പ്രശ്നങ്ങളെ ശാസ്ത്രീയമായി തിരിച്ചറിയാൻ സഹായിക്കുന്നതാണ്. 'ഡീപ് സ്റ്റേറ്റ്' അഥവാ ഭരണഘടനാ ബാഹ്യശക്തികൾ ഇന്ത്യയെ സംബന്ധിച്ച് വളരെ പ്രസക്തമാണെന്നു കാണാം. ഭരണഘടനയെക്കാൾ ബാഹ്യശക്തികളുടെ താത്പര്യം സംരക്ഷിക്കുന്ന 'ഡീപ് സ്റ്റേറ്റിന്റെ' ശക്തമായ സാന്നിധ്യം ഇന്ത്യയിൽ പ്രബലമാണ്. "സൈനിക മേധാവിത്വത്തിന്റെയും കോർപൊറേറ്റുകളുടെയും ഭരണഘടനാ ബാഹ്യശക്തികൾക്ക് പ്രവർത്തിക്കാനും രാഷ്ട്രീയമായി നിലനിൽക്കാനും വേണ്ടി അയുക്തികവും പൗരവിരുദ്ധവുമായ കാര്യങ്ങൾക്കു വളരാനുള്ള അവസരം ഉണ്ടാക്കി സാംസ്കാരിക ശക്തികൾ സഹായിക്കുന്നു. ഇവർ പ്രബുദ്ധതാ പൈതൃകത്തിന്റെ യുക്തിബോധത്തിനും മാനവരാശിയുടെ പൊതുവായ ഐക്യത്തിനും സമാധാനത്തിനും നേരെ വിപരീതമായതും ആത്മാഹൂതിക്ക് പ്രേരിപ്പിക്കുന്നതുമായ സൈനീക പാരമ്പര്യത്തെ മഹത്ത്വവല്ക്കരിക്കുന്നു' എന്നു മൈക്ക് എഴുതുന്നു.

ഭരണഘടനാ വിരുദ്ധവും കോർപൊറേറ്റ് അനുകൂലവുമായ ഒരു 'ഡീപ് സ്റ്റേറ്റ്' ഇന്ത്യയിൽ പ്രബലമാണ്. വർണാശ്രമ വ്യവസ്ഥിതിയുടെ മേധാവിത്തം ഊട്ടിയുറപ്പിച്ച് അസമത്വ സമൂഹത്തെ വീണ്ടും രൂപപ്പെടുത്താനുള്ള ശക്തികളാണ് 'ഡീപ് സ്റ്റേറ്റിനു' നേതൃത്വം നൽകുന്നത്. ഭരണഘടനയുടെ മൂല്യങ്ങളായ നീതിയും സ്വതന്ത്ര്യവും സമത്വവും സാഹോദര്യവും സംരക്ഷിച്ച്, സ്വാതന്ത്ര്യ സമരത്തിന്റെ ഹോമാഗ്നിയിൽ ജീവൻ അർപ്പിച്ച ലക്ഷങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനായി അരയും തലയും മുറുക്കി ഇറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്വതന്ത്ര ഇന്ത്യ എന്നത് ഇന്ത്യയിലെ എല്ലാ ജനങ്ങളും ഒരുമിച്ച് ചേർന്നു രൂപം നൽകിയതാണ്. എല്ലാ മനുഷ്യരുടെയും തുല്യതയും സാമൂഹിക നീതിയുമാണ് ഇന്ത്യയുടെ ഊടും പാവും. 1909–ൽ ഗാന്ധിജി രചിച്ച 'ഹിന്ദ് സ്വരാജി'ൽ സാമൂഹിക നീതി, മതസ്വാതന്ത്ര്യം, ന്യൂനപക്ഷ സംരക്ഷണം എന്നിവ സ്വതന്ത്ര ഇന്ത്യയുടെ മുഖമുദ്ര ആയിരിക്കുമെന്നു എഴുതുന്നുണ്ട്. ഇത് മൂന്നുംതന്നെയാണ് സ്വതന്ത്ര ഇന്ത്യയുടെ മുഖമുദ്ര. ഈ മൂല്യങ്ങൾ ഉറപ്പാക്കിയിരിക്കുന്ന ഭരണഘടനയെ ഭരണഘടനാ ബാഹ്യശക്തികളുടെ ഇടപെടലിൽ നിന്നും സംരക്ഷിച്ചെങ്കിൽ മാത്രമേ സ്വതന്ത്ര ഇന്ത്യ എല്ലാവർക്കും അമൃതാനുഭവമായി മാറുകയുള്ളൂ. ഭരണഘടനാ ധാർമികതയിൽ അടിയുറച്ച ഒരു ഇന്ത്യയെ രൂപപ്പെടുത്താൻ കൈകോർക്കുക എന്നതാണ് ഈ പ്ലാറ്റിനം ജൂബിലി എല്ലാവരെയും ഓർമിപ്പിക്കുന്നത്. ■

www.malankaralibrary.com



# ഇന്ത്യ എന്റെ (ആരുടെ?) രാജ്യം

**സ്വതന്ത്ര ഭാരതത്തിൽ ജാതി-വർഗസമത്വം ഇന്നനുഭവിക്കാനാവുന്നുണ്ടോ? പിന്നാക്കവിഭാഗങ്ങൾക്ക് ഭരണഘടന വാഗ്ദാനം ചെയ്യുന്ന സമത്വത്തിന്റെ അവകാശങ്ങൾ എത്രമാത്രം പ്രാപ്യമാകുന്നുണ്ട്? ഗോത്രവർഗത്തിൽനിന്നും ഒരു വനിത സ്വതന്ത്ര ഭാരതത്തിന്റെ പ്രഥമപൗരയായി ഉയർത്തപ്പെട്ടിരിക്കുമ്പോഴും ഒട്ടനവധി ഗോത്രവിഭാഗക്കാർ അവഗണിക്കപ്പെട്ട പൗരസമൂഹമായി ഇപ്പോഴും അവശേഷിക്കുമ്പോൾ ബാക്കിയാകുന്ന ചോദ്യങ്ങളെ വിശകലന വിധേയമാക്കുകയാണ്.**



സിജോ പൈനാടത്ത്
*സ്റ്റാഫ് റിപ്പോർട്ടർ, ദീപിക, കൊച്ചി*

പത്നിയെ പണയവസ്തുവാക്കി ചൂതാട്ടം!, അതേ ഭാര്യയുടെ പ്രതികാരം തീർക്കാൻ മഹാഭാരത യുദ്ധം...!! അഭിനവഭാരതം ഊറ്റം കൊള്ളുന്ന പുരാണപ്പെരുമയിൽ ഇതുകൂടിയുണ്ടായിരുന്നല്ലോ; അസമത്വത്തിന്റെയും അതിലൂടെ അതിക്രമത്തിന്റെയും ചിരപുരാതന കൊടിയടയാളങ്ങൾ...! സ്മാർത്തവിചാരം, ചാതുർവർണ്യം, സതി, മുലക്കരം, ജന്മി, കുടിയാൻ, മനുസ്മൃതി.... അനീതിയും അസമത്വവും ഇവിടെ ശീലങ്ങളായിരുന്നെന്നു വിളിച്ചു പറഞ്ഞ എത്രയോ നാമചിഹ്നങ്ങളാണു നമ്മുടെ പൗരാണിക ഭൂതകാലങ്ങളിൽ...!

ഭാരതസംസ്കൃതിയുടെ മഹിതാധ്യായങ്ങളിലെവിടെയും ആയാസരഹിതമായി കണ്ടെത്താനാവുന്ന അസമത്വഘോഷണങ്ങൾ, സ്വതന്ത്രഭാരതത്തിന്റെ ഏഴര പതിറ്റാണ്ടൊടുവിലെത്തുമ്പോഴും, പുതിയ വേഷപ്പകർച്ചകളോടെ തിമിർത്താടുന്നുവെന്നു നാം കാണുന്നു. അഴിമതി, സ്വജനപക്ഷപാതം, പിന്നാക്ക-ജാതീയ അവഗണന, പണാധിപത്യം, ധാർമികതയുടെ നിരാസം, കാര്യക്കാരാവുന്ന കൈയൂക്കുള്ളവർ... ഇവയെല്ലാം സ്വാതന്ത്ര്യപൂർവഭാരതത്തിലല്ല, സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ യാഥാർഥ്യങ്ങളാണ്. അതറിയുമ്പോഴും നമ്മൾ വാനിലേക്കുയരുന്ന മൂവർണ കൊടിയെ സാക്ഷിയാക്കി വ്യഥാപ്രയോഗം നടത്തും: സമത്വസുന്ദരഭാരതം!

'ഇന്ത്യ എന്റെ രാജ്യം' എന്നു നമ്മൾ ഇന്നലെയും നമ്മുടെ മക്കൾ ഇന്നും സ്കൂൾ അസംബ്ലികളിൽ അറ്റൻഷനായി നിന്നു പ്രതിജ്ഞയെടുക്കുന്നതിൽ മാത്രം, ഈ ഭാരതം എന്റേതും നമ്മുടേതും ആയാൽ മതിയോ? ഇന്ത്യ ഇന്ന് ആരുടെ രാജ്യം? എന്ന അന്വേഷണത്തിനു പ്രസക്തി കൂടിവരുന്നുണ്ടോ? ഇന്ത്യ എന്റെ രാജ്യം എന്ന പ്രതിജ്ഞയ്ക്കായി നീട്ടിയ കൈവെള്ളകൾ യാചനാരൂപത്തിലേക്കൊന്നു മടക്കി, ഈ രാജ്യത്തു ജീവിക്കാൻ ഉള്ളവനു നേരെ കനിവു തേടി കൈ നീട്ടുന്ന ഭിക്ഷാംദേഹികളുടെ ഇന്ത്യയെയും സൂക്ഷ്മനിരീക്ഷണത്തിൽ നാം ഇന്നും കണ്ടുമുട്ടും. ഇതും നടക്കുന്നതു 'ആസാദി കാ അമൃത് മഹോത്സവ്' കൊണ്ടാടുന്ന സമത്വ സുന്ദര ഭാരതത്തിലാണെന്നറിയുക.!

## കണക്കുകൾ കഥ പറയും

രാജ്യത്ത് ഇന്നു 130 കോടി ജനങ്ങൾ. കോവിഡനന്തരകാലത്തിന്റെ ക്ഷീണം മാറാത്ത ഇന്ത്യയിൽ

www.malankaralibrary.com



ഇക്കഴിഞ്ഞ ജൂലൈയിൽ തൊഴിൽരഹിതരായത് 1.30 കോടിയാളുകൾ.

ദാരിദ്ര്യത്തിന്റെ കാര്യത്തിൽ ഇന്ത്യ നാലു പതിറ്റാണ്ടുമുമ്പുള്ള സ്ഥിതിയിലാണെന്നു പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. രാജ്യത്തെ ദരിദ്രരുടെ എണ്ണം ആറു കോടിയിൽ നിന്ന് 13.4 കോടിയിലെത്തിയെന്നു യുഎസിലെ പ്യൂ റിസർച്ച് സെന്ററിന്റെ പഠനത്തിൽ പറയുന്നു. പ്രതിദിന വരുമാനം 150 രൂപയിൽ താഴെയുള്ളവരുടെ എണ്ണം ലക്ഷക്കണക്കിനാണ്.

2019-ൽ ഇന്ത്യയിൽ ജനസംഖ്യയുടെ 28 ശതമാനം പേർ (34.6 കോടി) ദരിദ്രരായിരുന്നെങ്കിൽ, ഇന്നത്തെ സ്ഥിതി അതിനേക്കാൾ രൂക്ഷമാണെന്നു ലോകബാങ്കിന്റെ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഇതേ ഘട്ടത്തിൽതന്നെ, അംബാനിയും അദാനിയുമെല്ലാം ഉൾപ്പെടുന്ന നമ്മുടെ രാജ്യത്തെ 100 പേരുടെ ആസ്തി പലമടങ്ങു വർധിച്ചുവെന്നതിന്റെയും കണക്കുകൾ നാം അറിയുന്നു. ഒപ്പം വിജയ്മല്യ, ലളിത് മോദി, നീരവ് മോദി, മെധുൽ ചോക്സി തുടങ്ങി ഭരണകൂട ദൃഷ്ടിയിൽ 'പാപ്പരായ പാവങ്ങളുടെ' 11 ദശലക്ഷം കോടി കടം സർക്കാർ എഴുതിത്തള്ളിയതും നാം കണ്ടു.

ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ, സ്വാതന്ത്ര്യപൂർവ ഘട്ടത്തിലുണ്ടായിരുന്ന, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം സ്വാതന്ത്ര്യാനന്തര ഭാരതത്തിലും കുറഞ്ഞിട്ടില്ലെന്നു കൂടി മനസ്സിലാക്കണം.

തന്റെ രാജ്യത്തെ ജനങ്ങൾ വസ്ത്രം ധരിക്കാനും പട്ടിണിയകറ്റാനും കഴിവില്ലാതെ വലയുന്നതിന്റെ യാഥാർഥ്യം മനസ്സിലാക്കി അതിന്റെ പേരിൽ മേൽവസ്ത്രം വേണ്ടെന്നു വച്ച രാഷ്ട്രപിതാവിന്റെ നാടാണിത്. ഗാന്ധിജി സ്വപ്നം കണ്ട സമത്വ സുന്ദരഭാരതത്തിലേക്കു വളർന്നില്ലെന്നു മനസ്സിലാക്കാൻ അന്താരാഷ്ട്ര ഉച്ചകോടികളിലേക്കൊന്നും പോകേണ്ടതില്ല; രാജ്യത്തെ ചേരികളിലേക്കൊന്നു പോയാൽ മതിയാകും.!

## അസമത്വം വഴി അനീതിയിലേക്ക്

'അസ്തിത്വാരംഭംമുതൽ എല്ലാ മാനവസ്വപ്നങ്ങൾക്കും ആലയമൊരുക്കിയ ഒരു നാട് ഭൂമിയിൽ ഉണ്ടെങ്കിൽ അത് ഇന്ത്യയാണ്.' ഫ്രഞ്ച് എഴുത്തുകാരനായ റൊമൈൻ റൊളാങ്ങിന്റേതാണ് ഈ വാക്കുകൾ. സമഭാവനയുടെയും സമത്വത്തിന്റെയും അടയാളപ്പെടുത്തലുകൾ ഘോഷിക്കപ്പെടുന്ന ഇന്ത്യ

www.malankaralibrary.com

യിൽ അതിന്റെ പിന്നാമ്പുറങ്ങളിലെ അനീതിയുടെ കറുത്ത പാടുകൾ മൂടിവയ്ക്കുവതെങ്ങനെ?

ഐക്യരാഷ്ട്രസഭയുടെ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം സമത്വത്തെക്കുറിച്ചു പറയുന്നതിങ്ങനെയാണ്– 'എല്ലാ മനുഷ്യരും സ്വതന്ത്രമായും അന്തസിലും അവകാശങ്ങളിലും തുല്യരായി ജനിക്കുന്നു'. വികേന്ദ്രീകൃത ഉല്പാദനവും പങ്കാളിത്ത ജനാധിപത്യവും മുറുകെപ്പിടിച്ച ഗാന്ധിജിയും സമാനമായ ആശയങ്ങൾ ഭരണഘടനയിലൂടെ സാർഥകമാക്കാൻ ശ്രമിച്ച ഡോ. അംബേദ്കറുമെല്ലാം ഭാരതത്തിന്റെ സാമൂഹ്യ ചരിത്രത്തിൽ വിളക്കുമരങ്ങളായി ജ്വലിക്കുന്നുണ്ട്.

ഗാന്ധിജിയ്ക്കും അംബേദ്കറിനും ശേഷം മാറിയ കാലം സമത്വത്തിനും നീതിയ്ക്കും പുതിയ നിർവചനങ്ങളും വ്യാഖ്യാനങ്ങളും നൽകിയതിനും സ്വതന്ത്രഭാരതം സാക്ഷി. സമ്പത്തിന്റെ വിതരണത്തിലുള്ള നീതി രാജ്യത്തിന്റെ പൊതുവായ നീതിയുമായി പൊരുത്തപ്പെടണമെന്നായിരുന്നു അംബേദ്കറുടെ ദർശനം. സാമ്പത്തികമായ അസമത്വം അനീതിയാണെന്ന് അദ്ദേഹം തീർത്തു പറഞ്ഞു.

## ആദിവാസിയെ തല്ലിക്കൊല്ലുന്നവർ!

വനം, വെള്ളം, ഭൂമി എന്നീ മൂന്നു കാര്യങ്ങളിലൂന്നി, ആദിവാസികളെ അവരുടെ തനതായ ആവാസ വ്യവസ്ഥയിൽ വളരാനും മാന്യമായി ജീവിക്കാനും അവസരമൊരുക്കണമെന്നതായിരുന്നു നെഹ്റുവിയൻ ചിന്ത. പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അവർ ഒരിക്കലും നിഷ്കാസിതരാവരുതെന്ന ചിന്ത തന്നെയായിരുന്നു നെഹ്റുവിന് ഉണ്ടായിരുന്നത്.

ഉത്തരേന്ത്യയിൽ ഉൾപ്പെടെ രാജ്യത്തെ ദളിത്, ആദിവാസി, പിന്നാക്ക ജനവിഭാഗങ്ങൾ ഇന്നും അംബേദ്കറുടെ ദർശനത്തിലുള്ള നീതിവിചാരങ്ങളിൽ നിന്ന് ഇനിയുമെത്രയോ അകലെയാണ്. പണമുള്ളവൻ എന്നും കൂടുതൽ പണമുള്ളവനാകുന്നതും പാവപ്പെട്ടവൻ എന്നും കൂടുതൽ പാവപ്പെട്ടവനും ദരിദ്രനുമായിക്കൊണ്ടിരിക്കുന്നുവെന്നതും ആധുനികഭാരതം ലോകത്തിനു മുന്നിൽ നിരത്തിവയ്ക്കുന്ന സൂക്ഷ്മമായ കാഴ്ചകളിലുണ്ട്. ജാതിയുടെയും വർഗത്തിന്റെയും വർണത്തിന്റെയും എന്തിനേറെ, അടുക്കളയിൽ പാകപ്പെടുത്തുന്ന ഭക്ഷണത്തിന്റെ പേരിൽപ്പോലും വെറുപ്പിന്റെ ജയ് വിളികൾ മുഴങ്ങുന്നതും പഴയ ഭാരതത്തിലല്ല; 75ലെത്തിയ ഭാരതത്തിൽത്തന്നെ! അധികാരത്തിന്റെ ആലകളിൽ പരുവപ്പെടുത്തുന്ന അത്തരം വോട്ടുരാഷ്ട്രീയ തിരക്കഥകളും ആവിഷ്കാരങ്ങളും കൃത്യമായി മൂടിവച്ച് സ്വച്ഛഭാരതും ആത്മനിർഭർ ഭാരതും വികസനപൊയ്മുഖങ്ങളുമെല്ലാം പിആർ വർക്കിന്റെ പൊലിമയിൽ ഉച്ചത്തിൽ പാടിഘോഷിക്കാനുള്ള വിദ്യ പഠിച്ചുവച്ചവരാണ് പുതിയകാല ഭരണവർഗം. ആനന്ദലബ്ധിക്കിനിയെന്തുവേണം...!!!

ഭരണകൂടത്തിന്റെ വികസന മുദ്രാവാക്യങ്ങളും മുതലാളിത്തത്തിന്റെ വ്യാപനത്തിലുള്ള കണ്ണടയ്ക്കലുമെല്ലാം ചേർന്ന്, ആദിവാസി, പിന്നാക്ക വിഭാഗങ്ങൾ തങ്ങളുടെ ഇടമുറപ്പിക്കാനുള്ള നെട്ടോട്ടത്തിലാണ്. ഭൂപരിഷ്കരണമെന്ന പേരിൽ സ്വതന്ത്രഭാരതം കൊട്ടിഘോഷിച്ച വിപ്ലവപദ്ധതിയുടെ യഥാർഥ ഗുണഭോക്താക്കളുടെ പട്ടികയിൽ ആദിവാസി ജനത ഇന്നും പിന്നിലാണ്.

ഭക്ഷണം മോഷ്ടിച്ചെന്ന പേരിൽ 'നാം' തല്ലിക്കൊന്ന അട്ടപ്പാടിയിലെ മധുവിന്റെ വിലാപം, ഈ രാജ്യം ആ ജനതയോടു ചെയ്തിട്ടുള്ള മുഴുവൻ അരുതുകളുടെയും അനീതികളുടെയും പേരിലുള്ള പ്രതികരണമാണ്. മധുവിന്റെ കേസിൽ ഓരോ ദിനവുമെന്നോണമെത്തുന്ന സാക്ഷികളുടെ കൂറുമാറ്റവിശേഷങ്ങൾ ആ അനീതിയുടെ സ്വാഭാവികമായ തുടർച്ച മാത്രം!

## കർഷകരുടെ കണ്ണീർ

2018 മുതലുള്ള മൂന്നു വർഷവും ശരാശരി 5000 കർഷകർ ഇന്ത്യയിലുടനീളം ആത്മഹത്യ ചെയ്തു. അടുത്തിടെ രാജ്യസഭയിൽ ഉന്നയിക്കപ്പെട്ട സബ്മിഷനു മറുപടിയായി കൃഷി മന്ത്രാലയംതന്നെയാണ് ഇക്കാര്യം ഔദ്യോഗികമായി വ്യക്തമാക്കിയത്. മഹാരാഷ്ട്രയിലെ മറാത്ത്‌വാഡ മേഖലയിൽ മാത്രം കഴിഞ്ഞ വർഷം 805 കർഷക ആത്മഹത്യകൾ ഉണ്ടായി.

കൃഷി സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ ഇന്ത്യയിൽ, കർഷകർക്കെന്നും കണ്ണീരാണ്. സ്വാതന്ത്ര്യ സമരത്തിന്റെ ഓർമകൾ ഉണർത്തി ഡൽഹിയിൽ മാസങ്ങൾനീണ്ട കർഷകസമരത്തിലുയർന്നതും ആ കണ്ണീരേറെ കുടിച്ചവരുടെ നിലവിളികളും പ്രതിരോധങ്ങളുമായിരുന്നല്ലോ.

വർധിച്ച ഉല്പാദനച്ചെലവ്, വിളവു നഷ്ടം, ഉല്പന്നങ്ങൾക്കു മതിയായ വില ലഭിക്കാത്ത സ്ഥിതി, ഇടനിലക്കാരുടെ ചൂഷണം, ഉദാരമായ ഇറക്കുമതി എന്നിവയെല്ലാം ഇന്ത്യൻ കർഷകരുടെ നടുവൊടിക്കുന്നതാണ്. പിടിച്ചുനിൽക്കാനാവാത്തവർ ഗത്യന്തരമില്ലാതെ ആത്മഹത്യയിൽ അഭയം തേടുന്നു. കർഷക ആത്മഹത്യ വലിയ വാർത്തയല്ലാതായിരിക്കുന്നു ഇന്നു ഭാരതത്തിൽ.

www.malankaralibrary.com

മഹാരാഷ്ട്രയിലെ വിദർഭ മേഖലയിൽ ജനസംഖ്യയുടെ 65 ശതമാനം പേരും കൃഷിയെയും അനുബന്ധ പ്രവർത്തനങ്ങളെയും മാത്രം ആശ്രയിച്ചാണ് ജീവിക്കുന്നത്. അവിടെനിന്നും നൂറുകണക്കിന് ആത്മഹത്യകളുടെ വാർത്ത നാം ഞെട്ടലോടെയാണു കേട്ടത്. കൃഷി മന്ത്രാലയം പുറത്തുവിട്ട കർഷക ആത്മഹത്യകളുടെ വിശദമായ കണക്കുകൾ കൂടി അറിയണം.

2019-ൽ ഇന്ത്യയിലുടനീളം 5,945 കർഷകർ ആത്മഹത്യ ചെയ്തു. അതിൽ 2,680 പേർ മഹാരാഷ്ട്രയിൽ നിന്നും 1,331 പേർ കർണാടകയിൽ നിന്നുമാണ്. 2020-ൽ ആന്ധ്രാപ്രദേശിൽ 546 ആത്മഹത്യകൾ ഉണ്ടായപ്പോൾ തെലുങ്കാനയിൽ -466, പഞ്ചാബ് -174, ഛത്തീസ്ഗഢിൽ -227 എന്നിങ്ങനെയാണ് കർഷക ആത്മഹത്യകൾ.

2020-ൽ 5,570 കർഷകർ ആത്മഹത്യ ചെയ്തു. ഇതിൽ 2,567 പേർ മഹാരാഷ്ട്രയിൽ നിന്നുള്ളവരാണ്. രണ്ടാം സ്ഥാനത്തുള്ള കർണാടകയിൽ 1072 പേരാണ് ആത്മഹത്യ ചെയ്തത്.

1940 കളിലെ ഗ്രോ മോർ ഗ്രോ ഫുഡ്, 1950-ലെ സമഗ്രഭക്ഷ്യ നാണ്യവിള ഉല്പാദന പദ്ധതി, 1968-ൽ തുടക്കമിട്ട ഹരിതവിപ്ലവം, 1995-ലെ എവർഗ്രീൻ വിപ്ലവം, ധവളവിപ്ലവം എന്നിവയെല്ലാം ഇന്ത്യൻ കാർഷിക രംഗത്തിനു കരുത്തു പകർന്നുവെന്നു പറയാതെ വയ്യ. എന്നാൽ തൊണ്ണൂറുകൾക്കുശേഷം കാർഷിക രംഗത്തേക്കും വ്യാപിച്ച ഉദാരവത്കരണ, ആഗോളീകരണ നയങ്ങൾ അക്ഷരാർഥത്തിൽ കർഷകർക്കു കണ്ണീരായെന്നുവേണം മനസ്സിലാക്കാൻ. സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ കാർഷികമേഖലയ്ക്കു സമ്മാനിച്ചവയിൽ അസമത്വത്തിന്റെയും അനീതിയുടെയും കഥകളാണു ഉച്ചത്തിൽ മുഴങ്ങിക്കേൾക്കുന്നത്.

## സ്വപ്നങ്ങളിൽ നിന്നിറങ്ങിപ്പോയ ഇന്ത്യ

അടുത്ത നാളുകളിൽ മൂവാറ്റുപുഴ എംഎൽഎ മാത്യു കുഴൽനാടൻ നിയമസഭയിൽ ധനകാര്യ മന്ത്രിയോട് ഉന്നയിച്ച ഒരു ചോദ്യത്തിന്റെ ഉള്ളടക്കം, ഇന്ത്യയിൽ പൊതുവേയും കേരളത്തിൽ സവിശേഷമായും യുവതയുടെ ജീവിതസ്വപ്നങ്ങൾക്കു നിറം പകരാനുള്ള അന്തരീക്ഷമില്ലെന്നതാണ്.

എഞ്ചിനിയറിംഗ് പഠിച്ചിറങ്ങുന്ന ചെറുപ്പക്കാർക്ക് ശരാശരി 10000-14000 രൂപയാണ് പ്രതിമാസ വരുമാനം. ഇവിടെ കൂലിപ്പണിക്കു വരുന്ന അതിഥിതൊഴിലാളിക്ക് അതിലധികം ലഭിക്കുമ്പോഴാണ് ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ളവർക്കു ജീവിക്കാൻ പര്യാപ്തമായ തൊഴിൽസാഹചര്യങ്ങൾ ഇല്ലാത്തത്.

ഗുണമേന്മയുള്ള അക്കാദമിക്, തൊഴിൽ സാഹചര്യങ്ങൾ രൂപപ്പെടുത്താനായില്ലെങ്കിൽ, നമ്മുടെ ചെറുപ്പക്കാർ മുഴുവൻ വിദേശത്തേക്കു ചേക്കേറും. പ്ലസ്ടു പഠിക്കുന്ന വിദ്യാർഥികളിലെ ഭൂരിഭാഗത്തിനും വിദേശത്തു പഠിക്കാനും അവിടെ ജീവിക്കാനുമാണ് ഇഷ്ടമെന്നറിയുമ്പോൾ, നമ്മുടെ രാജ്യം ഇവിടെ ഒരുക്കാൻ വിട്ടുപോയതും നമുക്കിനിയും ആവാത്തതും എന്താണെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

എട്ടു ലക്ഷം മുതൽ 45 ലക്ഷം രൂപവരെ ബാങ്ക് വായ്പയെടുത്ത് വിദേശത്തേക്കു പോകുന്നവർ തുടർജീവിതം അവിടെ ക്രമപ്പെടുത്താൻ ഇഷ്ടപ്പെടുന്നുവെന്നതും ഗൗരവമായ ചിന്തയ്ക്കു വിഷയമാക്കണം. കേരളവും ഇന്ത്യയും പുതിയ തലമുറയുടെ സ്വപ്നങ്ങൾക്കൊപ്പം കുതിക്കാനാകാതെ കിതയ്ക്കുന്നുണ്ടോ എന്ന ചോദ്യത്തിനും 75 വർഷം പൂർത്തിയായ സ്വതന്ത്രഭാരതം ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

## പിൻകുറിപ്പ്

ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ അസഹിഷ്ണുതയോടെ അകറ്റിനിർത്തുന്ന അധികാരികളിൽ നിന്ന് ഉത്തരങ്ങൾ എന്നുമേറെ അകലെയായിരിക്കും. ഇനി ചോദ്യങ്ങൾക്ക് ഉത്തരം നിർബന്ധമെങ്കിലോ? അവർക്ക് ഒന്നേ പറയാനുള്ളൂ: 'നാ, താൻ കേസ് കൊട്.' ■

## റീച്ച് -യുഎസ് എയ്ഡ് മീഡിയ ഫെലോഷിപ്പ് സിജോ പൈനാടത്തിന്

ദേശീയതലത്തിലുള്ള റീച്ച്-യുഎസ് എയ്ഡ് മീഡിയ ഫെലോഷിപ്പിന് അർഹനായ സിജോ പൈനാടത്തിന് കാരുണികന്റെ അനുമോദനങ്ങൾ. 'ക്ഷയരോഗ നിർമാർജനത്തിലെ വെല്ലുവിളികൾ കോവിഡനന്തര കേരളത്തിൽ' എന്ന വിഷയത്തെ അധികരിച്ചുള്ള പഠനങ്ങൾക്കാണു ഫെലോഷിപ്പ്. 25000 രൂപയും പ്രശസ്തിപത്രവും ന്യൂഡൽഹിയിലെ പ്രശസ്ത മാധ്യമ സ്ഥാപനത്തിൽനിന്നും പത്രപ്രവർത്തനത്തിലെ ഉന്നതപരിശീലനവുമാണ് ഫെലോഷിപ്പിൽ ലഭിക്കുക.

www.malankaralibrary.com

# ആധുനിക ഭാരത സംസ്കാരത്തിൽ മിശിഹാദർശനം

സാംസ്കാരിക പൈതൃകത്തിന് പുകൾപെറ്റതെന്ന് അഭിമാനിക്കുമ്പോഴും ഉച്ചനീചത്വങ്ങളും അസമത്വങ്ങളും കൊടികുത്തിവാണിരുന്ന ഭാരതത്തിൽ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ക്രിസ്തുദർശനം ചെലുത്തിയ സ്വാധീനവും മാറ്റങ്ങളും വലുതാണ്. സമത്വമെന്ന ആശയം ബൈബിളിലും ക്രിസ്തുവിന്റെ ജീവിതത്തിലും സഭയുടെ പ്രവർത്തനങ്ങളിലും എങ്ങനെയൊക്കെ പ്രകാശിതമായിരിക്കുന്നുവെന്ന് പരിശോധിക്കുകയാണ് ഈ ലേഖനം.




ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
*ബൈബിൾ അധ്യാപകൻ,*
*പൗരസ്ത്യ വിദ്യാപീഠം,*
*വടവാതൂർ.*

ഭാരതീയരായിരിക്കുന്നതിൽ അഭിമാനിക്കുന്നവരും എന്നും ഭാരതീയരായിരിക്കാൻ ആഗ്രഹിക്കുന്നവരുമാണ് നാം ഒരോരുത്തരും. കാരണം, ലോകത്തിലെ ഏറ്റവും പഴയസംസ്കാരങ്ങളിൽ ഒന്നിന്റെ ഭാഗമാണ് നാം എന്നതുതന്നെ. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും ലിംഗത്തിന്റെയും സംസ്കാരങ്ങളുടെയും ദേശത്തിന്റെയും വേർതിരിവുകളെ സമന്വയിപ്പിച്ച് 'നാനാത്വത്തിൽ ഏകത്വം' എന്ന സുവർണവേദത്തിൽ ഊന്നിനില്ക്കുന്ന ഈ സംസ്കാരം സഹസ്രാബ്ദങ്ങളിലൂടെ രൂപപ്പെട്ട് വളർച്ചനേടിയതും നേടിക്കൊണ്ടിരിക്കുന്നതുമാണ്.നൂറ്റാണ്ടുകളുടെ വൈദേശിക ആധിപത്യത്തിനു വിധേയപ്പെട്ട് അതിന്റെ കോട്ടങ്ങളും നേട്ടങ്ങളും അനുഭവിച്ചവളുമാണ് ഭാരതാംബ. നവസ്വാതന്ത്ര്യത്തിന്റെ, സ്വതന്ത്രരാഷ്ട്രമായതിന്റെ 75-ാം വാർഷികം ആചരിച്ചയവസരത്തിലാണ് നാം ഇന്ന് ആയിരിക്കുന്നത്. പലവിധനേട്ടങ്ങളിൽ അഭിമാനിക്കുന്ന ഭാരതത്തിൽ കടന്നുകൂടിയ ഒരു ഇത്തിൾസംസ്കാരമാണ് ചാതുർവർണ്യവും അതിന്റെ ഫലമായി വളർന്ന ഉച്ചനീചത്വങ്ങളും. ആര്യവർഗത്തിന്റെ ആഗമനത്തോടെ ആവിർഭവിച്ച മേല്ക്കോയ്മാ സംസ്കാരത്തിന്റെ ഒരു പരിണിതഫലമാണ് ഈ ചാതുർവർണ്യവും അതിന്റെ പ്രതിഫലനങ്ങളും.

വെളുത്തവനെ ദേവനെന്നും കറുത്തവനെ അസുരനെന്നും വിളിച്ച് മാനവികതയ്ക്ക് വിരുദ്ധമായ സാംസ്കാരിക ഇത്തിളുകളെ വളർത്തി ആര്യന്മാർ ദൈവികരും ദ്രാവിഡന്മാർ അസുരന്മാരുമായി വേർതിരിച്ച സാമൂഹിക അസമത്വത്തിന്റെ വിഴുപ്പ് ചുമന്നുകൊണ്ട് നടക്കുന്നവർ ആധുനിക ഭാരതത്തിലുമുണ്ട് എന്നത് എറെ വേദനാജനകമാണ്. കീഴ്ജാതി എന്ന് വിളിക്കപ്പെട്ടിരുന്ന സമൂഹത്തിൽനിന്ന് രാജ്യത്തിന്റെ പ്രഥമ പൗരനും പൗരയും തിരഞ്ഞെടുക്കപ്പെടുവാൻ തക്കവിധം രാജ്യം വളർന്നിട്ടുണ്ട് എങ്കിലും ജനഹൃദയങ്ങളിൽനിന്ന് ഉച്ചനീചത്വ സങ്കല്പങ്ങൾ തുടച്ചുനീക്കപ്പെട്ടിട്ടില്ല എന്നത് ഒരു ദുഃഖയാഥാർഥ്യമായി നില്ക്കുന്നു. ഇതിന് ഏറ്റവും ഒടുവിൽ ഉണ്ടായ ദാരുണവും ഹീനവുമായ ഉദാഹരണമാണ് സ്കൂളിലെ മൺകൂജയിൽനിന്നും ദാഹജലം കുടിച്ചു എന്നതിന്റെ പേരിൽ മേൽജാതിക്കാരനായ അധ്യാപകൻ കീഴ്ജാതിക്കാരനായ വിദ്യാർഥിയെ മർദിച്ചുകൊന്ന സംഭവം. സമൂഹത്തിലെ അജ്ഞതയെ നീക്കേണ്ട, സമൂഹത്തിന് ദിശാബോധം നല്കേണ്ട വളരെ മൂല്യവും ആദരവുമുള്ള ശുശ്രൂഷയായ അധ്യാപനം നടത്തുന്ന ഒരാളിൽനിന്ന് ഇതുവന്നു എന്നത് അതിന്റെ ഗൗരവം വർധിപ്പിക്കുന്നു. ആ അധ്യാപകനെതിരെ സാക്ഷ്യംപറയാൻപോലും പട്ടികജാതിക്കാരായ

www.malankaralibrary.com



കുട്ടികൾ ഭയക്കുന്നു. പൊലീസും ഭരണപക്ഷവും നിസാരമായി ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നു. ഇന്നും ഭാരതത്തിന്റെ പലഭാഗങ്ങളിലും തൊട്ടുകൂടായ്മയും തീണ്ടലും തൊടീലും ഗൗരവമായി നിലനില്ക്കുന്നതും, സമ്പന്നനും ദരിദ്രനും തമ്മിൽ താരതമ്യത്തിനതീതമായുള്ള വ്യത്യാസവും, രാഷ്ടീയ പ്രേരിതമായും മറ്റും മതത്തിന്റെ പേരിൽ വളർത്തുന്ന വിദ്വേഷവും സ്വജനപക്ഷപാതവുമെല്ലാം ആധുനിക ഭാരതത്തിലും ഉച്ചനീചത്വങ്ങളുടെ നേർരേഖയായി തുടരുന്നു. ആധുനികവത്കരണത്തിന്റെയും പുരോഗതിയുടെയും പേരിൽ അടിസ്ഥാനവർഗത്തിൽപ്പെട്ട ജനതയെ വഴിയാധാരമാക്കിക്കൊണ്ട് അവരുടെ സ്വരത്തിന് ചെവികൊടുക്കാതെ ഏകപക്ഷീയമായ തീരുമാനമെടുക്കുന്ന ഭരണകൂട ഭീകരത അനുഭവിക്കേണ്ടിവരുന്ന വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളും, വൻകിടവ്യവസായങ്ങൾക്കുമുമ്പിൽ പൊറുതിമുട്ടി നാടും വീടുംവിട്ട് ഭരണകൂടനീതിക്കായി മാസങ്ങളോളം ഡൽഹിയിൽ മഞ്ഞും മഴയും വെയിലും കൊണ്ട് സമരം ചെയ്യേണ്ടിവന്ന സാധാരണ കർഷകരും ഈ അസമത്വവും അടിച്ചമർത്തലും തന്നെയാണ് നേരിടുന്നത്. ഇവിടെയാണ് മിശിഹാദർശനത്തിന്റെ പ്രസക്തി നമ്മുടെ സമൂഹത്തിൽ നാം കാണേണ്ടിയിരിക്കുന്നത്.

## അടിച്ചമർത്തലിനും ഉച്ചനീചത്വത്തിനും എതിർദർശനം നല്കുന്ന മിശിഹാ

ഇസ്രായേലിന്റെ ദൈവം അടിച്ചമർത്തപ്പെട്ടവർക്ക് മോചനം നല്കുന്നവനാണ്. അടിച്ചമർത്തപ്പെട്ട ജനത്തിന്റെ രോദനവും നിലവിളിയും കേട്ട് ഇറങ്ങിവരുന്ന ദൈവത്തിന്റെ മുഖമാണ് (പുറ 3:7) ഇസ്രായേൽ ജനതയുടെ ജീവിതത്തിന്റെ കേന്ദ്രസംഭവമായ പുറപ്പാടനുഭവത്തിൽ നാം കാണുന്നത്. അവരെ വിമോചിപ്പിക്കുകയും കൂടെയായിരിക്കുകയും ചെയ്യുന്ന ഒരു വിമോചകനും പരിപാലകനുമാണ് ദൈവം എന്ന് പുറപ്പാടനുഭവം പഠിപ്പിക്കുന്നു. അനാഥരോടും, വിധവകളോടും, പരദേശികളോടും, ദരിദ്രരോടും, അടിമകളോടും പ്രത്യേകം കരുണകാണിക്കണമെന്നതും ഇസ്രായേലിന്റെ നിയമസംഹിതയിൽ ഉണ്ടായിരുന്നു (നിയ 15). പഴയനിയമത്തിന്റെ പൂർത്തീകരണമായ മിശിഹായുടെ ദൗത്യമായി വിശുദ്ധവചനം പറയുന്നത് "ദരിദ്രർക്ക് സദ്വാർത്തയും ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നല്കുക" (ലൂക്കാ 4:16) എന്നതാണ്. വരാനിരിക്കുന്ന മിശിഹായുടെ പ്രവൃത്തിയായി പഴയനിയമകാലത്ത് ഏശയ്യ പ്രവാചകൻ പ്രഘോഷിച്ചകാര്യം തന്നെയാണ് ഇത് (ഏശ 61:1-2).

ആത്യന്തികമായി മിശിഹായുടെ ലക്ഷ്യം ആത്മീയ അടിമത്തത്തിൽനിന്നുള്ള മോചനവും സ്വർഗരാജ്യവുമാണ് എങ്കിലും അത് യാഥാർഥ്യമാകുന്നത് മനുഷ്യന്റെ അനുദിന ജീവിത സാഹചര്യത്തിലൂടെയായതുകൊണ്ട് ഭൗമികസ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമായിരുന്നു അവിടുത്തെ പഠിപ്പിക്കലുകളുടെ മാർഗ്ഗരേഖ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ പറ്റുകയില്ല(1യോഹ 4:20). സ്വർഗരാജ്യപ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യതയായി മിശിഹാ പഠിപ്പിക്കുന്നതും ഇതുതന്നെയാണ് (മത്താ 25: 31-46). ദരിദ്രരോടും ബലഹീനരോടും സമഭാവനയുള്ളവനായാണ് മിശിഹാ ജനിച്ചതും വളർന്നതും പ്രവർത്തിച്ചതും. ജനനം ദാരിദ്ര്യാവസ്ഥയിലാണ് (ലൂക്ക 2,7-13) ദരിദ്രർ നല്കുന്ന കാഴ്ചയർപ്പണമാണ് മിശിഹായെ ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ അവന്റെ മാതാപിതാക്കൾ നല്കുന്നത്(ലൂക്ക 2:22-24). ഈശോയുടെ ശുശ്രൂഷയും ദാരിദ്ര്യത്തിന്റെ അകമ്പടിയോടെയായിരുന്നു (മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല- ലൂക്കാ 9:58). ഈ ശൈലിയിലേക്കാണ് ശി

www.malankaralibrary.com

ഷ്യത്വത്തെ അവിടന്ന് വിളിക്കുന്നത് (ലൂക്കാ 9:3-4; മർക്കോ 6:8-10). സദ്യനടത്തുമ്പോൾ ദരിദ്രരേയും ബലഹീനരെയും വിളിക്കണം (ലൂക്കാ 14:13) എന്ന് അവിടുന്ന് പഠിപ്പിച്ചു. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് അവിടന്ന് അറിയപ്പെട്ടു (മത്തായി 11:19). അക്കാലത്ത് അകറ്റിനിറുത്തപ്പെട്ടവരായിരുന്നു ചുങ്കക്കാരും പാപികളും. അവരുടെ പ്രവർത്തികളെ അവിടുന്ന് നിരസിക്കുകയും അവരെ സ്വീകരിക്കുകയും ചെയ്തിരുന്നു.

ഈശോയുടെ കാലത്ത് പലവിധത്തിലുള്ള സാമൂഹിക അസമത്വങ്ങൾ നിലനിന്നിരുന്നു. അവയ്ക്കെല്ലാം മാറ്റം വരുത്തുന്ന വിധത്തിൽ പ്രവർത്തിക്കുന്ന ഈശോയെ ആണ് സുവിശേഷങ്ങളിൽ കാണുന്നത്. ജാതീയമായ് താഴ്ന്നവരായി അന്ന് സമൂഹം കരുതിയിരുന്ന സമരിയാക്കാരെയും വിജാതിയരെയും ചേർത്തുനിർത്തുന്നതും അവരെ മാതൃകകളായി പ്രകീർത്തിക്കുന്നതും കാണാം (യോഹ 4,1-42; ലൂക്ക 10, 25,37; 17,11-19; മത്താ 8,10; 15,28). അധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും തന്റെ പക്കലേക്ക് ക്ഷണിക്കുന്ന അവിടുന്ന് ഭരണകൂടഭീകരതക്കെതിരെ താക്കീത് നല്കുന്നുണ്ട് (മത്താ 11,28; 23,4). നിയമത്തെ ആദരിക്കണമെന്നും എന്നാൽ നിയമത്തിന് വിപരീതമായ് പ്രവർത്തിക്കുന്ന ഭരണകൂട ഭീകരതയെ അനുകരിക്കരുതെന്നും അവിടന്ന് പറയുന്നു (മത്താ 22:17-21; 23:2-3). പലവിധരോഗങ്ങൾമൂലം ഭ്രഷ്ട് കല്പിച്ച് അകറ്റിനിർത്തിയിരുന്നവരെ ചെന്നുകണ്ട് അവർക്ക് സൗഖ്യം നല്കുന്ന ഈശോ സുവിശേഷത്തിലുണ്ട് (മത്താ 17:11-19). അവിടത്തെ പക്കൽ സൗഖ്യം തേടി എത്തിയിരുന്ന എല്ലാവരെയും അവിടന്ന് സുഖപ്പെടുത്തിയിരുന്നു. ആരെയും വെറുംകൈയോടെ പറഞ്ഞയച്ചിരുന്നില്ല.

## മിശിഹായുടെ ദൗത്യം പേറുന്ന സഭ

മിശിഹായുടെ മൗതിക ശരീരമായ സഭയുടെ ദൗത്യവും ഇതുതന്നെയാണ്. ഓരോ വിശ്വാസിയുടെയും കടമയും മിശിഹായ്ക്ക് സാക്ഷ്യം നല്കുക എന്നതാണ്. എങ്കിലും ആ കടമ കൂടുതൽ ഗൗരവത്തോടെ നിർവഹിക്കേണ്ടത് സഭയിൽ നേതൃസ്ഥാനത്തുള്ളവർ തന്നെയാണ്. സഭയുടെ വിവിധങ്ങളായ ശുശ്രൂഷകളിലൂടെയാണ് ഇത് നിർവഹിക്കപ്പെടുന്നത്. 'ദരിദ്രരുടെ പക്ഷംചേരുക' എന്നതും പലവിധത്തിൽ ചൂഷിതരുടെയും ബലഹീനരുടെയുംകൂടെ നിന്ന് സാമൂഹിക നീതിക്കുവേണ്ടിപോരാടുക എന്നതും സഭയുടെ ഒരു പ്രധാന ദൗത്യമാണ്. 20-ാം നൂറ്റാണ്ടിൽ സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ മുഖ്യദർശനം ദരിദ്രരോടുള്ള പരിഗണനയായിരുന്നു. 'ചെന്തെസിമൂസ് ആന്നൂസ്' എന്ന ചാക്രികലേഖനത്തിലൂടെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ ആത്മീകവും ഭൗതികവുമായി ദരിദ്രരായവരുടെ പക്ഷം ചേരുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ബനഡിക്റ്റ് പതിനാറാമൻ പാപ്പാ എല്ലാവിധത്തിലും അവഗണിക്കപ്പെടുന്നവരുടെ നീതിക്കായി സഭ ശബ്ദിക്കണമെന്ന് പഠിപ്പിച്ചു. അതിർവരമ്പുകളിലേക്ക് പാർശ്വവത്കരിക്കപ്പെട്ടവരിലേക്ക് സുവിശേഷമായി ഇറങ്ങണമെന്ന് പ്രബോധിപ്പിക്കുകയും അതിന് ഇറങ്ങിതിരിക്കുകയും ചെയ്യുന്ന ഫ്രാൻസിസ് പാപ്പ എപ്പോഴും സാമൂഹിക നീതിക്കുവേണ്ടി പടപൊരുതുന്ന ആളാണ്. അതിരുകളില്ലാതെയും പരിധികളില്ലാതെയും സ്നേഹിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ ദൗത്യം. കൂടുതൽ സഹകരണത്തിന്റെയും നീതിയുടെയുമായ ഒരു ലോകക്രമം ഉണ്ടാകണം എന്ന് പാപ്പ ആഗ്രഹിക്കുന്നു. ഉക്രെയിൻ യുദ്ധത്തിലുൾപ്പെടെ അടിച്ചമർത്തപ്പെട്ടവരുടെ സ്വരമായിമാറുന്ന ഫ്രാൻസിസ് പാപ്പയെയാണ് ലോകം ദർശിക്കുന്നത്.

ഓരോ പ്രാദേശിക സഭയുടെയും സാമൂഹിക ബോധത്തിന്റെ പ്രഥമതലം സാമൂഹികനീതിക്കുവേണ്ടി പോരാടുകയും ഉച്ചനീചത്വങ്ങൾ തച്ചുടക്കുകയും സാഹോദര്യം വർധിപ്പിക്കുകയുമായിരിക്കണം. ജാതീയ വ്യവസ്ഥിതിയുടെ പേരിൽ പ്രാഥമികവിദ്യാഭാസംപോലും നിഷേധിക്കപ്പെടുകയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെടുകയും ചെയ്തിരുന്നവരെ ചേർത്തു നിർത്തുകയും ജാതി - മത വ്യത്യാസമില്ലാതെ എല്ലാ കുഞ്ഞുങ്ങൾക്കും ഒരുമിച്ചിരുന്ന് പഠിക്കാവുന്ന വിധത്തിൽ പള്ളികളോടു ചേർത്ത് പള്ളിക്കൂടം പണിയുകയും ചെയ്ത് സാമൂഹിക നവോത്ഥാനത്തിന് പാതയൊരുക്കിയ ചരിത്രമുള്ളതാണ് കേരള ക്രൈസ്തവ സഭ. പലവിധത്തിലുള്ള ഉച്ചനീചത്വങ്ങളും സാമൂഹിക അസമത്വങ്ങളും ഇന്നും നമ്മുടെ സമൂഹത്തിൽ നിലനില്ക്കുമ്പോൾ അവയ്ക്കെതിരെ സന്ധിയില്ലാസമരം ചെയ്യാൻ സാധിക്കത്തക്കവിധം ആധികാരികതയുള്ളതായി സഭ ഉയരണം, ഉണരണം.

വ്യത്യസ്ഥങ്ങളായ മത, ജാതീയ, സാംസ്കാരിക, രാഷ്ട്രീയ പശ്ചാത്തലമുള്ള ജനങ്ങളെ ഒന്നിപ്പിക്കുന്ന ചാലകശക്തിയായി സഭ മാറണം. ദൈവസ്നേഹത്തിന്റെ ജീവിക്കുന്ന കൂദാശയായി അത് രൂപപ്പെടണം. ■

www.malankaralibrary.com

# എല്ലാവരെയും ഉൾക്കൊള്ളുക എല്ലാവർക്കും ഇടംകൊടുക്കുക

ചരിത്രം തിരുത്തപ്പെടുന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കാരുണികൻ, പ്രശസ്ത ചരിത്രകാരനും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല ചരിത്രവിഭാഗം പ്രൊഫസറുമായ റവ. ഡോ. പയസ് മലേക്കണ്ടത്തിലുമായി നടത്തിയ സംഭാഷണം; കഴിഞ്ഞ ലക്കം തുടർച്ച.



**റവ. ഡോ. പയസ് മലേക്കണ്ടത്തിൽ**
*വികാരി ജനറൽ, കോതമംഗലം രൂപത*

**? ഇന്ത്യയിലേക്ക് സഞ്ചാരികളെ ആകർഷിച്ചതിൽ മലബാർതീരങ്ങൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കുമുള്ള പങ്ക്?**

ഇന്ത്യയിൽ കുരുമുളക് മലബാർ പ്രദേശത്തു മാത്രമേ ഉണ്ടായിരുന്നുള്ളു. ലോകത്തിലാകമാനം കുരുമുളക് വിളയുന്ന സ്ഥലം മലബാർ പ്രദേശമാണ്. മലബാർ എന്ന് പറഞ്ഞാൽ കേരളം. ഇപ്പോൾ കേരളം എന്ന് പറയുന്ന സ്ഥലത്തിനു പ്രാചീന രേഖകളിൽ എല്ലാം മലബാർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കേരളത്തിൽ നിന്നാണ് കർണാടകയിലേക്കു കുരുമുളക് കൃഷി വ്യാപിക്കുന്നത്. പിന്നീട് വിയറ്റ്നാമിലേക്കും ജാവ ദ്വീപിലേക്കും കുരുമുളക് കൃഷി വ്യാപിക്കുന്നുണ്ട്. ബ്രസീലിൽ കുരുമുളക് കൃഷി വ്യാപിക്കുന്നത് 17-ാം നൂറ്റാണ്ടിന്റെ അവസാനമാണ്. അപ്പോൾ കുരുമുളകിന്റെ ഈറ്റില്ലം ഇവിടെയാണെന്ന് സ്പഷ്ടം. പക്ഷേ, ലോകത്തിൽ ഏറ്റവും കൂടുതൽ ആവശ്യമുള്ള ഔഷധമായും ഫുഡ് പ്രിസെർവേറ്റീവായും ഫ്ളേവറിംഗ് മെറ്റീരിയലായും ഉപയോഗിച്ചിരുന്നത് കുരുമുളകാണ്. യൂറോപ്പിലെ മരുന്നുകടകളിൽ- കൊളോണിലും ഫ്രാങ്ക്ഫർട്ടിലും മയിൻസിലുമൊക്കെ 15-ാം നൂറ്റാണ്ടിൽപ്പോലും ഏറ്റവും കൂടുതൽ മരുന്നായി വിറ്റഴിഞ്ഞിരുന്നത് കുരുമുളകായിരുന്നു.

അവിടങ്ങളിൽ തണുപ്പുകാലത്ത് ഒരു മീറ്റർ രണ്ടു മീറ്റർ കനത്തിൽ മഞ്ഞു മൂടികിടക്കുമ്പോൾ പുല്ല് ഉണ്ടാവില്ല. ആ നാലഞ്ചു മാസത്തേക്കു കന്നുകാലികൾക്ക് കൊടുക്കാൻ തീറ്റ ഉണ്ടാവില്ല. അപ്പോൾ കന്നുകാലികളിൽ മൂന്നിലൊന്നിനെ കൊല്ലും. ഈ കൊല്ലുന്ന കന്നുകാലികളെ ഉപ്പും കുരുമുളകും തേച്ചു സംരക്ഷിക്കുകയാണ് പതിവ്. പിന്നെ കഴിക്കാൻ നേരത്ത് അതിന്റെ അരുചി മാറ്റാൻ വേണ്ടി വീണ്ടും കുരുമുളകു ചേർത്ത് പാചകം ചെയ്യും. For reasons of fodder and food they used to kill the animals. അപ്പോൾ കുരുമുളകിന് വൻതോതിലുള്ള ആവശ്യമുണ്ട്. കുരുമുളകിന്റെ ഈറ്റില്ലം എന്ന നിലക്ക് കേരളവും, വിവിധതരത്തിലും ഗുണനിലവാരത്തിലുമുള്ള തുണിത്തരങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടാക്കപ്പെട്ടിരുന്ന സ്ഥലങ്ങളെന്ന നിലയ്ക്ക് ഗുജറാത്ത്, തമിഴ്നാട്, ബംഗാൾ തീരങ്ങളും സഞ്ചാരികളെ ധാരാളമായി ആകർഷിച്ചു. ഗുജറാത്തായിരുന്നു തുണി നിർമാണത്തിന്റെ പ്രധാന കേന്ദ്രം.

സഞ്ചാരികൾ വരുമ്പോൾ അവർ ഈ പ്രദേശങ്ങളാണ് കൂടുതൽ സന്ദർശിച്ചിരുന്നത്. അവർ വരുന്നതുതന്നെ ഇതൊക്കെ എവിടെയാണെന്ന് കാണാനാണ്. ഇവ ഉത്പാദിപ്പിക്കപ്പെടുന്ന നാടുകളെ കുറിച്ചുള്ള വിവരങ്ങൾ കച്ചവടക്കാർ വഴി യൂറോപ്പിലും മറ്റു

www.malankaralibrary.com

സ്ഥലങ്ങളിലും എത്തും. അവർ ഈ സ്ഥലങ്ങളും ഉത്പാദന പ്രക്രിയകളും കാണാൻ ആഗ്രഹിക്കുന്ന വരാണ്. അതിനായി സഞ്ചാരികൾ ഈ പ്രദേശങ്ങളിലെ പ്രധാന കച്ചവടസ്ഥലങ്ങൾ സന്ദർശിച്ച് അവിടുത്തെ ഭരണാധികാരികളെ കാണും. യൂറോപ്പിൽ വൻതോതിൽ കുരുമുളക് അല്ലെങ്കിൽ ടെക്സ്റ്റൈൽസ് ആവശ്യമുള്ള ഘട്ടങ്ങളിൽ ഇവിടെ നിന്നുള്ള കഥകൾക്ക്, ഇവിടെ സഞ്ചാരികൾ എഴുതിയിട്ടുള്ള വിവിധങ്ങളായ എഴുത്തുകൾക്ക്, അവരുടെ കൃതികൾക്ക് വൻതോതിൽ മാർക്കറ്റ് ഉണ്ടാവുകയാണ്. കാരണം, അവർക്കു ഒരു ജിജ്ഞാസയുണ്ട് എവിടുന്ന് ഇത് ഉണ്ടാവുന്നു, എങ്ങനെ ഉണ്ടാവുന്നു, എങ്ങനെയാണ് വിളവെടുപ്പ് നടത്തുന്നത്, എങ്ങനെയാണ് അത് പ്രോസസ്സ് ചെയ്യുന്നത് എന്നൊക്കെ അറിയാൻ. ഇതിനെ കുറിച്ചു മനസ്സിലാക്കാനുള്ള മാർക്കറ്റ് യൂറോപ്പിലുണ്ട്, യൂറോപ്പിൽ മാത്രമല്ല സഞ്ചാരികൾ പോകുന്ന വിവിധ സ്ഥലങ്ങളിലും. വരുന്ന സഞ്ചാരികൾ എല്ലാം സന്ദർശിക്കുന്നതിനോടൊപ്പം തന്നെ ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ വ്യക്തമായി കൃതികളിൽ കൊടുക്കുന്നുണ്ട്. അവർ യൂറോപ്പിൽ അല്ലെങ്കിൽ ചെല്ലുന്ന ഇടങ്ങളിൽ ഏതെങ്കിലും പ്രഭുവിന് അവരെഴുതിയ ഇത്തരം കൃതികൾ സമർപ്പിക്കും.

ഇത് പ്രഭുവിന്റെ ആർക്കൈവുകളിൽ ഇരിക്കുകയോ പിന്നീട് പ്രസിദ്ധീകരിക്കുകയോ അല്ലെങ്കിൽ അവരുടെ ഒരു കുടുംബസ്വത്തായി സൂക്ഷിക്കുകയോ ആണ് ചെയ്തിരുന്നത്. സഞ്ചാരികളെ ആകർഷിക്കാനുള്ള സ്ഥലമായി ഇന്ത്യ മാറാൻ കാരണം ഇതിനെക്കുറിച്ചുള്ള കഥകൾ, വിവരങ്ങളൊക്കെ യൂറോപ്പിൽ അല്ലെങ്കിൽ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നതുകൊണ്ട് അത് അറിയാനും മനസ്സിലാക്കാനുമാണ്.

### ? ഇന്ത്യയുടെ ചരിത്രം നിരവധി കടന്നുവരവുകളുടേതാണെന്നിരിക്കെ ലോകത്തെ ഉൾക്കൊണ്ട് പരിവർത്തനപ്പെട്ട ചരിത്രം സുപ്രധാനമല്ലേ?

ചരിത്രം എന്നു പറയുന്നത് മാറ്റങ്ങളുടെ ചരിത്രമാണ്. നിശ്ചലമായി നിൽക്കുന്നതൊന്നും ചരിത്രത്തിന്റെ ഭാഗം അല്ല. ഒരു ടൈംപോയിന്റിൽ നിന്ന് മറ്റൊരു ടൈംപോയിന്റിലേക്കുള്ള മാറ്റം എന്താണ് എന്നുള്ള വിശകലനമാണ് ചരിത്രത്തിൽ നടക്കുക. സ്ഥിരമായി വാങ്ങിക്കുകയും കൊടുക്കുകയും ചെയ്യുന്ന ഒരു പ്രക്രിയയുടെ ഭാഗമായാണ് നാം നിൽക്കുക. ലോകത്തിൽ ഉണ്ടാകുന്ന പല സംഭവവികാസങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പല വസ്തുക്കളും ഇന്ത്യയിലേക്ക് വരുന്നു. ഇവിടെ നിന്ന് പല വസ്തുക്കളും പുറത്തേക്കും പോകുന്നു. ഈ കൊടുക്കൽ- വാങ്ങൽ പ്രക്രിയയിലൂടെ സമ്പന്നമാകുന്നതാണ് എല്ലാ സംസ്കാരങ്ങളും.

ഇവിടെയുള്ള കപ്പ, റബ്ബർ, പൈനാപ്പിൾ, ഉരുളക്കിഴങ്ങ്, തക്കാളി, നിലക്കടല, മുളക്, മാതളനാരങ്ങ, കടച്ചക്ക ഇതെല്ലാം പുറത്തുനിന്നു വന്നതാണ്; ഏറെയും തെക്കേ അമേരിക്കയിൽ നിന്ന്. ഇവിടെയുള്ള കാപ്പി എത്യോപ്യയിൽ നിന്ന് ഹജ്ജ് തീർഥാടകർ കൊണ്ടുവന്നതാണ്. ചായ ചൈനയിൽ നിന്ന് വന്നതാണ്. നമ്മുടെ ഭക്ഷ്യസംസ്കാരത്തിലെ അവിർഭാജ്യ ഘടകമായ പലതും പുറത്തുനിന്ന് വന്നതാണ്. ഇന്ന് ഇന്ത്യയുടെ കുരുമുളക് ഉല്പാദനത്തിന് ഏറ്റവും കൂടുതൽ വെല്ലുവിളി ഉയർത്തുന്ന രാജ്യം



www.malankaralibrary.com

ബ്രസീലാണ്. 1695– ലാണ് ഈശോസഭാ വൈദികർ കുരുമുളക് തണ്ടുകൾ കൊച്ചിയിൽനിന്ന് ബ്രസീലിൽ കൊണ്ടുപോയി നട്ടത്. ഡച്ചുകാരുടെ അക്രമണത്തിന്റെ ഫലമായി കൊച്ചി ഡച്ചുകാർ കൈയടക്കിയപ്പോൾ അവർക്ക് കുരുമുളക് ആവശ്യത്തിന് കിട്ടില്ല എന്ന് കണ്ടതുകൊണ്ട് ബ്രസീലിൽ തൈ നട്ടതാണ്. പിന്നീടു വൻതോതിൽ ആ തൈകൾ വ്യാപിക്കുകയും ഇന്ന് ഇന്ത്യൻ മാർക്കറ്റിനെ വെല്ലുവിളിക്കത്തക്കവിധത്തിൽ കുരുമുളക് ഉല്പാദനം നടക്കുന്ന സ്ഥലമായ് മാറിയിരിക്കുകയുമാണ് ബ്രസീൽ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങൾ. ഈ കൊടുക്കൽ–വാങ്ങൽ പ്രക്രിയ എല്ലാ സംസ്കാരങ്ങളുടെയും ഭാഗമാണ്. യൂറോപ്പിൽപോലും ഉരുളക്കിഴങ്ങും ചോളവും നിലക്കടലയുമൊക്കെ എത്തുന്നത് ഈ പറഞ്ഞ Exchange of plants, Exchange of food products എന്നുള്ള പതിനാറാം നൂറ്റാണ്ടിലെ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ വഴിയുണ്ടായ മാറ്റങ്ങൾ മൂലമാണ്. ഒത്തിരി വാങ്ങൽ കൊണ്ടാണ് എല്ലാ സംസ്കാരങ്ങളും വളർന്നിട്ടുള്ളത്. അതുപോലെതന്നെ ഒത്തിരി കൊടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നാഗരികതകളും യൂണിറ്റുകളും നിശ്ചലമായി നിന്നുകൊണ്ടല്ല, വാങ്ങിച്ചും കൊടുത്തുമാണ് വളർന്നിരിക്കുന്നത്. അത് നമുക്ക് മറക്കാൻ കഴിയില്ല. അപ്പോൾ ഒരു സമൂഹത്തിനും ഞങ്ങൾ ഒരു ദ്വീപാണ്, തുടക്കം തൊട്ട് ഇന്നുവരെ ഒറ്റപ്പെട്ടുകിടക്കുകയാണ് എന്നൊന്നും പറയാനാവില്ല. എല്ലാം മിക്സ്ഡാണ്. എല്ലാം കൂടിച്ചേരലുകളുടെ ഭാഗമായി രൂപപ്പെട്ടുവന്നതാണ്. ഈ ആശയവിനിയമ പ്രക്രിയയിലാണ് എല്ലാ രാജ്യങ്ങളും എല്ലാ സംസ്കൃതികളും ഇന്നു കാണുന്ന എല്ലാ വളർച്ചയും നേടിയിട്ടുള്ളത്. അങ്ങനെയല്ലായെന്ന്പറയുന്നുണ്ടെങ്കിൽ അത് തെളിയിക്കാൻ മാത്രം DNA mixing വരെയും നടന്നിട്ടുണ്ട്. അല്ലെങ്കിൽ Ethnic ആയുള്ള mixing നടന്നിട്ടുണ്ട്. ഇന്ത്യയിൽ യൂറോപ്യൻ ഭക്ഷ്യസംസ്കാരത്തിന്റെയും വസ്ത്രസംസ്കാരത്തിന്റെയും ഒത്തിരി സ്വാധീനം ഉണ്ടായിട്ടുണ്ട്. ഇവിടുന്നുള്ള വസ്ത്ര, ഭക്ഷ്യ, മതസംസ്കാരങ്ങൾ തെക്കു കിഴക്കൻ ഏഷ്യയിൽ വൻതോതിൽ എത്തിയിട്ടുണ്ട്. പരസ്പരമുള്ള ഈ കൈമാറ്റത്തിന്റെയും ആശയവിനിമയത്തിന്റെയും ഫലമാണ് സംസ്കാരിക മുന്നേറ്റങ്ങൾ (civilizational march) എന്ന് പറയുന്നത്. ഒരു രാഷ്ട്രത്തിനും ഒരു സംസ്കൃതിക്കും അതിനെ ചെറുത്തുനിൽക്കാനാവില്ല.

### ? അധിനിവേശം, അക്രമവും അടിമത്തവുമായി തദ്ദേശിയർക്ക് മാറുന്നുണ്ട്. അധിനിവേശത്തിന്റെ ശേഷിപ്പുകളായി ഇന്ത്യയിൽ അവശേഷിക്കുന്നതാണ് ഇംഗ്ലീഷും ക്രിസ്തുമതവും എന്ന് പറഞ്ഞാൽ വസ്തുതയാകുമോ?

അധിനിവേശമെന്നത് ഇന്ത്യയിൽ മാത്രം രൂപപ്പെട്ടിട്ടുള്ളതല്ല, പണ്ടുകാലം മുതലേ ഉണ്ട്. ഇസ്രായേലിനെ ഡേരിയസ് ആക്രമിച്ച് കീഴടക്കിയതായി നമുക്കറിയാം. അലക്സാണ്ടർ ഗ്രീസിനെ ആക്രമിച്ച് ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻഭാഗത്ത് സിന്ധുനദിവരെ ആക്രമിച്ച് വന്ന കാര്യവും നമുക്കറിയാം. വിഭവങ്ങൾ തേടിയുള്ള യാത്രകളിൽ ഒത്തിരി ജനവിഭാഗങ്ങളെയും ഒത്തിരി ഭൂപ്രദേശങ്ങളെയും കീഴടക്കി മുന്നേറിയിട്ടുള്ള രാഷ്ട്രീയ ചരിത്രം നമുക്ക് ഇന്നലകളെക്കുറിച്ചുണ്ട്. റോമൻ സംസ്കാരത്തിൽ തോൽപ്പിക്കപ്പെടുന്നവരെയെല്ലാം അടിമകളാക്കി അവരെ ഉപയോഗിച്ച ചരിത്രവും നമുക്കുണ്ട്. അടിമത്തം നിലനിന്നിരുന്ന ഒരു സംസ്കാരമാണ് പ്രാചീന സംസ്കാരം. അപ്പോൾ അങ്ങനെ കീഴ്പ്പെടുത്തുകയും അധിനിവേശം നടത്തുകയും ചെയ്യാത്ത ജനവിഭാഗങ്ങളുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല. എല്ലാത്തിനകത്തും അധിനിവേശവും അക്രമോത്സുകതയും കീഴ്പ്പെടുത്തലുമൊക്കെ ഉണ്ട്. അതിൽ ആരെങ്കിലും ഒരാൾ വിധേയപ്പെടുകയും കീഴ്പ്പെടുത്തപ്പെടുകയും അധീനതയിലാക്കപ്പെടുകയും ചെയ്യാറുണ്ട്.

അടിമത്തം എന്ന വാക്ക് ഉപയോഗിക്കാത്തതിന് കാരണം അടിമത്തം ഒരു പ്രത്യേക കാലഘട്ടത്തോട് ബന്ധപ്പെടുത്തി നമ്മൾ കാണുന്ന രീതി കൂടുതലുള്ളതുകൊണ്ടാണ്. കീഴ്പ്പെടുത്തുക, അധീനതയിലാക്കുക (Subjugate) എന്നുള്ളത് വിജയിച്ചുവരുന്നവരുടെയെല്ലാം പതിവാണ്. ഇന്ത്യയും കീഴ്പ്പെടുത്തലുകൾക്ക് വിധേയയായിട്ടുള്ളതാണ്. അങ്ങനെ നിരന്തരം കീഴ്പ്പെടുത്തപ്പെട്ട ഭൂപ്രദേശങ്ങളാണ് ഇപ്പോഴത്തെ രാജസ്ഥാൻ, പഞ്ചാബ്, ഗുജറാത്ത് എന്നീ പ്രദേശങ്ങൾ. ഇസ്ലാമിക് ഭരണത്തിന്റെ ഭാഗമായി ഇന്നത്തെ ഡൽഹി, മെഹ്റോളി പ്രദേശങ്ങളിൽ അന്ന് ഭരണ അടിത്തറകൾ ഉണ്ടാക്കി. പിന്നീട് ഡക്കാൻ പ്രദേശങ്ങളിൽ അവർ വിവിധ ഭരണകൂടങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഭരിക്കുന്നവർ മേലാളിത്തം സൂക്ഷിച്ചുകൊണ്ട് മറ്റുള്ളവരെ കീഴ്പ്പെടുത്തികൊണ്ടുള്ള ഭരണസംവിധാനവും അതിനു ചേർന്ന സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഘടനകളും ശ്രേണികളും സൃഷ്ടിക്കുന്ന പതിവ്

www.malankaralibrary.com

ഇന്നും ഉണ്ട്. ഭരിക്കുന്നവരുടെ മതം ഭരിക്കപ്പെടുന്നവരുടെ മതമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. മുസ്ലീമുകൾ വന്ന് അവരുടെ കീഴിലുള്ളവരെ മുസ്ലീമുകളാക്കി മാറ്റാനുള്ള ശ്രമങ്ങൾ വേഗത്തിൽ നടത്തിയ പ്രദേശങ്ങളും സാവധാനത്തിൽ നടത്തിയ ചില പ്രദേശങ്ങളുമുണ്ട്. ഒരിടത്ത് ഭരിക്കുന്നത് ബുദ്ധമതം ആണെങ്കിൽ ബുദ്ധമതത്തിന്റെ പ്രത്യയശാസ്ത്രം ഭരിക്കപ്പെടുന്നവരിലെല്ലാം സ്വീകരിക്കപ്പെടാനായുള്ള നിർബന്ധവും സമ്മർദവും ഉണ്ടായിട്ടുണ്ട്, അശോകന്റെ കാലത്തിലൊക്കെ. എല്ലാ മതങ്ങളിലും അതിന്റേതായുള്ള സമ്മർദങ്ങളുടെ പരിണിതഫലമായി മതരൂപങ്ങൾ രൂപപ്പെട്ടു വന്നിട്ടുണ്ട്.

ഇന്ത്യയിൽ വന്നു കഴിഞ്ഞാൽ ഇന്ത്യയുടെ അധിനിവേശ അവശേഷിപ്പുകളായി ഇംഗ്ലീഷ് എടുക്കാമോയെന്നു ചോദിച്ചാൽ 18–ാം നൂറ്റാണ്ടുവരെ ഇവിടുത്തെ Lingua Franca (പൊതുഭാഷ) പോർച്ചുഗിസ് ഭാഷയായിരുന്നു, ഇംഗ്ലീഷ് ഭാഷയല്ലായിരുന്നു. അതിനുമുമ്പ് അറബി ആയിരുന്നു കുറെ നാളത്തെക്കെങ്കിലും Lingua Franca. അതിനു മുമ്പ് ഗ്രീക്ക് ആയിരുന്നു. അപ്പോൾ ഏറ്റവും കൂടുതൽ കച്ചവടക്കാർ സംസാരിച്ചിരുന്ന ഭാഷ ആണ് ഇന്ത്യൻ മഹാസമുദ്രത്തിൽ അല്ലെങ്കിൽ അറേബ്യൻ കടലിൽ Lingua Franca ആയി നിന്നിരുന്നത്. അറബികൾ കച്ചവടം ചെയ്തിരുന്ന കാലഘട്ടത്തിൽ അവരുടേതായ കുറച്ചു രാഷ്ട്രീയ സൗധങ്ങൾ, അവരുടേതായ ഭരണസംവിധാനങ്ങൾ പലയിടത്തുമുണ്ടാകാറുണ്ട്. ഇവർ പലപ്പോഴും ഗവർണർമാർ ആയിരുന്നപ്പോഴും അവരുടേതായ ഭാഷ– അല്ലെങ്കിൽ ആശയവിനിമയ മാധ്യമം രൂപീകരിച്ചതായി നമുക്ക് കാണാം. അറബി ലിഖിതം പലയിടത്തും നമ്മൾ കാണാറുണ്ട്. പറഞ്ഞു വന്നത് പോർച്ചുഗീസ് ഭാഷ Lingua Franca ആയി പണ്ടുമുതലേ ഉപയോഗിച്ചിരുന്നു. ഡച്ച് ഭാഷ ഡച്ചുകാർ ഭരിച്ചിരുന്നപ്പോൾ ഉപയോഗിച്ചിരുന്നു. ഇംഗ്ലീഷുകാർ വന്നപ്പോൾ ക്രമേണയാണ് ഇംഗ്ലീഷ് വന്നത്. അതിനുശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസം 1835– ൽ (English Education Act, 1835) വന്നതോടുകൂടി ഇംഗ്ലീഷ് ഇവിടത്തെ പ്രധാനപ്പെട്ട ഭാഷയായി മാറി. കഷ്ടി തൊണ്ണൂറ് നൂറു വർഷമേ ബ്രിട്ടീഷുകാർ അഖിലേന്ത്യാതലത്തിൽ ഭരിച്ചിരുന്നുള്ളു. 1857–ലാണ് ശിപായി ലഹള, അന്നുപോലും എല്ലാ പ്രദേശവും ബ്രിട്ടീഷുകാരുടെ കീഴിൽ ആയിരുന്നില്ല. നാട്ടുരാജാക്കന്മാരായിരുന്നു ഏറെ പ്രദേശവും ഭരിച്ചിരുന്നത്. 1857 മുതൽ 1947 വരെയുള്ള കാലഘട്ടത്തോടുകൂടി ഇംഗ്ലീഷ് എല്ലായിടത്തെയും ഒരു അക്കാഡമിക് ഭാഷയായി വരുന്നത് സർവകലാശാല സമ്പ്രദായത്തോടുകൂടിയാണ്. പിന്നീട് അതൊരു അക്കാഡമിക് ഭാഷയായി, ഒരു അന്താരാഷ്ട്ര ഭാഷയായി മാറി. അതൊരു കൊളോണിയലിസത്തിന്റെ ഭാഗമാണോ എന്നു ചോദിച്ചാലാണ്. അതൊരു അധിനിവേശത്തിന്റെ ഭാഷയാണോ എന്ന് ചോദിച്ചാൽ, എല്ലാവർക്കും മനസ്സിലാകുന്ന ഭാഷ അതായതുകൊണ്ട് അതിലേക്ക് സ്വിച്ച് ഓവർ ചെയ്തു. പിന്നെ അധികാരികൾക്കെല്ലാം ഈ ഭാഷ അറിയണമെന്ന് നിർബന്ധം വന്നതുകൊണ്ട് അധികാരത്തിന്റെ ഇടനാഴികളിലേക്ക് എത്താൻ ഇംഗ്ലീഷ് അറിയുന്നത് നല്ലതാണെന്നു കണ്ട് എല്ലാവരും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാൻ നോക്കുകയുണ്ടായി. മലയാളം വിദ്യാഭ്യാസത്തെക്കാൾ ജോലി കിട്ടാൻ കൂടുതൽ സഹായിക്കുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്ന് കണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലേക്ക് പലരും കടക്കുകയുണ്ടായി.

ക്രിസ്തുമതം, അധിനിവേശത്തിനു മുമ്പ് ഇവിടെ വന്നതാണ്. മാർത്തോമാശ്ലീഹ ഒന്നാം നൂറ്റാണ്ടിൽ പ്രേഷിത പ്രവർത്തനം നടത്തിയതിന്റെ ഭാഗമായി ക്രിസ്ത്യാനികളായ ആളുകളുടെ സന്തതി പരമ്പരകൾ അമ്പതുലക്ഷംപേർ, തങ്ങൾ മാർത്തോമാശ്ലീഹായിൽ നിന്ന് മാമ്മോദീസ മുങ്ങിയെന്ന് അവകാശപ്പെടുന്നുണ്ട്. അത് പോർച്ചുഗീസുകാരും ഇംഗ്ലീഷുകാരും വരുന്നതിനു മുമ്പാണ്. അപ്പോൾ കൊളോണിയൽ പ്രക്രിയ സംഭവിക്കുന്നതിന് മുമ്പുതന്നെ ഇവിടെ ക്രിസ്തുമതമുണ്ട്. ഈ ക്രിസ്തുമതത്തിൽ 83 പള്ളികൾ ഉദയംപേരൂർ സൂനഹദോസ് തുടങ്ങുന്നതിനു മുമ്പുണ്ട്. അതുകൊണ്ട് ക്രിസ്തുമതം ഒരു കൊളോണിയലിസത്തിന്റെ ഉപോത്പന്നമാണെന്ന് പറയാൻ പറ്റുകയില്ല. അതിനു മുമ്പിവിടെ ക്രിസ്തുമതമുണ്ട്. അതോടൊപ്പംതന്നെ കൊളോണിയൽ പവർ ഗ്രൂപ്പുകളോട് ചേർന്നുതന്നെ മിഷണറിമാർ വന്നിട്ടുണ്ട്. അവരുടെ ലക്ഷ്യം സുവിശേഷം പ്രസംഗിക്കുക, സാധുക്കളെ സഹായിക്കുക, അവർക്ക് ആശ്വാസം കൊടുക്കുക എന്നുള്ളതായിരുന്നു. പല സമയങ്ങളിലും ഈ മിഷണറിമാർ ബ്രിട്ടീഷ്, പോർച്ചുഗീസ് ഭരണാധിപൻമാർക്കെതിരെ നിന്നിട്ടുണ്ട്. കൊളോണിയൽ ഉത്പന്നം എന്നതിലേറെ കൊളോണിയൽ ഭരണം നടന്നിരുന്ന കാലത്ത് മിഷണറിമാർ വന്നിരുന്നുവെന്നുള്ളത് സത്യമാണ്. അവർ വന്നത് ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണ്.

*(തുടരും)*

www.malankaralibrary.com

# വികസന ചുവടുവയ്പ്പുകൾ ഉപരിപ്ലവമാകരുത്

കോട്ടപ്പുറം രൂപതാബിഷപ് **ഡോ. ജോസഫ് കാരിക്കശ്ശേ**യുമായി കാരുണികനു വേണ്ടി ഫാ. റോക്കി റോബി കളത്തിൽ (രൂപതാ പി.ആർ.ഒ) നടത്തിയ അഭിമുഖം.

**■ 1946 ഫെബ്രുവരി 13 നു– അതായത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് ഒരു വർഷം മുൻപ് – ഭൂജാതനായ പിതാവിനു ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടിയ ആ നാളുകളെക്കുറിച്ച് പറഞ്ഞു കേട്ടതോ അനുഭവിച്ചറിഞ്ഞതോ ആയ ഓർമകൾ ഉണ്ടാവുമല്ലോ? മനസ്സിനെ ആഴമായി സ്പർശിച്ച അനുഭവങ്ങൾ പങ്കുവയ്ക്കാമോ?**

ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന് ഒരു വർഷം മുമ്പു മാത്രമാണ് ഞാൻ ജനിച്ചത്. അതുകൊണ്ട് സ്വാതന്ത്ര്യം കിട്ടിയ സമയത്ത് ഞാൻ വളരെ ചെറിയ കുട്ടിയാണ്. ആ നാളുകളെക്കുറിച്ച് ഓർമകൾ ഒന്നും മനസ്സിൽ വരുന്നില്ല. കേട്ടറിവുള്ള അനുഭവങ്ങളാണുള്ളത്. അതിലൊന്നാണ് ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്ന ബോൾഗാട്ടി പാലസിൽ സ്വാതന്ത്ര്യദിനത്തിനുമുമ്പ് പാറിക്കളിച്ച ബ്രിട്ടീഷ് പതാകയ്ക്ക് പകരം ഇന്ത്യയുടെ ത്രിവർണ പതാക ഉയർന്ന അഭിമാന നിമിഷം. ഗോശ്രീപാലം വരുന്നതിനു മുമ്പ് വൈപ്പിനിൽ നിന്ന് എറണാകുളത്തേക്ക് ഞങ്ങളൊക്കെ ബോട്ടിൽ സഞ്ചരിക്കുമ്പോൾ ഈ പാലസിനെ കൗതുകത്തോടെയാണ് നോക്കിയിരുന്നത്. സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് സ്വാതന്ത്ര്യദാഹികളായ ഏതാനും ചെറുപ്പക്കാർ ബ്രിട്ടീഷ് കാവൽക്കാരെ മറികടന്ന് പാലസിലെ കൊടിമരത്തിൽ ഇന്ത്യൻ പതാക ഉയർത്താൻ ശ്രമിച്ചതിനെക്കുറിച്ചുമെല്ലാം മുതിർന്നവർ പറഞ്ഞ് കേട്ടിട്ടുണ്ട്. സ്വതന്ത്ര്യസമര സേനാനികളുടെ ത്യാഗവും ധീരതയുമൊക്കെ നമ്മളിന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനു പിന്നിലുണ്ടെന്ന് മറക്കരുത്. സ്വാതന്ത്ര്യം കിട്ടിയ ദിനം നാട്ടിലെങ്ങും വലിയ ആഘോഷവും ആഹ്ലാദവുമായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. അന്ന് സ്വാതന്ത്ര്യദിനം എല്ലാവരും ഭംഗിയായി ആഘോഷിച്ചു. ആഹ്ലാദസൂചകമായി നാട്ടിലുടനീളം ജാഥകളും റാലികളും മധുരപലഹാര വിതരണവുമൊക്കെ നടന്നു എന്നൊക്കെയുള്ള മുതിർന്നവരുടെ അനുഭവകഥകൾ കേട്ടിട്ടുണ്ട്.

**■ പൗരോഹിത്യമാണ് പിതാവിന്റെ വിളിയെന്നു തിരിച്ചറിഞ്ഞ നിമിഷം? ആ തീരുമാനത്തിലേക്ക് നയിച്ച സംഭവങ്ങൾ, വ്യക്തികൾ ഇവയെക്കുറിച്ചൊന്ന് വിശദീകരിക്കാമോ?**

നന്നേ ചെറുപ്പത്തിലെതന്നെ എനിക്ക് വലിയ ആഗ്രഹം ഉണ്ടായിരുന്നു ഒരു വൈദികനാകാൻ. തീർച്ചയായും എന്റെ മാതാപിതാക്കളുടെ മാതൃകാജീവിതവും പ്രാർഥനാ ചൈതന്യവും എന്നെ അതിന് പ്രേരിപ്പിച്ചു .ഞാൻ ഇടവക ദൈവാലയത്തിൽ അൾത്താര ബാലനായി ശുശ്രൂഷ ചെയ്തിരുന്നു. അന്ന് ഞങ്ങളുടെ വികാരി ആയിരുന്നത് പോൾ ലൂയിസ് എന്ന വിശുദ്ധനായ ഒരു വൈദികനായിരുന്നു. ഞങ്ങളോടെല്ലാം അദ്ദേഹത്തിന് വലിയ വാത്സല്യമായിരുന്നു. ഞങ്ങൾക്ക് കളിക്കുന്നതിന് അദ്ദേഹം ഫുട്ബോൾ വാങ്ങിത്തന്നു. ഒരിക്കൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു: സെമിനാരിയിൽ ചേരാൻ നിനക്ക് ആഗ്രഹമുണ്ടോ? ചെറുപ്പം മുതൽ വൈദികനാകാനുള്ള ആഗ്രഹം അറിയിച്ചപ്പോൾ "എങ്കിൽ തയ്യാറായിക്കോളൂ ഞാൻ നിന്നെ സെമിനാരിയിൽ അയക്കാൻ പോകുന്നു" എന്ന് അച്ചൻ പറഞ്ഞു. സെമിനാരി പ്രവേശനത്തിനുമുമ്പ് ആർച്ചുബിഷപ് ജോസഫ് അട്ടിപ്പേറ്റിയുമായുള്ള അഭിമുഖം ഞാൻ നന്നായി ഓർക്കുന്നു. റെക്ടറായിരുന്ന കൊർണേലിയസ് ഇലഞ്ഞിക്കൽ അച്ചനും പിതാവിനൊപ്പമുണ്ടായിരുന്നു. അട്ടിപ്പേറ്റി പിതാവ് ചില

ശേഷം പേജ് 31-ൽ

www.malankaralibrary.com


Madonna ELECTRONICS since 1987 ™

Celebrating 10th years

Pulsator ™ Patent

"Let the hymns never stop,
let the church bells chime through the PULSATOR"

Chant discount upto 20,000


Pulsator discount upto 50,000

BOOK NOW !


SPECIAL OFFER

LIMITED TIME ONLY !

BOOKING STARTS FROM SEPTEMBER 8TH - DECEMBER 31ST







CHANT
(Electronic Church Bell Ringer)

PULSATOR
(Automatic Church Bell Ringer)

2+1 Year Warranty | 0% Interest | EMI Upto 15 months

Special 10th anniversary offers*

Book your order with 20-30% down payment
AMC Applicable and Special Cashback
Free Thuricoal / Holy Water Touchless

* T&C Apply

Madonna Building, South Chittoor, Cochin 682027, Kerala, India.
Ph: 9895399881, 9895298951 | Email: felixmadonna@gmail.com | www.madonnapulsator.com

www.malankaralibrary.com

# Madonna ELECTRONICS മഡോണ ഇലക്ട്രോണിക്സ്

Since 1987

ISO 9001-2008 COMPANY



ഭാരതത്തിൽ ഇദംപ്രഥമമായി **PULSATOR** സംവിധാനത്തിൽ പള്ളിമണികൾ ഓട്ടോമാറ്റിക്കായി പ്രവർത്തിപ്പിക്കാൻ തുടങ്ങിയ മഡോണ ഇലക്ട്രോണിക്സിന്റെ സദ്സംരംഭം വിജയകരമായി ഒരു ദശാബ്ദം പിന്നിടുന്നു. ഭാരതത്തിൽ 17 സംസ്ഥാനങ്ങളിലായി 500–ൽ അധികം പള്ളിമണികൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ **പൾസേറ്റർ** സംവിധാനത്തിൽ ഓട്ടോമാറ്റിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിൽപോലും **പൾസേറ്റർ** പെരുമ കടന്നുചെന്നതോടെ ഈ ടിൻ ജൂബിലി വർഷം മഡോണ ഇലക്ട്രോണിക്സിന്റെ ഒരുമയുടെ വിജയഗാഥയായി മാറുന്നു.

വരാപ്പുഴ അതിരൂപത തെക്കൻ ചിറ്റൂർ തിരുകുടുംബ ഇടവകയിലെ നവീന ദൈവാലയത്തിലെ പള്ളിമണിയിൽ **പൾസേറ്റർ** സംവിധാനം ക്രമീകരിച്ചുകൊണ്ട് അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ഫ്രാൻസിസ് കല്ലറക്കൽ ആശീർവദിച്ച് ഉദ്ഘാടനം ചെയ്യുകയും ഇടവക വികാരി ഫാ. ജോർജ് മംഗലത്തിന്റെയും സഹവികാരി ഫാ. ഡെന്നി മാത്യു പെരിങ്ങാട്ടിന്റെയും അനുഗ്രഹാശീർവാദങ്ങളോടെ ആരംഭിച്ച പ്രയാണം ഇന്ന് ആഗോളവ്യാപകമായി വ്യാപിച്ച് വികാസം പ്രാപിച്ചിരിക്കുകയാണ്.

കച്ചവടമനോഭാവത്തിൽനിന്നും തികച്ചും വ്യത്യസ്തമായി **പൾസേറ്റർ** സൂത്രധാരൻ ഫെലിക്സ് മഡോണയുടെ ഒരു സ്വപ്നസാക്ഷാത്കാരത്തിന്റെ ഉത്പന്നമാണ് പള്ളിമണികളിലെ ഓട്ടോമാറ്റിക് **പൾസേറ്റർ** സംവിധാനം. അതുകൊണ്ടു തന്നെ ഇതൊരു സമർപ്പണത്തിന്റെ വിജയംകൂടെയാണ്.

www.malankaralibrary.com

# പൾസേറ്റർ ടിൻ ജൂബിലി നിറവിൽ

## ആശംസ



മഡോണ ഇലക്ട്രോണിക്സ് എന്ന സ്ഥാപന മേധാവി ഫെലിക്സ് സിൽവസ്റ്റർ 10 വർഷങ്ങൾക്കുമുമ്പ്, ദൈവാലയമണികൾ ആയാസപ്പെട്ട് അടിക്കുന്നതിനുപകരം ഓട്ടോമാറ്റിക്കായി പൾസേറ്റർ സംവിധാനം ക്രമീകരിച്ച് മണിമുഴക്കുന്ന പുതിയൊരു സംരംഭം തുടങ്ങുകയുണ്ടായി. അത് ആദ്യം തന്റെ മാതൃ ഇടവകയായ ചിറ്റൂർ തിരുകുടുംബ ദൈവാലയത്തിൽ സ്ഥാപിച്ചുകൊണ്ടാണ് സമാരംഭിച്ചത്. അന്ന് ഇത് ആശീർവദിച്ച് ഉദ്ഘാടനം ചെയ്യുന്നതിനുള്ള ദൈവനിയോഗം വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന എനിക്കായിരുന്നു. ഈ നൂതന സംരംഭം ഈ രംഗത്തെ ദീർഘവീക്ഷണത്തോടു കൂടിയുള്ള വലിയൊരു തുടക്കമായി ഞാൻ കാണുകയും ഈ സംവിധാനം ആഗോളവ്യാപകമായി ക്രൈസ്തവ ദൈവാലയങ്ങളിൽ സ്വീകരിക്കപ്പെടട്ടെയെന്ന് ആശംസിക്കുകയും അനുഗ്രഹിക്കുകയുമുണ്ടായി. ഒരു ദശാബ്ദം പിന്നിടുമ്പോൾ ഈ ടിൻ ജൂബിലി (Tin Jubilee) വർഷത്തിൽ ഫെലിക്സിന്റെ കർമകുശലതയോടെയുള്ള മുന്നേറ്റം പൾസേറ്റർ സംവിധാനത്തിന് രാജ്യത്തും രാജ്യാന്തരതലത്തിലും സ്വീകാര്യതയും അംഗീകാരവുമുണ്ടായിയെന്ന് അറിയുമ്പോൾ എനിക്ക് അതിയായ സന്തോഷവും ചാരിതാർഥ്യവുമുണ്ട്. ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് തുടർന്നും പൾസേറ്റർ സംവിധാനത്തിനും മഡോണ ഇലക്ട്രോണിക്സിനും പ്രചുരപ്രചാരം ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർഥിക്കുകയുമാണ്.

പൈതൃകാശീർവാദങ്ങളോടെ,
**+ ഡോ. ഫ്രാൻസിസ് കല്ലറക്കൽ**
ആർച്ച്ബിഷപ് എമരിത്തൂസ്, വരാപ്പുഴ അതിരൂപത
ആർച്ച്ബിഷപ് വില്ല, കാക്കനാട്




പുനർനിർമിച്ച ചിറ്റൂർ തിരുകുടുംബ ദൈവാലയം 2012 സെപ്തംബർ 8 – ൽ ആശീർവദിച്ചപ്പോൾ പള്ളിയിൽ സ്ഥാപിച്ച പൾസേറ്റർ, ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഫെലിക്സ് മഡോണയും ഭാര്യ ബീന ഫെലിക്സും സമീപം.

www.malankaralibrary.com


Madonna ELECTRONICS Since 1987 ISO 9001-2008 COMPANY

# നിലയ്ക്കാത്ത ദൈവനാദം




ദൈവാലയ മണികൾ മനുഷ്യമനസ്സുകളിൽ ദൈവസാന്നിധ്യ സ്മരണയുയർത്തുന്നവയാണ്. നവ സാങ്കേതികവിദ്യ വികസിപ്പിച്ച് 'പൾസേറ്റർ' സംവിധാനത്തിലൂടെ ദൈവാലയമണികൾ കൃത്യമായും ശ്രുതി മധുരമായും കേൾപ്പിക്കുന്ന മഡോണ ഇലക്ട്രോണിക്സ്, ഈ സാങ്കേതിക വിദ്യ സമാരംഭിച്ചതിന്റെ ടിൻ ജൂബിലി (Tin Jubilee) സ്മരണയിലാണ്. ഈ സന്തോഷനിറവിൽ വരാപ്പുഴ അതിരൂപതയിലെ ചിറ്റൂർ തിരുകുടുംബ ഇടവക ഇടയന്റെയും അജഗണങ്ങളുടെയും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. 10 വർഷങ്ങൾക്ക് മുമ്പ് (2012 സെപ്തംബർ 8) ഈ ഇടവക ദൈവാലയം പുനർനിർമിതമായപ്പോൾ ഇവിടത്തെ പള്ളി മണിയിലാണ് മഡോണ സാരഥി ഫെലിക്സ് സിൽവസ്റ്റർ തന്റെ പൾസേറ്റർ സംവിധാനം ആദ്യം ക്രമീകരിച്ച് തുടക്കം കുറിച്ചത്. അതൊരു വിജയഗാഥയായിരുന്നു! ഇന്ന് ഭാരതമെമ്പാടും വിദേശത്തും മഡോണയുടെ പൾസേറ്റർ സംവിധാനത്തിലുള്ള 500ലധികം പള്ളിമണികൾ സ്പന്ദിക്കുന്നുണ്ട്. സ്വന്തം പരിശ്രമത്താൽ ആവിഷ്കൃതമാക്കിയ തനിമയാർന്ന പൾസേറ്റർ മണിനാദം ഇനിയും ആഗോള വ്യാപകമായി മുഴങ്ങി ശ്രവിക്കട്ടെയെന്നും ദൈവനാദം പ്രതിധ്വനിപ്പിക്കുമാറാകട്ടെയെന്നും പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. **– ഫാ. വില്യം നെല്ലിക്കൽ,** വികാരി, തിരുകുടുംബ ദൈവാലയം, ചിറ്റൂർ

## നന്ദിയോടെ സ്മരിക്കുന്നു



**ഫാ. ജോർജ് മംഗലത്ത്**
ചിറ്റൂർ ഇടവക മുൻവികാരി (2012)



**ഫാ. ഡെന്നി പെരിങ്ങാട്ട്**
ചിറ്റൂർ ഇടവക മുൻ സഹവികാരി (2012)

## BIBLE CLOCK

ടിൻ ജൂബിലി സ്മാരക ഉപഹാരമായി കത്തോലിക്കാ വിശ്വാസി സമൂഹത്തിന് പൂർണമായും സൗജന്യമായി സമർപ്പിക്കുന്ന വചന വിരുന്നാണ് മഡോണയുടെ ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ. വചന മൊഴികൾ ശ്രവിച്ച് ആത്മീയാനുഭൂതി നുകരാനുള്ള ജൂബിലി സമ്മാനം.

GET IT ON Google Play




## ജൂബിലി വർഷത്തിൽ നന്ദിയുടെ കാഹളം !

പിന്നിട്ട ഒരു ദശാബ്ദക്കാലം മഡോണ ഇലക്ട്രോണിക്സിന്റെ പൾസേറ്റർ സംവിധാനത്തോടും ഉപോത്പന്നങ്ങളോടും സഹകരിച്ച കേരള – ഭാരത സഭകളിലെ അഭിവന്ദ്യ കർദ്ദിനാൾമാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, മോൺസിഞ്ഞോർമാർ, വൈദികർ, സന്ന്യാസിനി–സന്ന്യാസിമാർ, സ്ഥാപന മേധാവികൾ, ഇടവക ട്രസ്റ്റിമാർ, അല്മായ നേതാക്കൾ, സമുദായ സംഘടന ഭാരവാഹികൾ, സ്പോൺസേഴ്സ്, അഭ്യുദയകാംക്ഷികൾ, സുഹൃത്തുക്കൾ എന്നിവരോട് വാക്കുകൾക്കതീതമായി അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. ടിൻ ജൂബിലിയുടെ കാഹളം മുഴങ്ങുമ്പോൾ എന്റെ ഹൃദയത്തിൽ നിന്ന് നിർഗളിക്കുന്ന നന്ദിയുടെ നറുമൊഴികൾ എല്ലാ ഉപഭോക്താക്കൾക്കും ഞാൻ നേരുകയാണ്. തുടർന്നും സഹയാത്രികരായി ഒപ്പമുണ്ടാകണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

– ഫെലിക്സ് മഡോണ

### MADONNA ELECTRONICS PRODUCTS

**Pulsator | Chant | Altar Curtain automation | Madonna Church Bells**
**School Bell Automation | Thuricoal | Holy Water Touchless | Bible Clock**

**Call: Felix Madonna - 98953 99881, 98952 98951**
Watch Pulsator channel in Youtube or visit: www.madonnapulsator.com

Pulsator® Patent
The Church Bell Ringer
*ISO 9001-2008 Certified Company*

MSME

Madonna Electronics
Madonna Building,
South Chittoor, Cochin - 682 027.
Kerala, India.
felixmadonna@gmail.com

www.malankaralibrary.com



പേജ് 26–ൽ നിന്നും തുടർച്ച

ചോദ്യങ്ങൾ ചോദിച്ചു. ചോദ്യങ്ങൾക്കെല്ലാം എനിക്ക് അറിയാവുന്നവിധത്തിൽ ഉത്തരം നൽകിയെന്നാണ് ഓർക്കുന്നത്. അഭിമുഖം കഴിഞ്ഞ് ഞങ്ങളെ കുറെ പേരെ മാറ്റി നിർത്തി. സെമിനാരി പ്രവേശനം ലഭിക്കാത്തവരാണ് ഇക്കൂട്ടർ എന്നാണ് ആദ്യം കരുതിയത്. പിന്നീട് മനസ്സിലായി പ്രവേശനത്തിന് യോഗ്യരായവർ ഞങ്ങളാണെന്ന്.

സെമിനാരിയിൽ ചേരണമെന്ന് പറഞ്ഞപ്പോൾ അമ്മയ്ക്ക് ആദ്യം അതൊരു ഷോക്ക് ആയിരുന്നു. അതുവരെ ഒരിക്കലും ഞാൻ വീട്ടിൽ നിന്ന് അകന്നു നിന്നിരുന്നില്ല. അമ്മയെയും അപ്പനെയുമൊക്കെ പിരിഞ്ഞ് നിൽക്കുക അന്ന് എന്നെ സംബന്ധിച്ചും ബുദ്ധിമുട്ടേറിയ കാര്യമായിരുന്നു. എങ്കിലും വളരെ വേഗത്തിൽ സെമിനാരി ജീവിതവുമായി സമരസപ്പെട്ട് പോകാൻ എനിക്ക് സാധിച്ചു. അക്കാലങ്ങളിൽ റെക്ടറച്ചന്മാരായിരുന്ന, പിന്നീട് ആർച്ചുബിഷപ്പായ കൊർണേലിയസ് ഇലഞ്ഞിക്കലും മോൺ. ജോർജ് ഇട്ടിക്കുന്നത്തും ഫാ. ഡൊമിനിക് ഒസിഡിയും എന്റെ വൈദിക ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ വ്യക്തികളാണ്.

**■ മെത്രാനായ ശേഷമുള്ള 16 വർഷങ്ങളെ– പ്രത്യേകിച്ച് വരാപ്പുഴ അതിരൂപതയുടെ കൊച്ചുപിതാവിൽനിന്നും സാംസ്കാരിക പൈതൃകങ്ങളുടെ തേരോട്ടമുള്ള കോട്ടപ്പുറം രൂപതയുടെ ഇടയനായി രൂപതയെ നയിച്ചുകൊണ്ടിരിക്കുന്ന ഈ നാൾവരെ– എങ്ങനെ നോക്കിക്കാണുന്നു? ഒരു പിന്നാക്ക ജനതയുടെ ആധ്യാത്മികാചാര്യനായുള്ള ദൗത്യ നിർവഹണത്തിൽ പിതാവ് ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ടല്ലോ. അതേക്കുറിച്ചൊന്ന് വിശദീകരിക്കാമോ?**

മെത്രാൻ ആയത് ഒരു വലിയ ദൈവനിയോഗമായി ഞാൻ കരുതുന്നു. ഉന്നതപഠനമൊന്നും നടത്താതിരുന്ന എന്നെ മെത്രാൻ പദവിയിലേക്ക് തെരഞ്ഞെടുത്തത് ദൈവത്തിന്റെ വലിയ കാരുണ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വരാപ്പുഴ അതിരൂപതയിൽ ഡാനിയൽ അച്ചാരുപറമ്പിൽ പിതാവിന്റെ സഹായമെത്രാനായിട്ടായിരുന്നു മെത്രാനെന്ന നിലയിൽ ഞാൻ ശുശ്രൂഷയാരംഭിച്ചത്. പിതാവിന്റെ ദേഹവിയോഗത്തെതുടർന്ന് അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായും സേവനം ചെയ്തു. വരാപ്പുഴയിൽ ഡാനിയൽ പിതാവിന്റെ ദർശനം തന്നെയായിരുന്നു എന്റെയും ദർശനം. ഇടവകകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അതുപോലെ ജനകീയപ്രശ്നങ്ങൾ എന്നിവയെല്ലാം കൈകാര്യം ചെയ്യാൻ ഡാനിയൽ പിതാവ് എന്നെയാണ് ഏൽപ്പിച്ചിരുന്നത്. ആയിടക്ക് ഉണ്ടായ ഏറ്റവും വലിയ ഒരു ജനകീയ പ്രശ്നമായിരുന്നു മൂലമ്പിള്ളി കുടിയിറക്ക് സമരം. ഇന്നും അതിന് പൂർണമായും പരിഹാരം ഉണ്ടായിട്ടില്ല. എങ്കിലും ഇടയൻ എന്നുള്ള നിലയിൽ ജനങ്ങളോടൊപ്പം അവരിലൊരാളായി അവർക്കുവേണ്ടി സമരം ചെയ്യാനും സമരപ്പന്തലിൽ ഇരിക്കാനും അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താനുമൊക്കെ സാധിച്ചത് വലിയ ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. തീരദേശജനതയുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളാനും പരിശ്രമിച്ചിട്ടുണ്ട്. അനേകവർഷങ്ങൾ ഇടവകകളിൽ പ്രവർത്തിച്ച ഞാൻ മനസ്സിലാക്കിയ വലിയ സത്യം ഇതാണ്: ജനങ്ങളെ ആധ്യാത്മികമായി ഉയർത്തിയാൽ ഭൗതികമായും അവർ ഉയരും; ഉയരാനുള്ള വഴികൾ അവർ കണ്ടുപിടിക്കും. സിമന്റും കല്ലും മരവുമെല്ലാമുപയോഗിച്ച് പള്ളി പണിയുന്നതിന് മുമ്പ് ജനങ്ങളുടെ മനസ്സിൽ ആദ്യം ഒരു പള്ളി പണിയണം. പിന്നെ സിമ

www.malankaralibrary.com

ന്റും കല്ലുമുപയോഗിച്ച് പള്ളി പണിയുക എളുപ്പമായിരിക്കും. ജനങ്ങളോടൊപ്പം ആയിരിക്കുന്നതായിരുന്നു എന്നും എന്റെ പൗരോഹിത്യത്തിന്റെ സന്തോഷം. വൈദികനായിരുന്നപ്പോൾ ഉണ്ടായിരുന്ന അതേ മനോഭാവം തന്നെയാണ് ഇപ്പോഴുമെനിക്ക്. ജനങ്ങളോട് കൂടുതൽ അടുക്കുമ്പോൾ, അവരിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അവരുടെ പ്രശ്നങ്ങൾ അടുത്തറിയാനും ഇടപെടാനുമൊക്കെ സാധിക്കും എന്നുള്ളതാണ് ജീവിതം എന്നെ പഠിപ്പിച്ച വലിയ പാഠം. ജനത്തെ ആധ്യാത്മികമായി ഉയർത്തുന്നതോടൊപ്പംതന്നെ ഭൗതികമായും ഉയർത്താൻ പരിശ്രമങ്ങൾ ആവശ്യമാണ്. കോട്ടപ്പുറത്ത് എത്തിക്കഴിഞ്ഞപ്പോൾ ബിഷപ് ഫ്രാൻസിസ് കല്ലറക്കലിന്റെ നേതൃത്വത്തിൽ രൂപതയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിയിരുന്നു. അദ്ദേഹത്തിന്റെ പാത പിന്തുടർന്ന് പ്രവർത്തിക്കാനുള്ള നിയോഗമായിരുന്നു എനിക്ക്. കഴിയാവുന്ന രീതിയിൽ കോട്ടപ്പുറം രൂപതയുടെ ആത്മീയ – ഭൗതിക വളർച്ച ലക്ഷ്യമാക്കി ഞാൻ ശുശ്രൂഷയും പ്രവർത്തനങ്ങളും തുടരുകയാണ്. കോട്ടപ്പുറം രൂപതയുടെ സമൂഹ്യ സേവന വിഭാഗമായ കിഡ്സ് വഴി ജാതി മത ഭേദമെന്യേ ഈ പ്രദേശത്ത് പാവപ്പെട്ട ജനങ്ങൾക്കായി നിരവധി കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നുണ്ട്.

## ■ സഭ എക്കാലത്തും അവഗണിക്കപ്പെട്ടവരോടൊപ്പം നിന്നിട്ടും സഭയ്ക്കെതിരെ ആക്ഷേപം ഉന്നയിക്കുന്നവരുടെ എണ്ണത്തിൽ കുറവില്ല. ഇത് പിതാവ് എങ്ങനെ വിലയിരുത്തുന്നു?

സഭ എന്നും പാവപ്പെട്ടവരോടൊപ്പംതന്നെയാണ് നില്ക്കുന്നത്. പക്ഷേ, സഭയ്ക്കെതിരെ ആക്ഷേപങ്ങൾ ഉയരുന്നുണ്ട്. അത് വാസ്തവമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. സമൂഹത്തിലെ പാവപ്പെട്ടവരോടും അതിർവരമ്പുകളിൽ ഉള്ളവരോടുമൊപ്പം നിലകൊണ്ട ക്രിസ്തുവിന്റെ അരൂപിയാണ് സഭയുടേതും. മറിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും സഭയ്ക്ക് സാധ്യമല്ല. നമ്മുടെ രൂപതകളുടെ സാമൂഹ്യസേവന വിഭാഗങ്ങളും സന്ന്യാസസഭകളുടെ സാമൂഹ്യസേവന വിഭാഗങ്ങളുമൊക്കെ ചെയ്യുന്ന പ്രവർത്തനങ്ങൾതന്നെ സഭ ആരുടെ കൂടെയാണ് നിലകൊള്ളുന്നത് എന്നുള്ളതിന് തെളിവാണ്. അതോടൊപ്പം സഭ നടത്തുന്ന ആശുപത്രികൾ, മറ്റ് ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ എന്നിവയെല്ലാം സഭയുടെ നിലപാട് വ്യക്തമാക്കുന്നുണ്ട്. ഇതുപോലെതന്നെയാണ് സഭ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. കേരളചരിത്രത്തിൽതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചത് മിഷണറിമാർ ആയിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ നാടിനും ജനങ്ങൾക്കും പുരോഗതിയുണ്ടാകൂ എന്ന് വിലയിരുത്തി മിഷണറിമാർ അതിന് മുന്നിട്ടിറങ്ങി. ആശുപത്രികളുടെ കാര്യത്തിലും ആദ്യ ചുടുവയ്പു നടത്തിയത് ക്രൈസ്തവ സഭയായിരുന്നു. മറ്റാരും മുൻപേ നടന്നു നീങ്ങാത്ത ഇത്തരം വഴിയേപോകാൻ സഭയെ പ്രേരിപ്പിച്ചത് ക്രിസ്തുവിന്റെ ചൈതന്യമായിരുന്നു. യേശുവിന്റെ ജീവിതവും പ്രവർത്തനവും നിലപാടുകളുമായിരുന്നു സഭക്ക് എന്നും അതിന് പ്രചോദനവും ശക്തിയുമായത്. ഇന്ന് സഭ നടത്തിക്കൊണ്ടിരിക്കുന്ന ആതുരാലയങ്ങൾ, ഡിഫ്രന്റ്ലി ഏബിൾഡ് ആയവർക്കുള്ള ഭവനങ്ങൾ, രോഗികൾക്ക് വേണ്ടിയുള്ള ശുശ്രൂഷാഭവനങ്ങൾ, എയ്ഡ്സ് ബാധിതർക്കായുള്ള ഭവനങ്ങൾ തുടങ്ങിയവയെല്ലാം സഭ ആരോടൊപ്പമാണ് എന്നുള്ളതിന് ഉദാഹരണങ്ങളാണ്.

## ■ 2018-ലെ പ്രളയകാലത്തു കേരളക്കരയുടെ രക്ഷകരായ മത്സ്യത്തൊഴിലാളികളെ വാനോളം പ്രശംസിച്ചെങ്കിലും അവരുടെ ജീവിതത്തെ ബാധിക്കുന്ന അടിസ്ഥാനപരമായ ഒരു പ്രശ്നങ്ങളിലും സർക്കാർ അവരുടെ കൂടെ നിന്നില്ല എന്ന അഭിപ്രായം എല്ലാവർക്കുമുണ്ടല്ലോ? പാവപ്പെട്ടവരോടുള്ള സർക്കാരിന്റെ സ്നേഹം വോട്ടു ബാങ്ക് ലക്ഷ്യം മാത്രമായിരുന്നു എന്നതല്ലേ വാസ്തവം?

സർക്കാരിന്റെ ലക്ഷ്യം വോട്ടുബാങ്ക് ആയിരുന്നുവെന്ന് സംശയിക്കത്തക്കരീതിയിലുള്ളതാണ് ഇപ്പോൾ സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ. 2018ലെ പ്രളയ സമയത്ത് സ്വന്തം ജീവൻ പോലും മറന്നു അനേകർക്ക് രക്ഷകരായവരാണ് മത്സ്യത്തൊഴിലാളികൾ. അന്ന് അവരെ വാനോളം പുകഴ്ത്തിയവർതന്നെ ഇന്ന് അവരെ മറന്നു കളഞ്ഞിരിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ സമരം അവരുടെ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള സമരമാണ്; നിലനില്പിനുവേണ്ടിയുള്ള സമരമാണ്. കടൽ മത്സ്യത്തൊഴിലാളികളുടെതാണ്. അത് അവരുടെ അവകാശമാണ്. അദാനി തുറമുഖ നിർമാണം തുടങ്ങിയതോടെ തീരശോഷണം വളരെയധികം വർധിച്ചിരിക്കുന്നു. ആരൊക്കെ ഇല്ലാ എന്നു പറഞ്ഞാലും മറ്റു കാരണങ്ങൾ നിരത്തിയാലും

www.malankaralibrary.com

അതൊരു യാഥാർഥ്യമാണ്. അതേക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയതിനുശേഷം മാത്രം മതി തുടർന്നുള്ള തുറമുഖ നിർമാണ പ്രവർത്തനങ്ങൾ എന്ന് അവർ പറയുന്നതിൽ യാതൊരുവിധ തെറ്റുമില്ല. ചുറ്റും കാണുന്ന ജീവിത യാഥാർഥ്യങ്ങളാണ് അങ്ങനെ സംശയിക്കാൻ കാരണമാവുന്നത്. അങ്ങനെയെങ്കിൽ മത്സ്യത്തൊഴിലാളികളുടെ സംശയം ദുരീകരിക്കാൻ ഒരു ജനാധിപത്യ സർക്കാരിന് ബാധ്യതയില്ലേ? മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളിൽ നിന്ന് മുഖം തിരിക്കുന്നത് ഒരു ജനാധിപത്യ സർക്കാരിന് ഒരിക്കലും ഭൂഷണമല്ല; പ്രത്യേകിച്ച് പാവപ്പെട്ടവരുടെ കൂടെ നിൽക്കുന്നു എന്ന് അഭിമാനിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് സർക്കാരിന്. അവരുടെ യഥാർഥ മുഖം വെളിവാക്കുന്നതാണ് മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരുമൊക്കെ നടത്തുന്ന പ്രസ്താവനകൾ. മനുഷ്യോചിതമല്ലാത്ത രീതിയിൽ ഗോഡൗണുകളിൽ വർഷങ്ങളായി താമസിക്കേണ്ടി വന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം ഉണ്ടായേ മതിയാവൂ. മണ്ണെണ്ണ സബ്സിഡി നല്കിയാലേ പാവപ്പെട്ട അവർക്ക് കടലിൽ പോകാനാവൂ. വിഴിഞ്ഞം തുറമുഖനിർമാണവുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളി സമരത്തിന് ഓരോ ദിവസവും കിട്ടിക്കൊണ്ടിരിക്കുന്ന ജനകീയ പിന്തുണതന്നെ അവരുടെ നിലപാടുകൾ ശരിവയ്ക്കുന്നതാണ്.

### ■ ഭാരതത്തിനു സ്വാതന്ത്ര്യം കിട്ടി 75 വർഷം പിന്നിട്ടപ്പോൾ ഒരു ഗോത്രവർഗത്തിൽപ്പെട്ട പിന്നാക്കക്കാരി- ദ്രൗപദി മുർമു ഭാരതത്തിന്റെ പ്രഥമ പൗരയായെങ്കിലും പിന്നാക്ക സമുദായങ്ങൾക്കെല്ലാം സമൂഹത്തിൽ വേണ്ടവിധത്തിലുള്ള സ്ഥാനം ഇന്ന് ലഭിക്കുന്നുണ്ടെന്ന് തോന്നുന്നുണ്ടോ?

ഗോത്ര വർഗത്തിൽ നിന്ന് ഒരാൾ ഭാരതത്തിന്റെ പ്രഥമ പൗരയായി ഉയർന്നത് തീർച്ചയായും വളരെ നല്ല കാര്യംതന്നെ. എന്നാൽ ഏറ്റവും തലപ്പത്ത് ഗോത്രവർഗത്തിൽ നിന്നൊരാളെ പ്രതിഷ്ഠിച്ചതുകൊണ്ട് താഴെത്തട്ടിൽ ഉള്ളവരോടുള്ള മനോഭാവം അതുതന്നെയാണ് എന്ന് പറയാനാകില്ല. അതിന്റെ പ്രയോജനം താഴെയുള്ള സമാനരായ ജനങ്ങൾക്കും കിട്ടുന്നുണ്ടെന്നും അവരും തുല്യമായരീതിയിൽ ആദരിക്കപ്പെടുന്നുണ്ടെന്നും ഉറപ്പാക്കാനാകണം. ഗാന്ധിജി പറഞ്ഞതുപോലെ ഏറ്റവും പാവപ്പെട്ടവനുപോലും വികസനത്തിന്റെ നന്മകൾ ലഭ്യമാക്കുന്നതാണ് യഥാർഥത്തിലുള്ള വികസനം. ഉപരിപ്ളവമായ രീതിയിൽ മാത്രം ഗോത്രവർഗത്തിൽപ്പെട്ടവരോടും സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്നവരോടും പരിഗണനയുണ്ടെന്ന് കാണിച്ച് ജനത്തിന്റെ കണ്ണിൽ പൊടിയിടാനുള്ള നീക്കം അല്ല ഇതെന്ന് ബന്ധപ്പെട്ടവർക്ക് പ്രവർത്തനങ്ങളിലൂടെ തെളിയിക്കാൻ കഴിയുമ്പോൾ മാത്രമേ പൊതുസമൂഹത്തിനു മുമ്പിൽ ഈ പ്രവൃത്തി ന്യായീകരിക്കപ്പെടുന്നുള്ളൂ. മറ്റുള്ളവരെപോലെ തന്നെ പാവപ്പെട്ടവനും ഭാരതത്തിൽ നല്ല രീതിയിൽ ജീവിക്കാനും വളർന്നുയരാനും പുരോഗതി കൈവരിക്കാനും കഴിയുമ്പോൾ മാത്രമേ ഇപ്പോൾ നടത്തിയിട്ടുള്ള ചുവടുവയ്പ്പുകൾ ഉപരിപ്ലവം ആയിരുന്നില്ല എന്ന് തെളിയൂ.

### ■ രൂപതയിലെ ഇടവക-കുടുംബയോഗങ്ങളിൽ സാന്നിധ്യം അറിയിച്ചുകൊണ്ട് ഭവനസന്ദർശനങ്ങൾ നടത്തുന്ന അങ്ങയെ പാവങ്ങളുടെ പിതാവും സാമൂഹിക തിന്മകൾക്കെതിരെയുള്ള പ്രവാചക ശബ്ദമായും ദൈവജനം നിരീക്ഷിക്കുന്നുണ്ടല്ലോ. ദൈവജനത്തിന്റെ സ്നേഹം ഇത്രമാത്രം ഏറ്റുവാങ്ങുന്നതിനു പിതാവിനു ഇടവരുത്തിയ സ്വഭാവ സവിശേഷതകൾ എന്താണെന്നാണ് പിതാവ് സ്വയം വിലയിരുത്തുന്നത്?

ഇത് പറയേണ്ടത് ഞാനല്ലല്ലോ. എന്റെ അജഗണത്തിനാണ് അത് മനസ്സിലാക്കാനും വിലയിരുത്താനുമൊക്കെ സാധിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ജനങ്ങളോടൊപ്പം ആയിരിക്കുന്നതാണ് ഇടയനെന്ന നിലയിൽ എന്റെ ഏറ്റവും വലിയ സന്തോഷം. കോട്ടപ്പുറം രൂപതയിൽ എത്തിയതിനുശേഷം വേഗത്തിൽതന്നെ എല്ലാ ഇടവകകളും സന്ദർശിക്കാനും അതിനുശേഷം എല്ലാ ഇടവകകളിലെയും യുവജനങ്ങളെ പ്രത്യേകമായി കണ്ടു സംസാരിക്കാനും അതിനുശേഷം ഓരോ ഇടവകയിലെയും എല്ലാകുടുംബയൂണിറ്റുകളും സന്ദർശിക്കാനും കഴിഞ്ഞത് ഒരനുഗ്രഹമായി ഞാൻ കാണുന്നു. എന്റെ ജനത്തെ അടുത്തറിയാനും അവരുടെ ജീവിതം മനസ്സിലാക്കാനും അവരുടെ പ്രശ്നങ്ങൾ അടുത്തു നിന്നു മനസ്സിലാക്കാനും എനിക്ക് ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി ചെല്ലാൻ കഴിഞ്ഞപ്പോൾ സാധിച്ചു. അവരുടെ സ്നേഹം അനുഭവിക്കാനും സഭയോടുള്ള അവരുടെ സ്നേഹവും പ്രതിബദ്ധതയും മനസ്സിലാക്കാനും അതിലൂടെ എനിക്ക് കഴിഞ്ഞു. ■

www.malankaralibrary.com

# മാനം തെളിഞ്ഞെത്തിയ സംഗീതപ്രതിഭ

ജോസ് ക്ലെമന്റ്
jacychathiath@gmail.com

**ക്രിസ്തീയ ഭക്തിഗാനത്തിലൂടെ സംഗീതത്തിന്റെ കടലാഴത്തിലേക്കിറങ്ങിയ ബേണി ഇഗ്നേഷ്യസ് ദ്വയങ്ങളിലെ ബേണി അഖില ഭാരതീയ ഗാന്ധർവ മഹാവിദ്യാലയത്തിൽനിന്നും സപ്തവർഷ വിശാരദ് ഹിന്ദുസ്ഥാനി വായ്പാട്ട് പരീക്ഷയിൽ മികച്ച വിജയിയായപ്പോൾ ക്രിസ്തീയ സമൂഹത്തിൽനിന്നുള്ള അപൂർവ പ്രതിഭകളിലൊരാളായി എണ്ണപ്പെട്ടിരിക്കുന്നു. സംഗീതരംഗത്തെ ജ്വാലയായി പ്രകാശിക്കുന്ന ബേണിയുടെ സംഗീത ജീവിതത്തിലേക്കൊരു തിരനോട്ടം.**

'കാഴ്ചയ്ക്കപ്പുറം' എന്ന ചലച്ചിത്രത്തിലൂടെ സിനിമാ സംഗീതരംഗത്തേക്ക് ചുവടുവച്ച ബേണി ഇഗ്നേഷ്യസുമാർ 'തേന്മാവിൻ കൊമ്പത്ത്' എന്ന ചലച്ചിത്രത്തിലെ സംഗീതസംവിധാനത്തിന് സംസ്ഥാന അവാർഡ് ജേതാക്കളായപ്പോൾ മാനം തെളിഞ്ഞെത്തിയ സംഗീതജ്ഞനായി മാറുകയായിരുന്നു ബേണി.

## പൈതൃകം നൽകിയ അനുഗ്രഹം


ബേണിക്ക് ആറുമാസം മാത്രം പ്രായമായിരിക്കേയാണ് പിതാവ് പുത്തൻവീട്ടിൽ ജോൺ നിര്യാതനാകുന്നത്. അന്തരിച്ച പിതാവിന്റെ തിരിച്ചറിവോർമപോലുമില്ലാത്ത ബേണിയെന്ന കുഞ്ഞ് ഇന്നറിയപ്പെടുന്ന ഒരു സംഗീതജ്ഞനായി മാറിയെങ്കിൽ തന്റെ കുടുംബ പൈതൃകമാണതെന്ന് വിശ്വസിക്കുന്ന സംഗീതജ്ഞനാണിദ്ദേഹം. പിതാവിന്റെ പാരമ്പര്യവും മൂത്തജ്യേഷ്ഠൻ ഇഗ്നേഷ്യസിന്റെ സംഗീതാഭിരുചിയും വഴികാട്ടലും ബേണിയെ അടിസ്ഥാന പഠനങ്ങളൊന്നുമില്ലാതെ തന്നെ സംഗീതത്തിന്റെ ആഴക്കടലിലേക്കിറങ്ങാൻ പ്രേരിതനാക്കി.

വൈദികമോഹവുമായി കപ്പൂച്ചിൻ സന്ന്യാസസഭയിൽ ചേർന്ന ജ്യേഷ്ഠൻ ഇഗ്നേഷ്യസ് സെമിനാരി പരിശീലനകാലത്ത് ഉള്ളിലെ സംഗീതത്തെ മറനീക്കി പുറത്തുകൊണ്ടുവന്നപ്പോൾ ബ്രദർ മെന്റസ് സഹായിയായി. ജ്യേഷ്ഠൻ സെമിനാരിയിൽനിന്നു തിരിച്ചുപോന്നപ്പോൾ ഒരു ബുൾബുളുമായാണ് വന്നത്. ജ്യേഷ്ഠൻ ബുൾബുൾ വായിച്ചിരിക്കുമ്പോൾ ബേണിയുടെ കുഞ്ഞുമനസ്സിലും സംഗീതത്തിന്റെ ഓളങ്ങൾ തിരതല്ലാൻ തുടങ്ങി. ജ്യേഷ്ഠന്റെ വായന സശ്രദ്ധം കേട്ടുകൊണ്ടിരുന്ന ബേണി ആരുമറിയാതെ ജ്യേഷ്ഠനെ അനുകരിച്ച് ബുൾബുൾ വായിക്കാൻ ശ്രമമാരംഭിച്ചു. ഗുരുവില്ലാത്ത ആ ശ്രമം വിജയിക്കുന്നതായി ഇഗ്നേഷ്യസിന് ബോധ്യമായി. അനുജന്റെ ഉള്ളിലെ സംഗീതത്തിന്റെ സ്പാർക്ക് തിരിച്ചറിഞ്ഞ ഇഗ്നേഷ്യസ് പാട്ടുകൾ പഠിപ്പിക്കാൻ തുടങ്ങി. അങ്ങനെ ആദ്യ ഗുരുവായി ബേണിക്ക് വിശേഷിപ്പിക്കാനുള്ളത് ജ്യേഷ്ഠൻ ഇഗ്നേഷ്യസിനെയാണ്.

## ആദ്യാംഗീകാരം

കലൂർ കതൃക്കടവ് സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഇടവക വികാരിയുടെ സ്ഥലംമാറ്റ യാത്രയയപ്പിനെ തുടർന്ന് സംഘടിപ്പിച്ച കലാമത്സരങ്ങളിൽ പാട്ടിനത്തിൽ മത്സരിച്ച ആറുവയസ്സുകാരൻ ബേണി ഇടവകതലത്തിൽ സമ്മാനാർഹനായി. ആദ്യാംഗീകാരം ലഭിച്ചതോടുകൂടി ബേണിക്ക് ആത്മവിശ്വാസം വർധിച്ചു. സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിലെ മാത്യു സാർ ജ്യേഷ്ഠൻ ഇഗ്നേഷ്യസിന്റെ സംഗീതാഭിരുചി തിരിച്ചറിഞ്ഞുകൊണ്ട് ഒരു ഹാർമോണിയം താത്

www.malankaralibrary.com



ക്കാലികപഠനത്തിനായി നൽകി. അത് വീട്ടിൽ വച്ച് വായിക്കുമ്പോൾ ഹാർമോണിയം കട്ടകളിൽ ഇഗ്നേഷ്യസ് വിരലുകൾ ഓടിക്കുന്നത് ബേണി ശ്രദ്ധാപൂർവം നോക്കിയിരിക്കുമായിരുന്നു. ഇഗ്നേഷ്യസിന്റെ അസാന്നിധ്യത്തിൽ ബേണിയും ഹാർമോണിയം വായന തനിയെ അഭ്യസിക്കാൻ തുടങ്ങി. ഇതുകണ്ട ജ്യേഷ്ഠൻ ഹാർമോണിയത്തിൽ പാട്ടുകൾ വായിക്കുന്നതിനുള്ള ബാലപാഠങ്ങൾ ഹൃദിസ്ഥമാക്കിക്കൊടുത്തു. അതോടെ ഇരുവരും ചേർന്ന് വീട്ടിൽതന്നെ ഗാനമേളകളാരംഭിച്ചു. അയൽക്കാരും ബന്ധുക്കളുമൊക്കെ ആസ്വദിക്കാനും പ്രോത്സാഹിപ്പിക്കാനും കൂടെക്കൂടിയപ്പോൾ ബേണി ഇഗ്നേഷ്യസ് സഹോദര സംഗീതജ്ഞരുടെ താരോദയമാകുകയായിരുന്നു.

## ബേണിയുടെ പാട്ടു വഴി

ഇടവക പള്ളിയിൽ ഗായകസംഘത്തിൽ ചേർന്നതോടെ പാട്ടുവഴിയുടെ പുതിയരംഗത്തേക്ക് ചുവടുവയ്ക്കുകയായിരുന്നു ബേണി. ഇഗ്നേഷ്യസ് ഗിറ്റാറും ബേണി ഹാർമോണിയവും വായിക്കാൻ തുടങ്ങി. ഒപ്പം ആലാപനത്തിലും മികവുപുലർത്തി. സ്കൂൾ-കോളജ് മത്സരങ്ങൾ, ദൈവാലയ സംഗീതം, ക്ലബ് പരിപാടികൾ എന്നിവയിലൂടെ സംഗീതരംഗത്തെ വളർച്ച ത്വരിതഗതിയിലായിരുന്നു.

1971-ൽ അഖില കേരളാടിസ്ഥാനത്തിൽ കലാഭവൻ സംഘടിപ്പിച്ച ലളിതഗാനമത്സരത്തിലെ സബ്ജൂനിയർ വിഭാഗത്തിൽ ഒന്നാംസ്ഥാനം ലഭിച്ചത് 11 വയസുകാരനായ ബേണിക്കായിരുന്നു. ഗാനഗന്ധർവൻ കെ.ജെ യേശുദാസ്, ആന്റണി മാസ്റ്റർ, കർണാടിക് സംഗീതജ്ഞ നളിനി നാരായണൻ തുടങ്ങിയവരായിരുന്നു അന്നത്തെ ജൂറിമാർ. സംസ്ഥാന വിദ്യാഭ്യാസമന്ത്രി സി.എച്ച് മുഹമ്മദ് കോയയിൽനിന്ന് ആദ്യ സംസ്ഥാന അംഗീകാരം ലഭിച്ചതോടെ ബേണിയെ ശാസ്ത്രീയമായി സംഗീതപരിശീലനത്തിന് ഒരുക്കാൻ ജ്യേഷ്ഠൻ ഫ്രാൻസിസ് തീരുമാനിച്ചു. അങ്ങനെ പത്താംക്ലാസുവരെ സംഗീതത്തിൽ ശാസ്ത്രീയമായി ഒരടിത്തറയുമില്ലാതിരുന്ന ബേണിയെ കലാഭവനിൽ സംഗീതപരിശീലനത്തിനു ചേർത്തതോടെ 'സരിഗമ' എന്തെന്ന് ഈ ബാലനറിഞ്ഞു. ആറുമാസത്തെ പരിശീലനാനന്തരം ബേണി കലാഭവന്റെ ജൂനിയർ ഓർക്കസ്ട്രാംഗമായി.

## ഉപകരണ സംഗീതരംഗത്തേക്ക്

ഗാനാലാപനം സാധ്യമാകാതെ വന്നതോടെ ബേണി ഉപകരണ സംഗീതരംഗത്തേക്ക് ശ്രദ്ധപതിപ്പിച്ചു. ആദ്യം ഹാർമോണിയം തുടർന്ന് ഗിറ്റാർ എന്നിവയിൽ ശാസ്ത്രീയമായി അവഗാഹം നേടി. 1975-ൽ വരാപ്പുഴ അതിരൂപതയുടെ മാസ്മീഡിയ കമ്മ്യൂണിക്കേഷൻ സെന്ററായ സി.എ.സി ആരംഭിക്കുമ്പോൾ അവിടെ കോംഗോ ഡ്രം പരിശീലകനായി 15 കാരൻ ബേണി നിയോഗിതനായി. ഒപ്പം സി.എ.സി ജൂനിയർ ഓർക്കസ്ട്ര ടീമിലും ഇടംനേടി. രണ്ടുവർഷം കഴിഞ്ഞപ്പോൾ കലാഭവനിൽ സീനിയർ ഓർക്കസ്ട്ര ടീമിൽ ഗിറ്റാറിസ്റ്റായി. അതൊരു വഴിത്തിരിവായിരുന്നു. കൂടുതൽ പ്രൊഫഷണലായി മുന്നേറുന്നതിന് ഈ മേഖലകൾ വലിയ അനുഭവസമ്പത്തായി മാറി. കേരളംകണ്ട ലജൻഡ്രി വയലിനിസ്റ്റ് റെക്സ് ഐസക്സിന്റെ കീഴിൽ ഗിറ്റാർ പരിശീലനം ലഭിച്ചത് ബേണിയുടെ സംഗീത കരിയറിലെ നാഴികക്കല്ലായിരുന്നു. ഇതിനിടയിൽ കെ.കെ ആന്റണി മാസ്റ്ററുടെ കീഴിൽ ബേണിക്ക് സംഗീത സഹായിയായി പ്രവർത്തിക്കാനവസരം ലഭിച്ചു. സംഗീതത്തിലെ രാഗങ്ങളെക്കുറിച്ചുള്ള അടിസ്ഥാനയറിവ് ലഭിക്കുന്നത് ആന്റണി മാസ്റ്ററോടൊപ്പമുള്ള സഹവാസകാലത്തായിരുന്നു. കർണാട്ടിക് സംഗീതത്തോട് ഈ യുവാവിന് ആഭിമുഖ്യവും അടിസ്ഥാനവും ലഭ്യമാകുന്നത് ഈയവസരത്തിലാണ്.

## ആദ്യഗാനം റിലീസാകുന്നു

1979-80 കാലഘട്ടത്തിലാണ് ബേണിയുടെ സംഗീത സംവിധാന മാധുരി പുറംലോകമറിയുന്നത്. എറണാകുളം സെന്റ് മേരീസ് ബസിലിക്കാ സഹവികാരി ഫാ. വർഗീസ് മണവാളൻ (ഇപ്പോൾ മലയാറ്റൂർ സെന്റ് തോമസ് തീർഥാടന കേന്ദ്രം റെക്ടർ) നേ

www.malankaralibrary.com

തൃത്വം നൽകി പുറത്തിറക്കിയ 12 ഗാനങ്ങളുൾപ്പെട്ട ക്രിസ്ത്യൻ ഭക്തിഗാന ആൽബത്തിൽ രണ്ട് ഗാനങ്ങൾ ബേണിയും ഒരു ഗാനം ഇഗ്നേഷ്യസും ചിട്ടപ്പെടുത്തിയതായിരുന്നു. ആദ്യ ഡിസ്ക്കുതന്നെ ഹിറ്റായി. ആത്മവിശ്വാസം വർധിച്ചതോടെ കൊച്ചിൻ കോറസിനൊപ്പം അമേരിക്കയിൽ സംഗീതപര്യടനത്തിൽ പങ്കുചേരുകയും അവിടെ ഗാനമേള പരിപാടികൾക്കു പുറമേ ക്രിസ്ത്യൻ ഭക്തിഗാനങ്ങൾക്ക് സംഗീതസംവിധാനമൊരുക്കി ആൽബങ്ങൾ പുറത്തിറക്കുകയും ചെയ്തു. വിദേശയാത്ര കഴിഞ്ഞ് തിരിച്ചെത്തിയതോടെയാണ് ബേണിയെന്ന സംഗീതജ്ഞനെ സ്വന്തം നാട്ടിൽ തിരിച്ചറിയാൻ തുടങ്ങിയത്.

## സിനിമാരംഗത്തേക്ക്

സെന്റ് ആൽബർട്സ് കോളജിലെ ബിരുദബിരുദാനന്തരപഠനം പൂർത്തിയാക്കി നിൽക്കുമ്പോഴാണ് കസെറ്റ് വിപ്ലവത്തിന്റെ ശോഭയിലേക്ക് ബേണിഇഗ്നേഷ്യസുമാർ ആകൃഷ്ടരാകുന്നത്. രഞ്ജിനി കസെറ്റ്സിലൂടെയായിരുന്നു രംഗപ്രവേശനം. തുടർന്ന് നിസരി, തരംഗിണി, സരിഗ, ജോണി സാഗരിക തുടങ്ങിയ പ്രമുഖ കസെറ്റ് കമ്പനികൾക്കുവേണ്ടി സംഗീത സംവിധാനം നിർവഹിച്ചു. 1991-ൽ ചലച്ചിത്ര ഗാനരചയിതാവ് ഷിബു ചക്രവർത്തിയുടെ ശുപാർശയിലാണ് 'കാഴ്ചയ്ക്കപ്പുറം' എന്ന ചിത്രത്തിനുവേണ്ടി സംഗീത സംവിധാനം നിർവഹിക്കുന്നത്. ചിത്രം വിജയകരമായില്ലെങ്കിലും ഗാനങ്ങൾ വിഖ്യാതമായി. അതോടെ ചലച്ചിത്രരംഗത്തെ പലരും – സംവിധായകൻ പ്രിയദർശനുൾപ്പടെ ഈ സംഗീത സംവിധായകനെ ശ്രദ്ധിക്കാൻ തുടങ്ങി. ഇതിനിടയിലാണ് സംഗീതസംവിധായകരായ കെ. രാഘവൻമാഷ്, എം.എസ് വിശ്വനാഥൻ മാസ്റ്റർ, ശ്യാം, ജെറി അമൽദേവ്, എം.ജി രാധാകൃഷ്ണൻ തുടങ്ങിയവരുടെ സഹായിയായി പ്രവർത്തിക്കാൻ അവസരമൊരുങ്ങുന്നത്.

പ്രിയദർശൻ സംവിധാനം ചെയ്ത് 1993-ൽ പുറത്തിറങ്ങിയ 'തേന്മാവിൻകൊമ്പത്ത്' എന്ന ചിത്രത്തിലെ സംഗീത സംവിധാനത്തിലൂടെയാണ് ബേണി പ്രശസ്തിയുടെ കൊടുമുടി കയറാൻ തുടങ്ങിയത്. ഗായകൻ എം.ജി ശ്രീകുമാറും രഞ്ജിനി കസെറ്റുടമ ഉസ്മാനുമാണ് ഇതിന് വഴിതെളിച്ചത്. ആ വർഷത്തെ സംസ്ഥാന അവാർഡടക്കം നിരവധി പുരസ്കാരങ്ങൾ ഈ ചിത്രത്തിലെ ഗാനസംവിധാനത്തിനു ലഭിച്ചു. ചലച്ചിത്ര സംഗീതസംവിധായകനെന്ന ഒരു മേൽവിലാസം നേടിക്കൊടുത്തതുതന്നെ ഈ തേന്മാവായിരുന്നു.

## ബേണി– ഇഗ്നേഷ്യസ് രസതന്ത്രം

ഇന്ത്യയിൽതന്നെ അപൂർവമാണ് സഹോദരങ്ങൾ സംഗീത സംവിധാനരംഗത്ത് മുടിചൂടാ മന്നൻമാരായി ഒരുമിച്ചു മുന്നേറുന്നത്. ബേണി ഇഗ്നേഷ്യസ് രസതന്ത്രത്തിന്റെ സമവാക്യങ്ങൾ അത്രയ്ക്ക് ഹൃദ്യമാണ്. ചെറുപ്പകാലത്തുതന്നെ നാട്ടിലെ രാഷ്ട്രീയപാർട്ടിക്കാരും അമച്വർ നാടകക്കാരും പാട്ടുകൾ സംഗീതം ചെയ്യാൻ ജ്യേഷ്ഠൻ ഇഗ്നേഷ്യസിനെ ഏൽപ്പിക്കുമായിരുന്നു. അദ്ദേഹം ബേണിയേയും കൂട്ടിയിരുത്തി കൂടിയാലോചിച്ചാണ് അന്നേ ട്യൂൺ ചെയ്തിരുന്നത്. ഇതൊരു പഠനക്കളരി തന്നെയായിരുന്നു. സംയുക്തമായ കൂടിയാലോചനകളും ആശയങ്ങളുടെ പങ്കുവയ്ക്കലുകളുമൊക്കെ സംഗീതസംവിധാനരംഗത്തെ അനുഭവപാഠങ്ങളായിരുന്നു. ഈ കൂട്ടുകെട്ടിലെ ഊർജം ഉൾക്കൊണ്ടാണ് ഇരുവരും സംഗീത സംവിധാനം നിർവഹിച്ചിരുന്നത്. എന്നാൽ 1985-ൽ രഞ്ജനി കസെറ്റ്സിലൂടെയാണ് ബേണി ഇഗ്നേഷ്യസുമാരുടെമാത്രംപേരിൽ ആദ്യ സംഗീത സംവിധാനമികവ് പുറത്തുവരുന്നത്. തേൻമാവിൻകൊമ്പത്തിലൂടെ ഈ നാമം ബ്രാൻഡഡുമായി. ഇതൊരു ദൈവാനുഗ്രഹമാണെന്ന് ബേണി ഉറച്ചുവിശ്വസിക്കുന്നു. ഒരേ വീട്ടിലെ സഹോദരന്മാർ ഒരു ഈഗോയും കൂടാതെ നാളിതുവരെ ഈ രംഗത്ത് കീർത്തിയോടെ നിലകൊള്ളുമ്പോൾ ഇന്ത്യയിൽതന്നെ സഹോദര സംഗീതസംവിധായകർ വിരളമായിരിക്കുമെന്നാണ് ബേണി പറയുന്നത്.

## ഹിന്ദുസ്ഥാനി വിശാരദ്

കേരളത്തിലെ പ്രശസ്ത ഗസൽ ഗായകൻ ഉമ്പായിയുടെ ഗസൽ പരിപാടിക്കായി 22 വർഷം മുമ്പാണ് ബേണി ആദ്യമായി ക്ഷണിക്കപ്പെടുന്നത്. മുന്നിൽ നിന്ന് ആലപിക്കുന്ന ഉമ്പായി. പിന്നിൽ ഗിറ്റാറുമായി നിൽക്കുന്ന ബേണിക്ക് അദ്ദേഹം പറയുന്ന ഹിന്ദുസ്ഥാനി ടേം ഒന്നും ഉൾക്കൊള്ളാനാകുമായിരുന്നില്ല. കർണാട്ടിക്കാണ് ബേണിക്ക് വശം. ഈ വേദിയിൽനിന്നുള്ള ഉൾക്കാഴ്ചയായിരുന്നു ഈ രംഗത്ത് ചുവടുറപ്പിക്കണമെങ്കിൽ ഹിന്ദുസ്ഥാനി സംഗീതം കൂടെ അഭ്യസിച്ചേ മതിയാകൂവെന്നത്. അക്കാലത്ത് ഓൺലൈൻ ക്ലാസുകളൊന്നുമില്ല. കേരളത്തിൽ ഹിന്ദുസ്ഥാനി സംഗീതം പഠിക്കാൻ അധികം കേന്ദ്രങ്ങളുമില്ല. ഈ വിഷമസന്ധിയിലാണ് ബേണി ഗുരുഭൂതനായി കണ്ടിരുന്ന പണ്ഡിറ്റ് രമേശ് നാരായ

______ ശേഷം പേജ് 43– ൽ

www.malankaralibrary.com


# ഹൈറേഞ്ചിലെ നല്ല സമരിയാക്കാരി

സ്റ്റാഫ് റിപ്പോർട്ടർ

**സർക്കാർ ഉദ്യോഗസ്ഥയായിരിക്കുമ്പോഴും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും ശക്തീകരണത്തിനുമായി കർമോന്മുഖയാകാനും അനീതികൾക്കെതിരെ ഉറച്ച നിലപാടുകളെടുക്കാനും സാധിക്കുമെന്ന് സാക്ഷ്യപ്പെടുത്തിയ വ്യക്തിത്വമാണ് ഡോ. റോസക്കുട്ടി എബ്രഹാം. ഇടുക്കി ജില്ലാ വിമൻസ് കൗൺസിൽ സെക്രട്ടറി, കെ.സി.ബി.സി വിമൻസ് കമ്മീഷൻ സെക്രട്ടറി, സി.ബി.സി.ഐ വിമൻസ് കൗൺസിൽ കോർ കമ്മിറ്റിയംഗം എന്നീ നിലകളിൽ കർമനിരതയായ ഡോ. റോസക്കുട്ടി എബ്രഹാമിന്റെ സാമൂഹിക പ്രതിബദ്ധതനിറഞ്ഞ ജീവിതകാഴ്ചകൾ.**

നാലര പതിറ്റാണ്ടുകാലമായി സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഡോ. റോസക്കുട്ടി എബ്രഹാം ഹൈറേഞ്ചിലെ നല്ല അയൽക്കാരിയായി ഇപ്പോഴും ഈ ശുശ്രൂഷാദൗത്യം തുടരുമ്പോൾ, "നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുവിൻ'' (അപ്പ 1:8) എന്ന തിരുവചനമാണ് ചാരിറ്റബിൾ പ്രവർത്തനങ്ങൾക്ക് തന്നെ പ്രചോദിതയാക്കുന്നതെന്ന് ഉള്ളുതുറന്നു സമ്മതിക്കുന്നു.

ചെറുപ്പത്തിൽ പഠനകാലം മുതലേ സാമൂഹിക പ്രവർത്തനങ്ങളെ സ്വപ്നം കണ്ടുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു ഡോ. റോസക്കുട്ടിയുടേത്. സ്ത്രീകളുടെയും കുട്ടികളുടെയും മേഖലയിലേക്ക് കൂടുതലായി തിരിയുന്നത് 1972-ൽ ഇടുക്കി ജില്ല രൂപികൃതമാകുകയും, അതേ വർഷംതന്നെ പൊലീസ് വകുപ്പിൽ ജോലി ലഭിക്കുകയും ചെയ്തതോടെയാണ്. 1972 മുതൽ 1976 വരെ കോട്ടയത്തായിരുന്ന ഇടുക്കി ജില്ലാ ആസ്ഥാനം പൈനാവിലേയ്ക്കു മാറ്റിയപ്പോൾ ആ കൂട്ടത്തിൽ പൊലീസ് ഓഫീസിൽ ജോലി ചെയ്തിരുന്ന റോസക്കുട്ടിയും പൈനാവിലേയ്ക്കു വരേണ്ടി വന്നു. ഏഴു സ്ത്രീകൾക്കൊപ്പം, പൊലീസ് ഓഫീസിലെ ജോലിക്കാരിയായ കാർത്ത്യായനി ചേച്ചിയോടൊപ്പം ഇടുക്കി ഡാമിന്റെ പണിക്കുവന്ന ജോലിക്കാർ ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു ക്വാർട്ടേഴ്സിലാണ് താമസമാരംഭിച്ചത്. വനത്താൽ ചുറ്റപ്പെട്ടു കിടന്നിരുന്ന ആ സ്ഥലത്ത് ആനയും ഇഴജന്തുക്കളും മറ്റു കാട്ടുമൃഗങ്ങളും ശല്യക്കാരായിരുന്നു. ദുരിതപൂർണമായ ഈ അവസ്ഥയിൽ സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും സുരക്ഷിതമായി മുന്നോട്ടു പോകാനുള്ള എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെന്ന ആലോചനയിൽനിന്നാണ് പരോപകാര പ്രവർത്തനങ്ങളുടെ തുടക്കം. 1976 ഒക്ടോബർ 31-നായിരുന്നു ബാങ്ക് ഉദ്യോഗസ്ഥനായ ചിറക്കൽ എബ്രഹാമുമായുള്ള റോസക്കുട്ടിയുടെ വിവാഹം. ഏറ്റവും ഇഷ്ടപ്പെട്ട ജോലിയായിരുന്നു പൊലീസ് വകുപ്പിലെ ഉദ്യോഗമെങ്കിലും വിദ്യാഭ്യാസവകുപ്പിൽ ജോലി ലഭിച്ചപ്പോൾ ഭർത്തൃവീട്ടുകാരുടെ നിർബന്ധംമൂലം റോസക്കുട്ടി ഈ ജോലി ഉപേക്ഷിച്ചു.

വിദ്യാഭ്യാസ വകുപ്പിൽ 8 മാസത്തോളം ജോലി ചെയ്തശേഷം, റവന്യൂ വകുപ്പിലേയ്ക്ക് മാറ്റം ലഭിച്ച്, ഇടുക്കി കളക്ടറുടെ ഓഫീസിൽ സേവനമനുഷ്ഠിക്കാൻ തുടങ്ങി. ഈ പ്രവർത്തന മേഖലയാണ് റോസക്കുട്ടിയുടെ സാമൂഹിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് മാറ്റു കൂട്ടിയത്.

ഈ അവസരത്തിൽ ഓഫീസിൽ കുഞ്ഞുങ്ങളുമായെത്തുന്ന സ്ത്രീകൾ, അവർക്കു ശരിയായ

www.malankaralibrary.com



താമസ സൗകര്യങ്ങളോ, കുട്ടികളുടെ സംരക്ഷണ ത്തിനുള്ള ഡേ കെയറുകളോ ഇല്ലാതെ, അവധി എടു ത്തുപോകുന്ന സ്ഥിതിയായിരുന്നു. മുൻഗാമിക ളായ സ്ത്രീകൾ സ്റ്റേറ്റ് വിമൻസ് കൗൺസിലിന്റെ ബ്രാ ഞ്ചായി രൂപീകരിച്ചിരുന്ന ഒരു സൊസൈറ്റി പ്രവർത്ത നങ്ങൾ മന്ദീഭവിച്ചു കിടക്കുന്നതായി റോസക്കുട്ടി യുടെ ശ്രദ്ധയിൽപ്പെട്ടു. ആ സൊസൈറ്റിയെ പുന ർജീവിപ്പിച്ചെടുക്കുക എന്നതായിരുന്നു ആദ്യസ്വ പ്നവും ലക്ഷ്യവും.

## ഗിരിറാണി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

സൊസൈറ്റിക്കു പണമില്ലാതിരുന്നതിനാൽ ജില്ല യിൽ നടക്കുന്ന മേളകളിലും മറ്റും ടീ സ്റ്റാൾ നടത്തി യും ബെനഫിറ്റ് ഷോ നടത്തിയും സ്കൂൾ കുട്ടിക ൾക്ക് യൂണിഫോം തയ്ക്കുന്ന ജോലികൾ ഏറ്റെടു ത്തു നടത്തിയും കുറച്ചു പണമുണ്ടാക്കി. അതു പയോഗിച്ച് കട്ടിൽ, മേശ, കസേര, മറ്റ് അത്യാവശ്യ ഫർണിച്ചറുകൾ, കുക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങിയശേഷം, പൈനാവ് PWD യിൽ നിന്നും ഒരു ക്വാർട്ടേഴ്സ് വാടകയ്ക്ക് എടുത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിച്ചു. ആ കെട്ടിടം മതിയാകാതെ വന്നപ്പോൾ മറ്റൊരു ക്വാർട്ടേഴ്സ് കൂടി എടുത്തു. അതും മതിയാകാതെ വന്നപ്പോഴാണ് സ്ഥിരമായി ഒരു കെട്ടിടത്തെക്കുറിച്ച് ആലോചിച്ചത്.

നിരന്തരമായ ശ്രമങ്ങളുടെ ഫലമായി ജില്ലാ കളക്ടർ കുയിലിമലയിൽ ഒരേക്കർ സ്ഥലം അനു വദിച്ചുനൽകി. എം.പി ഫണ്ടുവഴിയും ഗവൺമെന്റ് ഏജൻസിയായ നിർമിതി കേന്ദ്രം വഴിയും മറ്റും ലഭ്യമായ തുകയിലൂടെ 95 പേർക്കുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ കെട്ടിടവും കുട്ടികൾക്കുള്ള ഡേ കെയർ കെട്ടിടവും നിർമിച്ചു. ജില്ലാ ആസ്ഥാന ത്തെ സ്ത്രീകളുടെയും കുട്ടികളുടെയും കുടുംബ ങ്ങളുടെയും ഏക ആശ്രയമായി ഈ സ്ഥാപനങ്ങൾ മാറി.

## ലൈഫ് ഗൈഡൻസ് സെന്റർ

ഗവ. എഞ്ചിനീയറിംഗ് കോളജ്, പോളിടെക്നിക് എന്നിവിടങ്ങളിലെ കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് കൗൺസിലിംഗിന്റെ ആവശ്യകത മനസ്സിലാക്കി കുയി ലിമല ഹോസ്റ്റലിനോടനുബന്ധിച്ച് ലൈഫ് ഗൈ ഡൻസ് സെന്റർ എന്ന പേരിൽ സിസ്റ്റർ ജാൻസീന സി. എം.സിയുടെ നേതൃത്വത്തിൽ ഒരു കൗൺസിലിംഗ് സെന്ററും ആരംഭിച്ചു. ഈ സെന്ററിൽ കുടുംബക്കാ രും വരാൻ തുടങ്ങുകയും തിരികെ വീട്ടിലേക്ക് പോ കാത്ത അവസ്ഥ സംജാതമാകുകയും ചെയ്തതോ ടെ ഹോസ്റ്റലിൽ ഇവർക്ക് അഭയം നല്കി. അത് ഉചിത മല്ല എന്നു ബോധ്യമായപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സ്കീം ആയ സ്വാധർ ഷെൽട്ടർ ഹോമിനായി കേന്ദ്ര ഗവൺമെന്റിൽ അപേക്ഷ വച്ചു. 2 വർഷത്തെ പരി ശ്രമഫലമായി കേന്ദ്ര സർക്കാർ ഇടുക്കിക്ക് സെന്റർ അനുവദിച്ചു നൽകി. കേരളത്തിനനുവദിച്ചു കിട്ടിയ 3 സെന്ററുകളിലൊന്നാണിത്. വിവിധ കാരണങ്ങളാൽ വിഷമതയനുഭവിക്കുന്ന 1006 അംഗങ്ങൾ നാളിതു വരെ ഈ സെന്ററിലെത്തി. കൗൺസിലിംഗിലൂടെയും ചെറിയ ചികിത്സയിലൂടെയും കുടുംബക്കാരുമായി സംസാരിച്ചും മറ്റും 99% പേരെയും നല്ല രീതിയിൽ പുനരധിവസിപ്പിക്കാൻ കഴിഞ്ഞു.

## സ്വാധർ ഷെൽട്ടർ ഹോം

ഏതുതരത്തിലുള്ള വിഷമങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കുമുള്ള അഭയകേന്ദ്രമാണ് സ്വാധർ ഷെൽട്ടർ ഹോം. കേന്ദ്ര സർക്കാരിന്റെ വനിതാശിശുവികസന പദ്ധതിയുടെ ഭാഗമായ സെന്ററാണിത്. വിവിധ കാരണങ്ങളാൽ പൊലീസിന്റെ കൈകളിലകപ്പെട്ട് സംരക്ഷണത്തി നായി ഏല്പിക്കപ്പെടുന്നവർ, ജയിലിൽ പോയവ രുടെ ഭാര്യമാരും കുഞ്ഞുങ്ങളും, അവിഹിതബന്ധ ങ്ങളിൽപ്പെട്ടുപോയവർ, അവിവാഹിതകളായ അമ്മ മാർ, ഭാര്യാ– ഭർതൃബന്ധങ്ങളിലെ പ്രശ്നങ്ങളുള്ള വർ തുടങ്ങിയ വിവിധതരത്തിൽ വിഷമതയനുഭ

www.malankaralibrary.com

വിക്കുന്നവരും മദ്യവും മയക്കുമരുന്നും മൂലമുള്ള ഉപയോഗങ്ങളാൽ കുടുംബജീവിതം മുന്നോട്ടു കൊണ്ടുപോകാൻ പറ്റാതെ വീടുവിട്ടു പോരുന്നവർ തുടങ്ങി നിരവധി പ്രശ്നബാധിതരാണ് ഇവിടെ എത്തുന്നവർ. 2010, ആഗസ്റ്റ് 15-നാണ് ഇതിന്റെ തുടക്കം. വേദനിക്കുന്നവർക്ക് ആശ്വാസം നല്കുക എന്ന ദൗത്യമാണ് സാമൂഹ്യസേവനരംഗത്ത് ഏറ്റവും വലുത് എന്ന ചിന്ത ഡോ. റോസക്കുട്ടിയെ ഈ പ്രവർത്തനങ്ങളിൽ സധൈര്യം മുന്നേറാൻ സഹായിച്ചു.

## സൗജന്യ നിയമസഹായം

സ്വാധർ ഷെൽട്ടർ ഹോമിൽ വരുന്ന പലർക്കും നിയമസഹായം ആവശ്യമാണ്. അഭിഭാഷകർക്ക് ഫീസുകൊടുക്കാൻ നിർവാഹമില്ലാതെ വിഷമാവസ്ഥയിലെത്തിയപ്പോൾ പരിഹാരത്തെക്കുറിച്ച് ആലോചിക്കുകയും അന്വേഷണഫലമായി സൗജന്യനിയമസഹായം (SPC -Service providing centre ie free legal AID) ലഭിക്കാൻവേണ്ടി കേരള ഗവൺമെന്റിന് അപേക്ഷ വച്ചു, അത് അനുവദിച്ചു തരികയും, 7500/- രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു അഭിഭാഷകനെയും ഗവൺമെന്റ് അനുവദിക്കുകയും ചെയ്തു.

## തേജസ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

കുയിലിമലയിൽ സ്ത്രീകൾക്ക് താമസത്തിനുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിലും വാഴത്തോപ്പ്, ചെറുതോണി പരിസരങ്ങളിൽ സൗകര്യം ഇല്ലായിരുന്നു. ഈ സ്ഥലങ്ങളിലെവിടെയെങ്കിലും ഒരു ഹോസ്റ്റൽ ആരംഭിക്കാനുള്ള ആവശ്യം ഉയർന്നപ്പോൾആയതിന് സ്ഥലം വാങ്ങി, ബാങ്ക് വായ്പ എടുത്ത് കെട്ടിടം പണിത് തേജസ് എന്ന പേരിൽ 100 ഓളം പേർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

## പ്രളയകാലപ്രവർത്തനങ്ങൾ

2018- ലെ പ്രളയകാലത്ത് പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഡോ. റോസക്കുട്ടി എബ്രഹാമിന്റെ നേതൃത്വത്തിൽ സാധിച്ചു. വിമൻസ് കൗൺസിൽ, YWCA, ലേഡീസ് ക്ലബ്, റോട്ടറി ക്ലബ് തുടങ്ങിയ വനിതാസംഘടനകളുമായി സഹകരിച്ച് പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് 12 ലക്ഷത്തോളം രൂപയുടെ കട്ടിൽ, അലമാര, മേശ, കസേര തുടങ്ങിയ ഫർണീച്ചറുകളും തയ്യൽ മെഷീൻ, കുക്കിംഗ് പാത്രങ്ങൾ, ചികിത്സാസഹായങ്ങൾ എന്നിവ നൽകുകയുണ്ടായി. തുടർന്ന് റോസക്കുട്ടി സെക്രട്ടറി ആയിരിക്കുന്ന കൗൺസിലിന്റെ നേതൃത്വത്തിൽ ഡോ. മൈത്രേയി, കട്ടപ്പന സെന്റ് ജോൺ ഓഫ് ഗോഡ് ബ്രദേഴ്സ്, എം.ജോർജ് മുത്തൂറ്റ് ഗ്രൂപ്പ് എന്നിവരുടെ സഹായത്താൽ 80 സെന്റ് സ്ഥലം മണിയാറൻകുടിയിൽ വാങ്ങി 16 പേർക്ക് എല്ലാ സൗകര്യങ്ങളുമുള്ള വീടുകൾ നിർമ്മിച്ച് 2020 ഫെബ്രുവരി 8-ന് താക്കോൽ നല്കി.

## പ്രതിസന്ധികളും പിടിച്ചുനില്പും

ഒന്നുമില്ലാതിരുന്ന ഒരു അവസ്ഥയിൽ നിന്നും കഴിഞ്ഞ 4 പതിറ്റാണ്ടിലൂടെ പടിപടിയായ പ്രവർത്തനങ്ങളിലൂടെ, പ്രതിബന്ധങ്ങളെ എല്ലാം അതിജീവിച്ച് ഇന്ന് നല്ല നിലയിലും പ്രശസ്തമായ രീതിയിലും പ്രവർത്തിക്കുന്ന 8 സ്ഥാപനങ്ങൾ പടുത്തുയർത്താൻ കഴിഞ്ഞതിൽ ഈ സ്ത്രീശക്തീകരണ പോരാളിക്ക് അഭിമാനവും ചാരിതാർഥ്യവുമാണ്. ഇടുക്കി ജില്ലാ വിമൻസ് കൗൺസിൽ എന്ന പ്രസ്ഥാനത്തിലൂടെയാണ് ഡോ. റോസക്കുട്ടി എബ്രഹാം നാലു പതിറ്റാണ്ടിലേറെയായി സാമൂഹ്യസേവന മേഖല വികസിപ്പിച്ചെടുത്തത്.

"എന്നെ കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ല" (യോഹ 15:6) എന്ന ബൈബിൾവാക്യം റോസമ്മ എബ്രഹാമിന്റെ മനസ്സിൽ എപ്പോഴുമുണ്ട്. "നീ എന്റെ കൂടെ ഉള്ളപ്പോൾ മറ്റൊരു ശക്തിക്കും എന്നെ പരാജയപ്പെടുത്താൻ കഴിയില്ല. ഞാനിതാ എന്റെ പ്രവർത്തന മേഖലയിലേക്കു കടക്കുന്നു. എന്നെ നയിക്കേണമെ." ഈ പ്രാർഥന എല്ലാ പ്രതിബന്ധങ്ങളും മറികടക്കാൻ ഈ നല്ല സമരിയാക്കാരിയെ സഹായിക്കുന്നു. പ്രശ്നകലുഷിതമായ ഒരു സാമൂഹിക ചുറ്റുപാടിൽ സാമൂഹിക പ്രതിബദ്ധതയോടെയുള്ള മുന്നേറ്റത്തിൽ മറക്കാനാവാത്ത തിക്താനുഭവങ്ങളും ഓർമിക്കപ്പെടുന്ന നല്ല അനുഭവങ്ങളും തനിക്ക് ഉണ്ടായിട്ടുണ്ടെന്നും റോസക്കുട്ടി പങ്കുവയ്ക്കുന്നു.

ഇടുക്കി ജില്ലാ ആസ്ഥാനത്ത് 1983 മുതൽ കൗൺസിൽ ഭാരവാഹിത്വമേറ്റെടുത്ത് അഹോരാത്രം പരിശ്രമിച്ചതിന്റെ ഫലമായാണ് വാടകകെട്ടിടത്തിൽ വനിതകൾക്കുവേണ്ടി ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കാൻ കഴിഞ്ഞത്. 1989 വരെ മുന്നോട്ടുപോയി. 35 രൂപയായിരുന്നു ഓരോരുത്തരിൽ നിന്നും അന്ന് ഈടാക്കിയിരുന്ന പ്രതിമാസവാടക. എന്നാൽ, വാർഡന്റെ ശമ്പളം, കുക്കിന്റെ ശമ്പളം വാട്ടർ, ഇലക്ട്രിസിറ്റി, മറ്റു ചിലവുകളെല്ലാം കൂടി വഹിക്കാൻ തികയാതെ വന്നപ്പോൾ പ്രതിമാസ വാടക 35

www.malankaralibrary.com

രൂപയിൽ നിന്ന് 45 രൂപയായി വർധിപ്പിക്കാൻ യോഗം തീരുമാനിച്ചു. ആദ്യം നോട്ടീസിട്ടപ്പോൾ എതിർപ്പുകൾ ഇല്ലായിരുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ വർധനവിനെതിരെ ഏതാനും ചിലർ ശബ്ദിച്ചു തുടങ്ങി. പിന്നീട് അതു വലുതായി. ജോലിക്കാർ 2 ഗ്രൂപ്പായി തിരിഞ്ഞ് രാഷ്ട്രീയപരമായി നീങ്ങാൻ തുടങ്ങി. ഇരുഭാഗത്തെയും നേതൃത്വങ്ങൾ തമ്മിൽ ഏറ്റുമുട്ടലുകൾ വർധിച്ചപ്പോൾ ഹോസ്റ്റൽ അടക്കാൻ തീരുമാനിച്ചു. കഠിനാധ്വാനത്തിലൂടെ പടുത്തുയർത്തിയ സ്ഥാപനം നിസ്സാരകാര്യങ്ങൾക്കുവേണ്ടി അടക്കേണ്ടി വന്നപ്പോൾ താങ്ങാവുന്നതിനപ്പുറമായിരുന്നു മാനസിക വ്യഥ. എന്നാൽ പിന്നീടുണ്ടായ അനുഭവം ആ വേദനകളെ എല്ലാം അകറ്റുന്നതായിരുന്നു.

ഹോസ്ററൽ അടച്ചുകഴിഞ്ഞപ്പോൾ ഇവിടെ വേറെ സൗകര്യങ്ങളില്ലാത്തതിനാൽ, തുറന്നു പ്രവർത്തിക്കണമെന്ന ആവശ്യവുമായി ഇരുകൂട്ടരും രംഗത്തെത്തി. എന്നാൽ ആയതിനു തയ്യാറായില്ല. 8 കിലോമീറ്റർ അകലെ വേറെ കെട്ടിടം വാടകയ്ക്കെടുത്ത് അവിടെ ഹോസ്റ്റൽ ആരംഭിച്ചു. പ്രശ്നങ്ങളില്ലാതെ പോകുന്ന അവസരത്തിൽ ജില്ലാ ഭരണകൂടം തന്നെ വിളിച്ച് ആദ്യസ്ഥലത്തു തന്നെ ഹോസ്റ്റൽ ആരംഭിക്കാനുള്ള നടപടികൾക്കായി ആവശ്യപ്പെടുകയും എല്ലാ സപ്പോർട്ടും വാഗ്ദാനം ചെയ്യുകയും ചെയ്തു. അങ്ങനെ നടത്തിയ സ്ഥലത്തല്ലാതെ കൗൺസിലിന് അനുവദിച്ചിട്ടുള്ള സ്ഥലത്ത് സ്ഥിരമായി കെട്ടിടം പണിയാൻ നടപടി സ്വീകരിച്ച് ഒരു ഭാഗം പൂർത്തീകരിച്ച് 1999-ൽ പ്രവർത്തനമാരംഭിച്ചു. ഈസമയത്ത് 1989-ൽ ഹോസ്റ്റൽ അടക്കാനുള്ള അവസരം സൃഷ്ടിച്ച നേതാവ് തന്നെ വിളിച്ച് അയാൾക്കു വേണ്ടപ്പെട്ട ഒരാൾ ഓഫീസിലേക്കു ജോലി മാറി വന്നിട്ടുണ്ടെന്നും അവർക്ക് ഹോസ്റ്റലിൽ ഒരു സീറ്റു കൊടുക്കണമെന്നും ആവശ്യപ്പെട്ടു. ഹോസ്റ്റലിൽ പരിമിതിയുണ്ടായിരുന്നെങ്കിലും നൽകാമെന്ന് റോസക്കുട്ടി മറുപടി നൽകി. ഇത് ദൈവത്തിന്റെ വിളിയായി ഇന്നും അവർ മനസ്സിൽ സൂക്ഷിക്കുന്നു.

## അംഗീകാരങ്ങൾ

1987 മുതൽ 1997 വരെയുള്ള 10 വർഷത്തെ നല്ല സേവനങ്ങൾ പരിഗണിച്ച് കേന്ദ്രഗവൺമെന്റിന്റെ നാഷണൽ എക്സലൻസ് അവാർഡ് ഡോ. റോസക്കുട്ടി എബ്രഹാം നേതൃത്വം കൊടുക്കുന്ന സൊസൈറ്റിക്കാണ് ലഭിച്ചത്. 2017 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി സെക്രട്ടറി എന്ന നിലയിലുള്ള വ്യക്തിഗത നാഷണൽ അവാർഡ്, 2021- ൽ കേരള ഗവൺമെന്റ് വനിതാ ശിശുവികസന വകുപ്പിന്റെ വ്യക്തിഗത അവാർഡ്, ആത്മ ഇന്റർനാഷണൽ യുകെയുടെ നാഷണൽ എക്സലൻസ് അവാർഡ്, അക്കാഡമി ഓഫ് യൂണിവേഴ്സൽ ഗ്ലോബൽ പീസിന്റെ ഹോണററി ഡോക്ടറേറ്റ്, സഭയിലും സമൂഹത്തിലും ഏറ്റവും നന്നായി സോഷ്യൽ വർക്ക് നടത്തിയ വനിതയ്ക്കുള്ള സി.ബി.സി.ഐ വനിതാ കമ്മീഷൻ നാഷണൽ അവാർഡ്, കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ എക്സലൻസ് അവാർഡ്, ജില്ലാ മഹിളാ സമ്മാൻ അവാർഡ്, മറ്റ് അഞ്ചിൽപ്പരം ദേശീയ അവാർഡുകൾ, അഞ്ച് സംസ്ഥാന അവാർഡുകൾ, ഏഴ് ജില്ലാതല അവാർഡുകൾ, വിവിധ ഏജൻസികളിലും സംഘടനകളിലും നിന്നുള്ള അവാർഡുകൾ, കേരളാ വനിതാ – ശിശുവികസന വകുപ്പിന്റെ ആദരം, സമന്വയ കൗൺസലിംഗ് സെന്ററിന്റെ ആദരം എന്നിവ റോസക്കുട്ടിയെ തേടിയെത്തിയിട്ടുണ്ട്.

## കുടുംബത്തിൽ നിന്നുള്ള പിന്തുണ

സാമൂഹ്യസേവനത്തിന്റെ എല്ലാ വിജയത്തിനു പിന്നിലും മുഖ്യപങ്കാളിയായി നില്ക്കുന്നത് ദൈവം നിശ്ചയിച്ചു തന്ന സ്നേഹം നിറഞ്ഞ ഭർത്താവും മക്കളുമാണെന്ന് പറയുന്നതിൽ ഡോക്ടർ റോസക്കുട്ടിക്ക് അഭിമാനമാണ്. സെന്ററുകളിൽ നിന്ന് ചിലപ്പോൾ ചിലർ ചാടിപ്പോകും, ചിലപ്പോൾ ഹോസ്പിറ്റൽ കേസ്സുകൾ വന്നാൽ, പാതിരായ്ക്കും, 2 മണിക്കും ഒക്കെ വീട്ടിൽനിന്നും ഇറങ്ങി ചെല്ലേണ്ട അവസരങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോഴെല്ലാം, മക്കൾ സ്ഥലത്തുണ്ടെങ്കിൽ അവർ, അല്ലെങ്കിൽ ഭർത്താവ് സപ്പോർട്ട് ചെയ്യും. പരസ്പര വിശ്വാസമുള്ള ഒരു ജീവിതമാണ് ഞങ്ങളുടേത്. അതുകൊണ്ട് കുടുംബത്തിൽ പ്രശ്നങ്ങളൊന്നുമില്ല. കുടുംബജീവിതത്തിൽ ഭർത്താവിനോ, മക്കൾക്കോ ഒരു കുറവും ഉണ്ടാകാതെയിരിക്കാൻ ഞാനും അങ്ങേയറ്റം ശ്രദ്ധിക്കുന്നുണ്ട്. സാമൂഹിക സേവന രംഗത്തേയ്ക്ക് തന്നെ വളർത്തി വിട്ടത് സഭയും സഭാ പ്രവർത്തനങ്ങളുമാണെന്നു പറയുന്നതിലും ഈ നല്ല സമരിയക്കാരിക്ക് സന്തോഷമേയുള്ളൂ. ജില്ലാ സഹകരണബാങ്ക് മുൻ ജനറൽ മാനേജറായിരുന്ന ചിറയ്ക്കൽ എബ്രഹാമാണ് ഭർത്താവ്. ചാലക്കുടി പേരാമ്പ്ര അപ്പോളോ ടയേഴ്സ് ഗ്രൂപ്പ് മാനേജരായ അജിത് സി. എബ്രാഹം ഏക മകൻ. കക്കാട് കാദികുടം പബ്ലിക് ഹെൽത്ത് സെന്റർ അസിസ്റ്റന്റ് സർജൻ ഡോ. ദീപ്തി അജിത് മരുമകൾ. ■

# ആരാണ് മെത്രാന്മാരെ നിയമിക്കുന്നത്?



റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ

*വൈസ് ചാൻസലർ,*
*മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ,*
*മൗണ്ട് സെന്റ്തോമസ്, കാക്കനാട്*

? കഴിഞ്ഞ മാസം സീറോമലബാർസഭയുടെ സിനഡിനുശേഷം മൂന്നു പുതിയ മെത്രാന്മാരെ മേജർ ആർച്ചുബിഷപ്പ് നിയമിച്ചതായി അറിഞ്ഞു. ലത്തീൻസഭയിലെ മെത്രാന്മാരെ മാർപാപ്പ നിയമിക്കുന്നു എന്നാണല്ലോ പറയുന്നത്. ഇതിലെ വ്യത്യാസം എന്താണ്? ഒന്നു വിശദീകരിക്കാമോ?

*– കുര്യൻ മാത്യു, പുല്ലൂരാംപാറ*

മെത്രാന്മാരുടെ നിയമനവുമായി ബന്ധപ്പെട്ട ചോദ്യം കാലിക പ്രസക്തമാണ്. ലത്തീൻ സഭയിലും സീറോമലബാർസഭയിലും സീറോമലങ്കരസഭയിലും ഈ കഴിഞ്ഞ മാസങ്ങളിൽ പുതിയ മെത്രാന്മാർ നിയമിതരായിട്ടുണ്ട്. മെത്രാന്മാരുടെ നിയമനം സംബന്ധിച്ചു ലത്തീൻ സഭയിലും പൗരസ്ത്യസഭകളിലും വ്യത്യസ്തമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത് എന്ന സൂചന ചോദ്യത്തിൽത്തന്നെയുണ്ട്. ലത്തീൻസഭയിലെയും പൗരസ്ത്യസഭകളിലെയും വ്യത്യസ്തമായ നടപടിക്രമങ്ങൾ പരിചയപ്പെടുത്തുന്നതിലൂടെ ചോദ്യത്തിനുള്ള ഉത്തരം നൽകാമെന്നു കരുതുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് മെത്രാന്മാർ ക്രിസ്തുവിന്റെ വികാരിമാരും പ്രതിനിധികളുമാണെന്നാണ്. ക്രിസ്തുവിന്റെ നാമത്തിലാണ് ഒരു മെത്രാൻ തന്റെ രൂപതയെ നയിക്കുന്നത് (CCEO c.178). മെത്രാന്മാർ ദൈവകൽപ്പിതമായി പരിശുദ്ധാത്മാവിലൂടെ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് (CIC C.375 §1) ഇത്രമാത്രം പ്രാധാന്യമുള്ള മെത്രാൻ സ്ഥാനത്തേയ്ക്ക് ഒരു വ്യക്തി നിയമിക്കപ്പെടുന്നതു സഭാനിയമം വ്യക്തമായി നിശ്ചയിച്ചിട്ടുള്ള നടപടിക്രമം പാലിച്ചുകൊണ്ടാണ്.

മെത്രാൻസ്ഥാനത്തേക്കു പരിഗണിക്കപ്പെടുന്ന ഒരു വ്യക്തിക്ക് ഉണ്ടാകേണ്ട യോഗ്യതകൾ സഭയുടെ നിയമസംഹിതകൾ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഒരാൾ മെത്രാൻപദവിയിലേക്കു യോഗ്യനായി കണക്കാക്കപ്പെടേണ്ടതിന് അയാൾ ഉറച്ച വിശ്വാസവും സൽസ്വഭാവവും ഉള്ള വ്യക്തിയും, ഭക്തിയിലും ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയിലും വിവേകത്തിലും മുൻപന്തിയിൽ നിൽക്കുന്നവനുമായിരിക്കണം. മറ്റുള്ളവരാൽ ആദരിക്കപ്പെടുന്ന വ്യക്തിയായിരിക്കണം. 35 വയസ് ഉണ്ടായിരിക്കണം. പൗരോഹിത്യം സ്വീകരിച്ചിട്ട് അഞ്ചു വർഷമെങ്കിലും കഴിഞ്ഞിരിക്കണം. സഭാസംബന്ധമായ വിഷയങ്ങളിൽ ഡോക്ടറേറ്റോ മാസ്റ്റർ ബിരുദമോ കുറഞ്ഞ പക്ഷം ആഴമായ അറിവോ ഉണ്ടായിരിക്കണം (CCEO c. 180, CIC c. 378). പൗരസ്ത്യസഭയിൽ വിവാഹിതരായ വൈദികരുള്ളതിനാൽ, മെത്രാനാകാനുള്ള യോഗ്യതയിൽ വിവാഹബന്ധത്തിൽ നിന്ന് സ്വതന്ത്രനും എന്ന മാനദണ്ഡംകൂടി ചേർത്തിട്ടുണ്ട്.

## ലത്തീൻസഭയിൽ (CIC c. 377)

ലത്തീൻ സഭയിൽ ഒരു മെത്രാനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നത് വത്തിക്കാൻ പ്രതിനിധിയുടെ നേതൃത്വത്തിലാണ്. ഏതു രൂപതയിലാണോ മെത്രാനെ നിയമിക്കേണ്ടത്, ആ രൂപതയുമായി ബന്ധപ്പെട്ട മെത്രാന്മാരോടും വൈദികരോടും, ഉചിതമെന്ന് അപ്പസ്തോലിക് നൂൺഷ്യോ ചിന്തിക്കുന്ന മറ്റുള്ളവരോടും അഭിപ്രായം ചോദിച്ചതിനുശേഷം മൂന്നുപേരുടെ ഒരു ലിസ്റ്റ് (terna) തയ്യാറാക്കി തന്റെ അഭിപ്രായങ്ങളോടെ പരി. സിംഹാസനത്തിലേക്ക് അയക്കുന്നു. മെത്രാനാകാൻ യോഗ്യനാണെന്ന് കണ്ടെത്തുന്ന വ്യക്തിയുമായി ബന്ധപ്പെട്ട സമർപ്പിതരോടും അല്മായരോടും അപ്പസ്തോലിക്ക് നൂൺഷ്യോക്കു നിർദേശിക്കപ്പെട്ട വ്യക്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ തേടാവുന്നതാണ്. മെത്രാന്മാർ

www.malankaralibrary.com

ക്കുവേണ്ടിയുള്ള കാര്യാലയമാണ് (Dicastery for Bishops) അപ്പസ്തോലിക്ക് ന്യൂൺഷ്യോ അയക്കുന്ന ഫയലുകൾ പരിശോധിക്കുന്നതും പേരുകൾ മാർ പാപ്പയുടെ മുൻപിൽ സമർപ്പിച്ച് പരിശുദ്ധ പിതാവി ന്റെ തീരുമാനം അപ്പസ്തോലിക്ക് ന്യൂൺഷ്യോവഴി ബന്ധപ്പെട്ടവരെ അറിയിക്കുന്നതും. ഈ അന്വേഷണ ങ്ങളെല്ലാം അതീവരഹസ്യമായിട്ടാണു നടത്തുന്നത്. അന്വേഷണവുമായി ബന്ധപ്പെടുന്നവർ അതീവര ഹസ്യമായിട്ടുവേണം അന്വേഷണത്തോടു സഹക രിക്കാൻ. ഇതു സംബന്ധിച്ച കാര്യങ്ങൾ മെത്രാന്റെ നിയമനം കഴിഞ്ഞുപോലും പുറത്തു പറയുവാൻ പാടില്ലായെന്ന നിഷ്കർഷയുമുണ്ട്.

## പൗരസ്ത്യസഭകളിൽ (CCEO cc.181-186)

പാത്രിയാർക്കൽ, മേജർ ആർക്കിഎപ്പിസ്കോപ്പൽ എന്നീ പദവികളിലുള്ള പൗരസ്ത്യസഭകളുടെ മെത്രാൻസിനഡാണ് ആ സഭകളിലെ മെത്രാന്മാരെ തെരഞ്ഞെടുക്കുന്നത്. മറ്റു പൗരസ്ത്യസഭകളിലെ മെത്രാന്മാരെ ലത്തീൻസഭയിലേതുപോലെ മാർ പാപ്പ നിയമിക്കുകയാണു ചെയ്യുന്നത്. മെത്രാൻ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള കാര്യങ്ങൾ വ്യക്ത മാക്കിയിരിക്കുന്നത് പൗരസ്ത്യകാനൻനിയമത്തിലെ 181 മുതൽ 186 വരെയുള്ള കാനോനകളിലാണ്. ഈ കാനോനകളുടെ അടിസ്ഥാനത്തിൽ പൗരസ്ത്യ സഭകൾ അവരുടെ പ്രത്യേക നിയമത്തിൽ മെത്രാൻ തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള കൂടുതൽ നിഷ്ക്കർ ഷകൾ നല്കിയിട്ടുണ്ട്. ഭാരതത്തിൽ സീറോമലബാർ സഭയ്ക്കും സീറോമലങ്കരസഭക്കും അവയുടേതായ പ്രത്യേക നിയമസംഹിത ഉണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യത്തിനുള്ള ഉത്തരം പൊതുനിയമത്തിൽനിന്നു തന്നെ ലഭിക്കുമെന്നതിനാൽ സഭകളുടെ പ്രത്യേക നിയമത്തിലേക്ക് കടക്കുന്നില്ല.

പൗരസ്ത്യ സഭകളിലെ നടപടിക്രമം ഇങ്ങനെയാണ്. അനുയോജ്യരായ വ്യക്തികളെ കണ്ടെത്തുക എന്നതാണ് ആദ്യം ചെയ്യുന്നത്. സിനഡിലെ അംഗ ങ്ങളായ മെത്രാന്മാർക്കു മാത്രമേ മെത്രാൻസ്ഥാന ത്തേക്കു പരിഗണിക്കപ്പെടേണ്ട വ്യക്തിയെ നിർദ്ദേശി ക്കാൻ സാധിക്കുകയുള്ളൂ. അതിനായി മെത്രാന്മാർ ക്കു വൈദികരോടും സമർപ്പിതരോടും അല്മായ രോടും രഹസ്യസ്വഭാവം സൂക്ഷിച്ചുകൊണ്ട് അഭിപ്രാ യം ചോദിക്കാവുന്നതാണ്. ഇത്തരം അന്വേഷണങ്ങ ളും രഹസ്യ സ്വഭാവമുള്ളതായിരിക്കണം. ഏത് രൂപ തയിലാണോ മെത്രാൻ ആവശ്യമായത് ആ രൂപത യിലെ മെത്രാനും മറ്റു മെത്രാൻമാരും തങ്ങൾ യോ ഗ്യരെന്നു ചിന്തിക്കുന്ന വ്യക്തികളുടെ പേരുകൾ മേജർ ആർച്ചുബിഷപ്പിനു കൈമാറുന്നു. മേജർ ആർച്ചുബിഷപ്പിന് സ്വന്തംനിലയിൽ വ്യക്തികളെ കൂ ട്ടിച്ചേർക്കാം. മെത്രാൻസ്ഥാനത്തേക്ക് പരിഗണിക്ക പ്പെടുന്ന വ്യക്തികളുടെ പേരുകളും അവരെ സംബ ന്ധിച്ച വിവരങ്ങളും സിനഡിലെ അംഗങ്ങൾക്കു മേ ജർ ആർച്ചുബിഷപ്പ് നൽകുന്നു. അതോടൊപ്പം നിർ ദേശിക്കപ്പെട്ടിരിക്കുന്ന വ്യക്തികളുമായി അടുപ്പമുള്ള വൈദികർ, സമർപ്പിതർ, അൽമായർ എന്നിവരിൽനി ന്ന് ഏതാനും പേരോടു രഹസ്യമായി അന്വേഷിക്കു കയും ചെയ്യുന്നു.

നിയമാനുസൃതം വിളിച്ചുകൂട്ടിയ സിനഡിന്റെ സമ്മേളനത്തിൽ രഹസ്യവോട്ടിങ്ങിലൂടെ മൂന്ന് പേ രുടെ ലിസ്റ്റു തയ്യാറാക്കി അവരെക്കുറിച്ചു നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളോ ടുംകൂടി വത്തിക്കാൻ സ്ഥാനപതിയുടെ കാര്യാലയം വഴി മേജർ ആർച്ചുബിഷപ്പ് പൗരസ്ത്യസഭകൾക്കാ യുള്ള കാര്യാലയത്തിലേക്കു നൽകുന്നു. പൗരസ് ത്യസഭകൾക്കായുള്ള കാര്യാലയമാണ് പിന്നീടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി മേജർ ആർച്ചുബി ഷപ്പ് നൽകിയവരുടെ പേരുകൾ മാർപാപ്പയുടെ മുമ്പിൽ സമർപ്പിച്ച് അവരെ മെത്രാന്മാരായി സിന ഡ് തെരഞ്ഞെടുക്കുന്നതിനുള്ള മുൻകൂട്ടിയുള്ള അനുവാദം (prior assent) വാങ്ങുന്നത്. മേജർ ആർച്ചുബിഷപ്പ് സമർപ്പിക്കുന്ന ലിസ്റ്റിലെ എല്ലാവർ ക്കും മാർപാപ്പയുടെ അംഗീകാരം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യാം.

ഇപ്രകാരം, മാർപാപ്പയുടെ മുൻകൂട്ടിയുള്ള അ നുവാദം ലഭിച്ച വ്യക്തികളിൽനിന്ന് ഒരാളെയാണ് പിന്നീടു ചേരുന്ന സിനഡ് സമ്മേളനം രഹസ്യബാല റ്റിലൂടെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്ക പ്പെട്ടയാളോട് മേജർ ആർച്ചുബിഷപ്പ് സമ്മതം ചോദി ക്കുന്നു. സമ്മതമെങ്കിൽ അദ്ദേഹം തെരഞ്ഞെടുക്ക പ്പെട്ടതായി മേജർ ആർച്ചുബിഷപ്പ് പൗരസ്ത്യസഭകൾ ക്കായുള്ള കാര്യാലയത്തെ അറിയിക്കുകയും തെര ഞ്ഞെടുപ്പു വിവരം പരസ്യപ്പെടുത്താൻ ഉദ്ദേശിക്കുന്ന തീയ്യതി നിശ്ചയിക്കുകയും ചെയ്യുന്നു. പരിശുദ്ധ സിംഹാസനത്തിന്റെ അറിവോടെ നിശ്ചയിക്കപ്പെട്ട രീതിയിൽ മെത്രാൻതെരഞ്ഞെടുപ്പിന്റെ വിവരം മേ ജർ ആർച്ചുബിഷപ്പ് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മാർപാപ്പ മുൻകൂട്ടി അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാ ത്ത ഒരു വ്യക്തിയെ സിനഡിന് മെത്രാനായി തെര ഞ്ഞെടുക്കാവുന്നതാണ്. അപ്രകാരം സംഭവിച്ചാൽ ഈ വിവരം പരിശുദ്ധ സിംഹാസനത്തെ അറിയിക്കു

www.malankaralibrary.com

കയും മാർപാപ്പയുടെ അനുമതി ചോദിക്കുകയും ചെയ്യേണ്ടതുണ്ട്. മാർപാപ്പയുടെ അനുമതി ലഭിച്ച തിനുശേഷമേ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയോ ടുപോലും ഈ വിവരം പറയാൻ പാടുള്ളൂ. അതു വരെ എല്ലാ മെത്രാന്മാരും ഈ വിവരം രഹസ്യമായി സൂക്ഷിക്കണം.

പൗരസ്ത്യസഭകളുടെ മെത്രാൻ സിനഡിനു മെ ത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള അധികാരം സഭയുടെ അധികാര പരിധിക്കുള്ളിൽ (proper territory) മാത്രമാണ്. സീറോമലബാർസഭയുടെ സിന ഡിനു ഭാരതത്തിലെ 31 രൂപതകളിലെ മെത്രാന്മാരെ മാത്രം തെരഞ്ഞെടുക്കാനുള്ള അധികാരമേയുള്ളൂ. ഭാരതം മുഴുവൻ വ്യാപിച്ചുകിടക്കുന്ന സഭയുടെ അധികാരപരിധിക്കു പുറത്തുള്ള (outside proper territory) നാലു രൂപതകളിലെ മെത്രാന്മാരെ നിയമി ക്കുന്നത് മാർപാപ്പയാണ്. ഈ രൂപതകളിലേക്കു മെ ത്രാന്മാരായി നിയമിക്കപ്പെടാൻ അനുയോജ്യരായ മൂന്ന് വ്യക്തികളുടെ പേരു രഹസ്യബാലറ്റിലൂടെ തയ്യാറാക്കി മേജർ ആർച്ചുബിഷപ്പ് പൗരസ്ത്യസഭ കൾക്കായുള്ള കാര്യാലയത്തിനു നൽകുക മാത്ര മാണ് ചെയ്യുന്നത്.

മെത്രാൻപദവിയിലേക്ക് ഉയർത്തപ്പെടുന്ന ഒരു വ്യക്തിക്കു കാനോനികമായ ഉത്തരവാദിത്വം ഏൽ പ്പിച്ചുകൊടുക്കുന്നതു (canonical provision) വളരെ പ്രധാനപ്പെട്ടതാണ്. ലത്തീൻസഭയിൽ മാർപാപ്പയും പൗരസ്ത്യസഭകളിൽ മേജർ ആർച്ചുബിഷപ്പും/പാ ത്രിയാർക്കീസും നൽകുന്ന നിയമനത്തിലൂടെ ഒരു വ്യ ക്തിക്കു രൂപതാഭരണമോ മറ്റ് ഉത്തരവാദിത്വങ്ങളോ നൽകുന്നു. രൂപതാമെത്രാന്മാരല്ലാത്ത എല്ലാവർ ക്കും പരിശുദ്ധ സിംഹാസനം സ്ഥാനിക രൂപതകൾ (Titular See) നൽകുന്നു. ഒരുകാലത്തു നിലവിലു ണ്ടായിരുന്നതും പിന്നീടു നിന്നുപോയതുമായ രൂപ തകളാണ് സ്ഥാനികരൂപതകളായി സഹായമെത്രാ ന്മാർക്കും കൂരിയാ മെത്രാൻമാർക്കും നൽകുന്നത്.

മെത്രാന്മാരുടെ നിയമനവും തെരഞ്ഞെടുപ്പും സംബന്ധിച്ചു നിരവധി വിശദാംശങ്ങൾ സഭാ നിയമ സംഹിതകൾ നൽകുന്നുണ്ട്. ചോദ്യത്തിന്റെ ഉള്ളടക്ക വും ഈ പംക്തിയുടെ സ്വഭാവവും കണക്കിലെടുത്തു പ്രസക്തമായ കാര്യങ്ങൾ ലളിതമായി അവതരിപ്പിച്ചു എന്നുമാത്രം. ■

***പേജ് 36–ൽ നിന്നും തുടർച്ച***

ണനോട് ഇക്കാര്യം പങ്കുവയ്ക്കുന്നത്. അപ്പോൾ അദ്ദേഹം വഴികാട്ടിയായി. തിരുവനന്തപുരത്ത് അദ്ദേഹം സ്ഥാപിച്ചിരുന്ന ഹിന്ദുസ്ഥാനി പഠനകേ ന്ദ്രത്തിന്റെ ഒരു ശാഖ എറണാകുളത്ത് ആരംഭിച്ചത് ആയിടക്കാണ്. അവിടെ മോഹൻകുമാറിനെ ബന്ധ പ്പെടാൻ നിർദേശിച്ചു. അദ്ദേഹവുമായി ബേണി ബന്ധപ്പെടുകയും മൂന്നുവർഷം അദ്ദേഹത്തിന്റെ കീഴിൽ ഹിന്ദുസ്ഥാനി സംഗീതംപഠിക്കുകയും ചെ യ്തു. കൂടുതൽ അവഗാഹം നേടണമെന്നുള്ള അദ മ്യമായ ആഗ്രഹമാണ് വിജയസേനൻ സാറിന്റെ ശി ക്ഷണത്തിൽ തുടർ നാലുവർഷത്തെ പഠനത്തിനു കൂടി ബേണിയെ പ്രേരിപ്പിച്ചത്. അന്താരാഷ്ട്ര നില വാരത്തിൽ പരിശീലനം നടത്തുന്ന 121 വർഷത്തെ പാരമ്പര്യമുള്ള മുംബൈയിലെ അഖില ഭാരതീയ ഗാന്ധർവ മഹാവിദ്യാലയത്തിൽനിന്നാണ് ബേണി ഫസ്റ്റ് ക്ലാസ്സോടെ വിശാരദ് ഹിന്ദുസ്ഥാനി വായ്പാട്ട് പരീക്ഷ പാസ്സായത്. ക്രൈസ്തവ സമൂഹത്തിൽ നിന്നും വളരെ വിരളമാളുകളാണ് ഈ പരീക്ഷ പാസ്സാ യിട്ടുള്ളതെന്ന് ബേണി വെളിപ്പെടുത്തുന്നു. ഇവിടം കൊണ്ട് പഠനം നിർത്തുന്നില്ലെന്നു പറയുമ്പോൾ നൂറിൽപ്പരം ആൽബങ്ങൾക്കും എൺപതിലധികം ചലച്ചിത്രങ്ങൾക്കും സംഗീതമൊരുക്കിയ ഈ സംഗീ തജ്ഞൻ സംഗീതം ഒരു ആഴക്കടലാണെന്ന് വിശേ ഷിപ്പിക്കാനും മറന്നില്ല. അതിനാൽ പഠനം തുടർന്നു കൊണ്ടിരിക്കുകയാണ്.

ലത്തീൻ സമുദായാംഗമായ ബേണിക്ക് സഭയിൽ നിന്നും സമുദായത്തിൽനിന്നും വേണ്ടത്ര അംഗീ കാരം കിട്ടാതെ പോയിട്ടുണ്ടോയെന്ന ചോദ്യത്തിന് ബേണിക്ക് വ്യക്തമായ മറുപടിയുണ്ട്. എന്തെങ്കിലും കിട്ടാത്ത കാര്യത്തെക്കുറിച്ച് താൻ വിഷമിക്കാറില്ലെ ന്നും കിട്ടിയ അംഗീകാരങ്ങൾക്കും അനുഗ്രഹങ്ങ ൾക്കും അതു തന്നവരോടും ദൈവത്തോടും നന്ദി നിറഞ്ഞ മനസ്സുമാത്രമേയുള്ളൂവെന്നുമാണത്. ലത്തീൻ സമുദായത്തിന്റെ ഏകോപന നയരൂപീ കരണ സമിതിയായ കെ.ആർ.എൽ.സി.സി യുടെ അംഗീകാരവും വരാപ്പുഴ അതിരൂപതയുടെയും തന്റെ മാതൃ ഇടവകയുടെയും ആദരം നിർലോഭം ലഭിച്ചിട്ടുണ്ടെന്ന് തുറന്നു സമ്മതിക്കുന്നു അദ്ദേഹം. തന്നെ ഇവിടെവരെയെത്തിച്ചതിൽ സഭയ്ക്കും സമു ദായത്തിനും സമൂഹത്തിനും വലിയ പങ്കുണ്ടെന്നു പറയുന്നതിനും ബേണിക്ക് ലുബ്ധില്ല. ■

www.malankaralibrary.com

# ഇവർ നമ്മുടെ സ്വന്തമാണ്; ഇവരുടെ പ്രശ്നം നമ്മുടേതും

**കേരളത്തിലെ പിന്നാക്ക ജനവിഭാഗമായ മത്സ്യത്തൊഴിലാളികൾ തിങ്ങിവസിക്കുന്ന തിരുവനന്തപുരം തീരദേശം ഉൾപ്പെട്ട തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾ വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ അശാസ്ത്രീയനടപടികളിൽ പ്രതിഷേധിച്ച് കൈ-മെയ് മറന്ന് രാപകൽ സമരമുഖത്താണ്. കരയും കടലും ഒരേപോലെ ഉപരോധിക്കുന്ന ഈ പിന്നാക്ക ജനതയുടെ രോദനത്തിന്റെ അക്ഷരപ്പകർത്ത്!**



ഫാ. പ്രിൻസ്
തെക്കുംപുറം CSsR
*കമ്മ്യൂണിക്കേഷൻ ഗവേഷകൻ*
*സലേഷ്യൻ യൂണിവേഴ്സിറ്റി, റോം.*

"വലിയ സാങ്കേതിക വിദ്യകളുടെ സഹായമൊന്നും കിട്ടാതിരുന്നിട്ടും, തങ്ങളുടെ അനുഭവവും നിറഞ്ഞു നിൽക്കുന്ന മനുഷ്യസ്നേഹവും കരുത്താക്കിക്കൊണ്ട് നാടിനെ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ തിരിച്ചു തങ്ങളുടെ നാടുകളിലെത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരണം നൽകണം എന്നും നിർദേശിച്ചിട്ടുണ്ട്. " കേരളം വിറങ്ങലിച്ചു നിന്ന മഹാപ്രളയ കാലത്ത് അനേകം ജീവിതങ്ങളെ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ ആദരിക്കുന്നതിനെക്കുറിച്ചു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ വാക്കുകളാണിവ.

## 'ഞങ്ങൾ എങ്ങനെ ഉറങ്ങും സാർ?'

പത്തനംതിട്ട ജില്ലയുടെ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് പ്രളയജലം ആർത്തിരമ്പിയപ്പോൾ, രക്ഷാപ്രവർത്തനത്തിന് മത്സ്യബന്ധന ബോട്ടുകൾ കൊണ്ടുവരാമോ എന്ന് ജില്ലാകളക്ടർ പി. ബി നൂഹാണ്, സഹപ്രവർത്തകരായ കൊല്ലം കളക്ടർ എസ്. കാർ



www.malankaralibrary.com

ത്തികേയനോടും തിരുവനന്തപുരം കളക്ടർ എസ്. വാസുകിയോടും ചോദിച്ചത്. ആ അഭ്യർഥന കേട്ട യുടനെ എസ്. വാസുകി വിളിച്ചത് വിഴിഞ്ഞത്തെ ഇടവക വികാരിയെയാണ്. തന്റെ അജഗണങ്ങളെ നന്നായി അറിയാമായിരുന്ന ആ വൈദികൻ വള്ള ങ്ങൾ ഉറപ്പായും അവർ വിട്ടുനല്കുമെന്നു ഉറപ്പും നൽകി. പക്ഷേ, കളക്ടറുടെ ഓഫീസ് ചിന്തയിലാ ണ്ടു, കാരണം, ഈ അറിയിപ്പ് പോകുന്നത് ആഗസ്റ്റ് 14-ാം തീയതിയാണ്. മത്സ്യത്തൊഴിലാളികൾ ജോലി ക്ക് ശേഷം വിശ്രമിക്കുന്ന രാത്രിയാണത്. കൂടാതെ ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനവും അവരുടെ പള്ളിയിലെ പെരുന്നാളുമാണ്. ഏതു അവധിക്കും കടലിൽ പോകു ന്ന ആ മത്സ്യത്തൊഴിലാളികൾക്കു തുറ മുടക്കുള്ള ചുരുക്കം ചില ദിവസങ്ങളിലൊന്നും. ഇങ്ങനെ യൊരു ദിവസം അവർ തങ്ങളുടെ ജീവനോപാധി യായ വള്ളങ്ങൾ, അവർക്ക് യാതൊരു നേട്ടവുമി ല്ലാത്ത ഒരു കാര്യത്തിന് വിട്ടുതരുമോ?

പക്ഷേ, അവർക്ക് തെറ്റി. അമ്പത് വള്ളങ്ങളാണ് അവരുടെ വൈദികൻ അവരോട് ചോദിച്ചത്. എന്നാൽ തീരത്ത് തയ്യാറായത് നൂറിലധികം വള്ളങ്ങളും. അവ രുടെ അടുത്തെത്തിയ ഉദ്യോഗസ്ഥവൃന്ദം അവരോട് പറഞ്ഞു: 'ഇപ്പോൾ ഇത്രയും പേര് പോകേണ്ട കാര്യ മില്ല. കുറച്ചു പേര് പോകട്ടെ, എന്നിട്ട് ആവശ്യമെങ്കിൽ ബാക്കിയുള്ളവർക്ക് പോകാം.'

പക്ഷേ, ആർത്തിരമ്പുന്ന തിരമാലകളുടെ മുക ളിൽ പരസ്പരം കൈവിടാതെ ചേർന്നുനിൽക്കുന്ന മനുഷ്യർ മറുപടി പറഞ്ഞു, 'ആയുസും കൈയിൽ പിടിച്ചു കുറച്ചു മനുഷ്യർ നിലവിളിക്കുന്നതറിഞ്ഞിട്ട് ഇവിടെ ഞങ്ങൾ എങ്ങനെ ഉറങ്ങും സാർ?'

ആ ചോദ്യം പിന്നീട് ചരിത്രമായി. അവർ കേരള ത്തിന്റെ സൈന്യമായി. മത്സ്യബന്ധന ബോട്ടുകൾ കര യിലെത്തി. അനേകായിരം ജീവനുകൾ മുങ്ങിയെ ടുത്തു. നിറഞ്ഞ കണ്ണുകളോടെയും കരഘോ ഷത്തോടെയുമാണ് ജനം അവരെ തിരികെ യാത്ര യാക്കിയത്.

## ഒരിക്കൽ കൂടി ആ വള്ളങ്ങൾ കരയിലെത്തുമ്പോൾ

പ്രളയജലം ഒഴുകിപ്പോയതിനേക്കാൾ വേഗത്തിൽ സർക്കാരുകളുടെ ഓർമ ഒലിച്ചുപോയി. ആ ഓർമ യുണർത്താൻ ഒരിക്കൽ കൂടി മത്സ്യബന്ധന ബോ ട്ടുകളുമായി അവർ കരയിലെത്തി. തീരദേശ ജനത യോട് യാതൊരു ആഭിമുഖ്യവും കാണിക്കാത്ത, ഒരുപക്ഷേ, ഈ സമൂഹത്തിന്റെ നിലനിൽപുതന്നെ അപകടത്തിലാക്കുന്ന വിഴിഞ്ഞം തുറമുഖപദ്ധ തിയിൽ അവർക്കുള്ള ആശങ്കകൾ കേൾക്കാൻ നാലു വർഷമായിട്ടും സർക്കാർ തയ്യാറാവാത്തതാണ് അവ രെ ഈ സമരത്തിലേക്ക് നയിച്ചത്. പതിനഞ്ചു ദിവസ ത്തോളം സെക്രട്ടറിയേറ്റ് പടിക്കൽ സമരം നടത്തി യിട്ടും സർക്കാർ യാതൊരു ചർച്ചയ്ക്കും തയ്യാറാ വാതിരുന്നതുകൊണ്ടാണ് മത്സ്യത്തൊഴിലാളികൾ പദ്ധതി പ്രദേശത്തേക്ക് സമരം മാറ്റിയത്.

ചിലർ പറയുന്നത് ഈ സമരം വികസനത്തിനെ തിരാണെന്നാണ്. മറ്റു ചിലർ പറയുന്നു കേരള സർ ക്കാരി നെതിരാണെന്ന്. പക്ഷെ, മത്സ്യത്തൊഴിലാളി കളുടെ അതിജീവനത്തിനു വേണ്ടിയാണു ഈ സമരം എന്ന താണ് യാഥാർഥ്യം. കടലിൽ നിന്നും ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ വികസനത്തിന്റെ



www.malankaralibrary.com

പേരിൽ വഴിയാധാരമാക്കാതെ പുനരധിവസിപ്പിക്കേണ്ടത് സർക്കാരിന്റെ കടമയാണ്.

## സമരസമിതിയുടെ ഏഴ് പ്രധാന ആവശ്യങ്ങൾ

1. വീട് നഷ്ടപ്പെട്ടവർക്ക് കിടപ്പാടം ആകുന്നതുവരെ സ്കൂളിലോ താത്കാലിക സ്ഥലങ്ങളിലോ താമസം ഒരുക്കാതെ വാടകക്ക് വീട് നൽകുക, ആ വാടക സർക്കാർ അടക്കുക.

2. സ്ഥലം നഷ്ടപ്പെട്ടവർക്ക് കൃത്യമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക.

3. കാലാവസ്ഥാ മുന്നറിയിപ്പുമൂലം ഒരു ദിവസം കടലിൽ പോകാൻ പറ്റാതെ വരുന്നവർക്ക് വീട് പട്ടിണി ആവാത്ത വിധം ആ ദിവസത്തെ മിനിമം വേതനം നൽകുക.

4. പദ്ധതി മൂലം മത്സ്യബന്ധനം തടയപ്പെട്ടിരിക്കുന്ന മേഖലകളിൽ മത്സ്യബന്ധനം അനുവദിക്കുക.

5. തീരശോഷണം ബാധിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുക.

ഇവ സർക്കാർ അംഗീകരിച്ചുവെങ്കിലും എങ്ങനെ ചെയ്യുമെന്നതിൽ ഉറപ്പു നൽകിയിട്ടില്ല.

സർക്കാർ അംഗീകരിക്കാത്ത സമര സമിതിയുടെ രണ്ടു ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്;

6. തീരശോഷണത്തിനു പദ്ധതി കാരണമാവുന്നതിനാൽ, പരിസ്ഥിതി ആഘാത പഠനം നടത്തുന്നതുവരെ വിഴിഞ്ഞം തുറമുഖ പദ്ധതി തത്കാലം നിർത്തിവയ്ക്കുക. ആ പഠനസംഘത്തിൽ സമരസമിതിക്ക് വിശ്വാസമുള്ളവരെക്കൂടി ഉൾപ്പെടുത്തുക. കടലറിവുകളുള്ള ശാസ്ത്രജ്ഞന്മാർ മത്സ്യത്തൊഴിലാളികൾക്കുണ്ട്. അവരെക്കൂടി ഈ പഠനത്തിൽ ഉൾപ്പെടുത്തണം എന്ന ആവശ്യം കാലങ്ങളായി ഇവർ ഉന്നയിക്കുന്നതാണ്.

7. മത്സ്യത്തൊഴിലാളികൾക്ക് നിർത്തലാക്കിയ മണ്ണെണ്ണ സബ്സിഡി പുനരുദ്ധരിക്കുക. മത്സ്യബന്ധന ബോട്ടിനു അത്യന്താപേക്ഷിതമാണ് മണ്ണെണ്ണ. ഏകദേശം 600 ലിറ്റർവരെ ഒരു തവണ കടലിൽ പോയിവരാൻ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമാണ്.

അനാവശ്യ നിർമാണ പ്രവർത്തനങ്ങൾ ഇല്ലാതിരുന്ന കാലത്തു തീരത്തുനിന്ന് അധികം ദൂരെയല്ലാതെ മത്സ്യബന്ധനത്തിനു പോയിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, വികസനത്തിന്റെ പേരിലും അല്ലാതെയുമുള്ള നിർമാണ പ്രവർത്തനങ്ങൾ മൂലം, ഇന്ന് ഏകദേശം 22 നോട്ടിക്കൽ മൈലിനും അപ്പുറം പോയി വേണം മീൻ പിടിക്കാൻ. അവരുടെ ജീവനോപാധിക്കായി അവർ വൻകിട മത്സ്യബന്ധന ബോട്ടുകളോട് യുദ്ധം ചെയ്യേണ്ട അവസ്ഥയും സംജാതമായത് സർക്കാരുകളുടെ പിടിപ്പുകേടു കാരണം തന്നെയാണ്.

ഇന്ത്യയുടെ വികസന സ്വപ്ന പദ്ധതിയെന്നൊക്കെ വാഴ്ത്തിപ്പാടുന്ന വിഴിഞ്ഞം തുറമുഖപണി തുടങ്ങിയിട്ട് ഏഴ് വർഷമായി. പക്ഷേ, നിർമാണ മേഖലയിലെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. നഷ്ടപരിഹാരത്തിനോ ജീവനോപാധി സംരക്ഷിക്കാനോ ഉള്ള ഒരു നടപടിയും ഇതേവരെ ഫലപ്രദമായി എടുത്തിട്ടില്ല. മൂലമ്പള്ളിയിലേതുപോലെ വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടാൽ ഇവർക്ക് ജീവിക്കാൻ മറ്റു തൊഴിലിടമില്ല എന്നത് മത്സ്യത്തൊഴിലാളികളെ ഭയപ്പെടുത്തുന്ന സത്യമാണ്.

## ഇവർ നമ്മുടെ സ്വന്തമാണ്; ഇവരുടെ പ്രശ്നം നമ്മുടേതും

ഇന്ത്യക്കാകെയുള്ള 6000 കിലോമീറ്റർ കടൽതീരത്തിൽ 589.5 കിലോമീറ്റർ കേരളത്തിലാണുള്ളത്. ഏകദേശം പത്തു ശതമാനത്തോളം. കൂടാതെ സംസ്ഥാനം ഉപയോഗിക്കുന്ന മത്സ്യസമ്പത്തിന്റെ 11.06 ശതമാനം മാത്രമാണ് കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളിൽനിന്നും ലഭിക്കുന്നത്. ബാക്കി മുഴുവൻ കടൽ മത്സ്യവിഭവമാണ് എന്നറിയുമ്പോഴാണ് സംസ്ഥാനം മുഴുവൻ ഇവരോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാകുന്നത്.

കൂടാതെ കേരളത്തിലെ ഏറ്റവും വലിയ സ്വയം തൊഴിൽ ദാതാക്കളുമാണ് മത്സ്യത്തൊഴിലാളികൾ. സർക്കാരുകളെയോ വൻകിട കോർപൊറേറ്റുകളെയോ ആശ്രയിക്കാതെ, ഇവരുടെ ജീവനോപാധിയുമായി സ്വസ്ഥമായി കഴിയുന്ന മത്സ്യത്തൊഴിലാളി സമൂഹം, കേരളത്തിലെ പൊതുസമൂഹത്തിന്റെ ആവശ്യങ്ങളിൽ കൈ മെയ് മറന്നു കടന്നു വന്നിട്ടുള്ളത് രണ്ടു പ്രളയകാലത്തും നാട് കണ്ടതാണ്.

കേരളത്തിന്റെ സൈന്യമെന്നൊക്കെയുള്ള വാഴ്ത്തുപാട്ടുകൾക്ക് നടുവിലും ഇവരുടെ ജീവിതം വഴിമുട്ടുന്നതും ഒരു സമൂഹത്തിന്റെ നിലനിൽപ്പുതന്നെ അവതാളത്തിലാകുന്നതും നമ്മുടെ കൺമുന്നിൽതന്നെയാണ്. അതുകൊണ്ട് ഈ സമരത്തിന് പിന്തുണ പ്രഖ്യാപിക്കേണ്ടത് കേരളത്തിലെ പൊതുസമൂഹത്തിന്റെ മുഴുവൻ കടമയാണ്. ■

www.malankaralibrary.com



# തുള്ളികൾ

**പി.കെ പാറക്കടവിന്റെ 'പത്ത് മിന്നൽക്കഥകൾ', 'പാറക്കടവ് കഥകൾ' എന്നീ കഥകളുടെ വിശകലനം** (*മാതൃഭൂമി ഓണപ്പതിപ്പ് 2022, ജനയുഗം ഓണപ്പതിപ്പ് 2022*)



ഫാ. സുനിൽ OFM Cap.
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

ജീവിതം അനന്തമായ നരകക്കുഴിയായി മാറുന്നതിനെ ആവിഷ്കരിക്കാൻ വലിയ മീറ്ററിലുള്ള ഭാവന ആവശ്യമില്ലെന്നു പ്രഖ്യാപിക്കുന്ന ചില എഴുത്തുകാർ നമുക്കുണ്ട്. അയഞ്ഞിരിപ്പിന്റെ കഠോരതയ്ക്ക് സാക്ഷ്യംവഹിക്കാൻ ചില മൈക്രോ കഥകൾ നിന്നുതരുന്നുണ്ട്. മനുഷ്യരുടെ ഉള്ളിലെ ഈർപ്പത്തെ ഊറ്റിക്കുടിക്കുന്ന എല്ലാത്തരം പാഴട്ടകളെയും മധുരം നൽകി പോറ്റുന്നതിനെ എതിർക്കാൻ മീറ്റർ കുറഞ്ഞ വരികൾക്കാവുമെന്നുതന്നെയാണ് പി.കെ പാറക്കടവ് വിശ്വസിക്കുന്നത്. നമ്മെ സന്തോഷംകൊണ്ട് ഇളകിമറിയാൻ വിടാത്ത ചില ബൗദ്ധിക കൊള്ളിവയ്പ്പുകൾ അവയിലുണ്ട്. കഥയുടെ ആഴം തുറന്ന മുറിവുകളോളം ഉണ്ടാവണമെന്ന് ആഗ്രഹിക്കുന്ന ഒരു കഥാകാരനേ ഈവിധം കഥയുടെ സ്പേസിനെ സമ്പന്നമാക്കാനാവൂ. ഐറണിയുടെ അല്ല പ്രയോഗംകൊണ്ട് നാം ജീവിക്കുന്ന കാലത്തെ വ്യാഖ്യാനിക്കാനാണ് പാറക്കടവ് ശ്രമിക്കുന്നത്. മൈക്രോ കഥകൾ പ്രതിരോധത്തിന്റെ അസുരനഖങ്ങളായി വന്ന് നമ്മെ ശല്യപ്പെടുത്തുമ്പോഴാണ് ലഘു ആഖ്യാനത്തിന്റെ വീര്യത്തെക്കുറിച്ച് നാം ബോധവാന്മാരാകുന്നത്. ക്രമംതെറ്റി വികസിക്കുന്ന ഭാവനയുടെ പിന്നാലെ പോകുകയും അതിൽനിന്നും ഏറ്റവും കുറഞ്ഞവാക്കുകൾകൊണ്ട് കാലത്തിന്റെ യാതനാദൃശ്യകരുത്ത് കാട്ടിത്തരുകയും ചെയ്യുന്ന ഈ കഥാകാരൻ സൃഷ്ടിച്ച ടാഗ്‌ലൈനാണ് 'മിന്നൽക്കഥകൾ' എന്നത്. ഒരുപക്ഷേ, ഇത്തരം ഒരു കഥാലേബൽ തീർക്കാൻ കാട്ടുമയിലിന്റെ ഭാവനാസൗന്ദര്യംമാത്രം പോരായെന്നു തെളിയിക്കുന്ന ചില ദർശനഖണ്ഡങ്ങളാണ് കഥകളെ ശ്രദ്ധിപ്പിക്കുന്നത്. ഭാവനാപരവും ഭാഷാപരവുമായ ഇത്തരം പൊട്ടിത്തെറികളെ മലയാളി വേണ്ടവിധം ഗൗരവത്തിലെടുത്തുകാണുന്നില്ല. വിപരീതാർഥങ്ങളുടെ ഉച്ചാവസ്ഥകൾകൊണ്ട് കഥയുടെ പ്ലോട്ടൊരുക്കുന്ന ഈ കഥാകാരൻ പലപ്പോഴും സൃഷ്ടിക്കുന്നത് ഒരുതരം കലഹിക്കുന്ന സ്നേഹമാണ്. ഉപയോഗിക്കുന്ന പദങ്ങളുടെ സ്വരത്തെ നിയന്ത്രിക്കുന്ന ഒരാൾക്കേ ദൈർഘ്യമേറാത്ത വാക്യങ്ങൾ കൊണ്ട് അർഥങ്ങളുടെ സുഖകരമായൊരു പറക്കൽ സാധ്യമാക്കാൻ കഴിയൂ. ഓരോ ചെറിയ വിലാപം മാതിരി ഉയർന്നുവരുന്ന ഈ പ്രതിരോധങ്ങൾ, കണ്ണീർ പുറത്തുവരാതിരിക്കാനായി തടഞ്ഞുനിർത്തപ്പെട്ട വാക്കുകളുടെ ശരീരരൂപമെടുക്കുന്നുവെന്നുമാത്രം. കാലം എന്ന ആൽബത്തിലെ മൃദുരൂപങ്ങളെയും ഘോരരൂപങ്ങളെയും കഥയുടെ മൈക്രോസ്പേസായി കാണുന്ന ഒരാൾക്ക് ഏറ്റവും ചെറിയ ഭാവനാസാധ്യതയെപ്പോലും വന്യതമുറ്റിയ അർഥങ്ങളാൽ ഉയർത്തിനിർത്താനാവും. കഥ പൊരുത്തക്കേടുകൾകൊണ്ട് നിർമിക്കപ്പെടുന്ന അറിവാണെന്നു സ്ഥാപിക്കുന്ന ചില മൈക്രോ ആഖ്യാനങ്ങൾ ഈ കഥകൾക്കിടയിലുണ്ട്. ഒരെഴുത്തുകാരന്റെ കണ്ണിലെ ജലവികാരങ്ങൾക്ക് അർഥമുണ്ടാകുന്നത് കാലത്തിന്റെ മുറിവുകളെ അടച്ചിട്ട് ചികിത്സിക്കുമ്പോഴാണെന്ന ബോധ്യങ്ങൾ ഓരോ മൈക്രോ രചനയും പങ്കുവയ്ക്കുന്നുണ്ട്. ഈ കഥയുടെ വൈകാരിക ആഴങ്ങളെ മനഃശാസ്ത്രവായനയ്ക്കു വിധേയമാക്കുകയാണ് പ്രധാനം.

## ധ്യാനത്തിന്റെ കഥാകാരൻ

മൈക്രോ കഥകൾ സ്വപ്നരഹിതങ്ങളായ ലോകങ്ങളായി തീരുന്നത് അത്ഭുതത്തോടെയാണ് കാണേണ്ടത്. കഥാകാരൻ തന്റേതായൊരു യാഥാർഥ്യം

www.malankaralibrary.com



സൃഷ്ടിക്കുന്നതിനെ പലപ്പോഴും ധ്യാന പൂർവം സമീപിക്കാൻ നാം വിസമ്മതിക്കാറുണ്ട്. ഈ ധ്യാനം സമകാലിക ചരിത്രത്തിന്റെ നേർക്കുള്ള ഒരു സമീപനമാണ്. കഥയിലെ സൂക്ഷ്മനിരീക്ഷണങ്ങൾ സാഹസികനായ ഒരു മിസ്റ്റിക്കിനെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

*വയസ്സ് നീണ്ട് നീണ്ട്*
*സ്വർഗത്തിൽ എന്റെ തലമുട്ടും*
*അപ്പോൾ ദൈവം*
*എന്റെ കൈ പിടിക്കും*

**– അന്ന് (മിന്നൽക്കഥകൾ)**

വായനക്കാരനെ ജ്ഞാനദാഹാവസ്ഥയിൽ കൊണ്ടിരുത്തുന്ന മിസ്റ്റിക് സമീപനമാണിത്. ഒരാളുടെ ശ്വാസത്തിന്റെ നീളം നിർണയിക്കുന്നതും ആയുസ്സിന്റെ പൂട്ടിടുന്നതും ജീവിതത്തിന്റെ കരുക്കൾ നിവർത്തുന്നതും ദൈവംതന്നെയാണെന്ന് പാറക്കടവ് സ്ഥാപിക്കുകയാണ്. സ്വർഗം എന്ന സിംഹാസനം ഒരാൾക്കുള്ള തുടർജീവിത സർട്ടിഫിക്കറ്റാണെന്ന് ഈ നാല് വാക്യങ്ങളിൽ മുഴപ്പിച്ചുനിർത്തുന്നിടത്താണ് പാറക്കടവിലെ മിസ്റ്റിക് എഴുത്തുകാരൻ, വായനക്കാരന്റെ ഹൃദയത്തിലേക്ക് അടിച്ചു കയറ്റിയ ആണിയായി കഥ രൂപാന്തരപ്പെടുന്നത്. പാറക്കടവിന്റെ കല ശ്ലീലം നിറഞ്ഞ ഒരു മദ്യവീഷയായിത്തീരുന്നത് ഇത്തരം മിസ്റ്റിക്കൽ എലമെന്റുകൾ കഥയിൽ സ്ഥാനം പിടിക്കുമ്പോഴാണ്. ഈ കഥകളോട് ഒരു ഭീകരാരാധനയുടെ പരിശുദ്ധികാട്ടാൻ തോന്നുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്. ഇവ ഗോഡ്ടോക്കുകളായിരിക്കുമ്പോൾതന്നെ ഇക്കോ പൊളിറ്റിക്കൽ കൂടിയാവാൻ ശ്രദ്ധിക്കുന്നുവെന്നതാണ്. പ്രകൃതിയെ സ്പൈറലായി (spiral) എങ്ങനെ ചെറിയ മീറ്ററിൽ കൊണ്ടുവയ്ക്കാമെന്നതിന്റെയും ഉദാഹരണങ്ങൾ നിരവധിയാണ്. എല്ലാ സംസ്കാരസമ്പത്തുകളിലും 'മിനിമലിസം' എന്നൊരു തത്വം പ്രവർത്തിപ്പിക്കപ്പെടുന്നുണ്ട്. ഈ മിനിമലിസം വാചകനിർമിതിയിലും സംഭവിക്കുന്നുണ്ട്. നമ്മുടെ ഭാവചിത്രങ്ങളുടെ കഷണങ്ങളെയാണ് പാറക്കടവ് ഒട്ടിച്ചെടുക്കുന്നത്.

*എത്രമേൽ*
*ഇഷ്ടപ്പെട്ടാലും*
*പക്ഷിക്കും മത്സ്യത്തിനും*
*ആകാശവും കടലും*
*പരസ്പരം*
*വച്ചുമാറാനാകില്ല*

**– സമ്മാനം (മിന്നൽക്കഥകൾ)**

പ്രകൃതിയുടെ തുറന്ന ഘടനയ്ക്കുപോലും ചില ലക്ഷ്യങ്ങളുണ്ടെന്നും അതിനു നേരത്തെ നിശ്ചയിച്ചു വച്ചിരിക്കുന്ന നിയമങ്ങളും രീതികളും ഉണ്ടെന്നും തന്നെയല്ലേ 'സമ്മാനം' ഓർമിപ്പിക്കുന്നത്. പക്ഷിയുടെയും മത്സ്യത്തിന്റെയും സ്ഥലമെന്നത് ഇവിടെ ലോകത്തിന്റെ പുറന്തോടാണ്. അവ എവിടെ വസിക്കുന്നുവോ അവിടെ ഒരുതരം സ്പൈറൽ സ്റ്റെയർകേയ്സിന്റെ ആകൃതി നിർമിക്കുകയും ഒരിക്കലും വച്ചുമാറാനാവാത്ത, എന്നാൽ പരസ്പരം ഇണങ്ങിപ്പോകുന്ന കർക്കശമായ രൂപകലാശൈലി ദൈവം (പക്ഷിക്കും മത്സ്യത്തിനും മാത്രമല്ല) ലോകത്തിലെ എല്ലാറ്റിനും ഒരുക്കിവച്ചിട്ടുണ്ടെന്നുതന്നെയാണ് പാറക്കടവ് സ്ഥാപിക്കുന്നത്. കഥ ധ്യാനത്തിന്റെ വഴികളിലൂടെ പിരിഞ്ഞു ചുറ്റിക്കയറി വരുന്നതുകൊണ്ടായിരിക്കണം ഇക്കോ സിസ്റ്റം ഈ കഥാകാരനെ വീണ്ടും വീണ്ടും ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നത് എന്നു വേണം അനുമാനിക്കാൻ. ഈ കഥാകാരന്റെ (മൈക്രോ ആക്കാൻ) സാഹസിക ബുദ്ധി ഒരുതരത്തിലും വളഞ്ഞവഴി മനഃപൂർവം തേടുന്നില്ല. കഥാകാരന്റെ ഉള്ളിലെ ധ്യാനത്തിന്റെ അതിപുരുഷൻ അവശേഷിപ്പിക്കുന്ന ആഭ്യന്തരരേഖകളായി വേണം ഓരോ ഇക്കോ പൊളിറ്റിക്കൽ ലിറ്ററെറി പീസിനെയും വായിക്കാൻ. 'കടലും നദിയും മനുഷ്യനും' എന്ന കഥ നദിയുടെ ബയോപിക് രേഖയാണ്. നദി വറ്റിവരണ്ട് മരിക്കുമ്പോൾപോലും കടലിനോട് വെള്ളം ചോദിക്കാറില്ലെന്നും കടലിന് കൊടുത്ത വെള്ളം തിരിച്ചു ചോദിക്കാറില്ലെന്നും എഴുതുമ്പോൾ മനുഷ്യന്റെ മേന്മക്കുറവിനെയും മാനസിക തകരാറുകളെയും ഗൂഢവിചാരങ്ങളെയുമാണ് പാറക്കടവ് തുറന്നുകാട്ടുന്നത്. 'ആകാശം' എന്ന കഥ ആകാശത്തിന്റെ ഇരട്ട ദൗത്യത്തെക്കുറിച്ചും അതിന്റെ ഇരുപത്തിനാല് മറിക്കൂറുമുള്ള ആക്ടിവിസത്തെക്കുറിച്ചും ഒക്കെ പറയുന്ന ഒരു മിസ്റ്റിക് രീതിയാണ്. 'നിഴൽ' എന്ന കഥ എപ്പോഴും നിഴലായിരിക്കാനുള്ള ഒരാളുടെ വിധിയെ പഴിക്കുകയാണ്. 'സ്വാതന്ത്ര്യം' എന്ന പാരതന്ത്ര്യത്തെ എങ്ങനെ വെട്ടിയുണ്ടാക്കിയെന്നതിന്റെ വിശദീകരണമാണ്. വീണ്ടും 'നേര്' എന്ന കഥയിലേക്കു വരുമ്പോൾ അനുഭവത്തിൽ ഇല്ലാത്ത, എന്നാൽ ആശയത്തിലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാണ് തർക്കിക്കുന്നത്. 'നിർവൃതി' എന്ന കഥ ജീവിതത്തിൽനിന്ന് ഊർന്നുപോകുന്ന ഏതൊരാളുടെയും സ്വപ്ന വ്യാഖ്യാനമായി വായിച്ചെടുക്കാം. 'ഇലകളുടെ നൃത്തം', 'പ്രപഞ്ചം' എന്നീ മിന്നൽക്കഥകളും ഒരുതരം ഇക്കോ സ്പിരിച്ചാലിറ്റി (eco- spirituality) തന്നെയാണ് കൈമാറു

www.malankaralibrary.com

ന്നത്. പ്രകൃതിയിന്ന് പരുക്കൻ അതിപുരുഷത്വത്തിന്റെ സന്തതിയായി രൂപം മാറുന്നുവെന്ന സന്ദേഹമുണ്ടിതിലൊക്കെ. പ്രകൃതിയുടെ സ്ത്രൈണ ആത്മീയത കവർന്നെടുക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുതന്നെയാണ് പാറക്കടവ് പ്രഖ്യാപിക്കുന്നത്.

## പാറക്കടവിസം

നാം ജീവിക്കുന്ന ജീവിതം കഷ്ടതയും കഠിനദാസ്യവുംകൊണ്ട് നിറയുകയും യത്നങ്ങളുടെ ഓരോ പടിയിലും കാരണമില്ലാതെയും അല്ലാതെയും നാം പരാജയപ്പെടുന്നതിനെയുമാണ് ഈ കൊച്ചു വാക്യ കഥകൾ ഉദാഹരിക്കുന്നത്. വായിക്കുന്ന എല്ലാവരെയും കഥാപാത്രങ്ങളാക്കി മാറ്റുന്ന ഈ വിദ്യയെ നമുക്ക് പാറക്കടവിസം എന്നുതന്നെ വിളിക്കാം. നമ്മുടെ ബോധത്തിലേക്ക് ഒരു പുതിയതരം തീ അയയ്ക്കുന്ന ഈ കഥകൾ നമ്മെ പൊള്ളിക്കുകയും കാലത്തെ വിശദീകരിക്കുകയും ചെയ്യുന്നു. ദുരൂഹലോകത്തിൽ അകപ്പെട്ടുപോയ മനുഷ്യന്റെ കഠിനമായ ആഗ്രഹനഷ്ടങ്ങളെയാണ് പാറക്കടവ് കഥകൾ അഡ്രസ് ചെയ്യുന്നത്.

*ചന്ദനക്കുറിയും നിസ്കാരത്തഴമ്പും*
*കുരിശുമാലയും*
*ചുമലിൽ കൈകോർത്തു നടന്ന നാട്ടിൽ*
*എങ്ങനെയാണ്*
*മതത്തിന്റെപേരിൽ കലാപമുണ്ടാകുന്നത്?*
*ചന്ദനക്കുറി നിസ്കാരത്തഴമ്പിനെ നോക്കി,*
*ചന്ദനക്കുറിയും നിസ്കാരത്തഴമ്പും*
*കുരിശുമാലയെ നോക്കി.*
*മൂവരും അന്വേഷണം ആരംഭിച്ചു.*
*ഏറെ അലച്ചിലിനും അന്വേഷണത്തിനു*
*മൊടുവിൽ*
*അവർ കണ്ടെത്തി. വിദ്വേഷത്തിൽ*
*വേവിച്ചെടുത്ത ഒരു വിഷനാവ്.*

**– സത്യാന്വേഷണ പരീക്ഷ (പാറക്കടവ് കഥകൾ)**

ശരീരത്തിലെ ഏറ്റവും ഭാരം കുറഞ്ഞ അവയവമാണ് നാവ്. മതേതരത്വം എന്ന ലക്ഷ്യമുണ്ട്. പക്ഷേ, അതിന്റെ മാർഗത്തെ ഇല്ലായ്മ ചെയ്യുന്നത് മനുഷ്യരുടെ വിഷനാവാണെന്ന് പാറക്കടവ് ഏറ്റവും ചുരുങ്ങിയ വാക്കുകൾകൊണ്ട് രേഖപ്പെടുത്തുന്നു. ചന്ദനക്കുറിയും നിസ്കാരത്തഴമ്പും കുരിശുമാലയും ദൈവത്തെയെന്നതിനേക്കാൾ ആഴത്തിൽ മതത്തെയാണ് പ്രതിനിധീകരിക്കുന്നതെന്നു തന്നെയല്ലേ ഈ കഥാകാരൻ തറപ്പിച്ചുപറയുന്നത്. വാക്കുകൾക്ക് കാലബോധത്തിന്റെ കർക്കശമായ ആവശ്യം നിറവേറ്റുന്നതിന് യാഥാർഥ്യത്തിന്റെയും അതിവാസ്തവികതയുടെയും മിശ്രഛായകൾ ആവിഷ്കരിക്കുന്നതിന്റെ സാക്ഷ്യങ്ങളാണിതൊക്കെ.

പ്രകൃതിയെയും അതിലെ ഉത്പന്നങ്ങളെയും രാജതെമ്മാടികളാക്കി മാറ്റുന്നത് മനുഷ്യരാണെന്നു പറയാൻവേണ്ടിയാണ് പാറക്കടവ് ഇക്കോ പൊളിറ്റിക്കൽ കഥകളെഴുതുന്നത്. ആർക്കും വഞ്ചിക്കാൻ കഴിയുന്ന വിധമല്ല പ്രകൃതിയുടെയും അതിലുള്ള വിഭവങ്ങളുടെയും നിൽപ്പെങ്കിൽപോലും നിലവിലെ മനുഷ്യവീര്യം അതിന്മേൽ വിഷം തളിക്കുകയാണെന്ന സന്ദേഹമാണ് ചില കഥകൾ പ്രകടിപ്പിക്കുന്നത്. 'ഇലയും പൂവും' എന്ന കഥ ഒരു മെറ്റീരിയൽ റിക്കറൻസിലൂടെ (material recurrence) മണ്ണിലേക്കും വേരിലേക്കുംതന്നെ തിരിച്ചെത്തുന്നുവെന്നാണ് പാറക്കടവെഴുതുന്നത്. 'പച്ചിലകൾ ചിരിക്കുന്നില്ല,' 'ഏകാന്തത,' 'ആകാശവും ഭൂമിയും,' 'വിത്തുകൾ' എന്നീ കഥകളും ഒരു ഇക്കോ സ്പിരിച്വൽ ഇക്വിബിലിറിയത്തെ (eco-spirituality equibilirium) കുറിച്ചാണ് സംവദിക്കുന്നത്. പ്രകൃതിയുടെയും മനുഷ്യന്റെയും ആന്തരിക താളത്തിന്റെ ഗ്രാഫ് രേഖപ്പെടുത്തുന്ന കഥയുടെ ഈ പരീക്ഷണ സൃഷ്ടിയെ പാറക്കടവിസം എന്നേ വിളിക്കാനാവൂ.

## അനുബന്ധം

*വർണ ചിറകുകൾ മുളയ്ക്കുമ്പോൾ*
*ഒരു പുഴുവും വെറും പുഴുവല്ല.*
*പറന്നു നടക്കുന്ന പൂമ്പാറ്റകളാണ്.*

**– പുഴു (പാറക്കടവ് കഥകൾ)**

കഥയുടെ ഈ വളരെ ചെറിയ തുള്ളികളെ ധിഷണയുടെ അത്ഭുത കിറുക്കുകളായി വേണം വായിച്ചെടുക്കാൻ. നാം ജീവിക്കുന്ന ക്രമരഹിതമായ ലോകത്തിന്റെ (ദൈവം/പ്രകൃതി/മനുഷ്യൻ ഉൾപ്പെട്ട) അടിയൊഴുക്കുകളെയാണ് മിന്നൽവേഗത്തിൽ പാറക്കടവ് അഴിച്ചിറക്കുന്നത്. നമ്മുടെ ചിന്തയിൽ വീഴുന്ന ഈ കൊടുങ്കാറ്റുകളെ വെല്ലുവിളിക്കാൻ പോലും അശക്തരാണ് നാമിപ്പോൾ. കാരണം, പ്രകൃതിയെയും ദൈവബോധത്തെയും അയൽപക്കകാരനായ മനുഷ്യനെയും നാമിപ്പോൾ കാണുന്നത് ഒരു ഉപഭോഗവസ്തു മാത്രമായിട്ടാണ്. ഇത്തരം ധൂർത്തിനെതിരെ പാറക്കടവ് ജ്വലിപ്പിച്ചെടുക്കുന്ന ഈ കഥകൾ ഒരു പ്രതിരോധത്തിന്റെ രാഷ്ട്രീയത്തെയാണ് വരച്ചുകാട്ടുന്നത്. അതുകൊണ്ടുതന്നെ മിന്നൽക്കഥകളും പാറക്കടവ് കഥകളും 'നദി'ത്തുള്ളികൾ എന്നതിനേക്കാൾ 'കടൽ'ത്തുള്ളികൾതന്നെയാണ്. ■

www.malankaralibrary.com

# നിലീനം



റവ. ഡോ. സുനിൽ ജോസ് CMI
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

**പദ്മദാസിന്റെ 'നിലീനം' എന്ന കവിതയുടെ ആസ്വാദനം**
*എഴുത്ത് മാസിക, ഓഗസ്റ്റ് 2022*


കവിതയെ ജീവിതംകൊണ്ട് നിർണയിക്കാനും ജീവിതത്തെ കവിതകൊണ്ട് നിർവചിക്കാനുമുള്ള വിനീതോദ്യമമാണ് തന്റെ കവിതയെന്ന് വിലയിരുത്തുന്ന കവിയാണ് പദ്മദാസ്. ദേവീവിലാസം സ്കൂൾ, നഗരയക്ഷി, പന്ത്രണ്ടു സോദരരും ഒരു പെങ്ങളും, ആൽബട്രോസ് തുടങ്ങിയ കവിതാസമാഹാരങ്ങളിൽ ശ്രദ്ധേയമായ കവിതകളെഴുതിയ കവിയാണ് പദ്മദാസ്. റെയിൽവേ ക്ലെയിംസ് ട്രിബ്യൂണലിലെ അഡീഷ്ണൽ രജിസ്ട്രാർ ജോലിക്കിടയിലും ആനുകാലികങ്ങളിൽ കവിതകളും പഠനങ്ങളും എഴുതിവരുന്നു.

'ആൽബട്രോസ്' എന്ന സമാഹാരത്തിൽ തന്റെ കവിതകളെ കവി സ്വയം വിലയിരുത്തുന്നത് ശ്രദ്ധിക്കുക: "കാവ്യാസ്വാദനത്തിൽ നിരൂപകപക്ഷവും ആസ്വാദനപക്ഷവുമുണ്ടല്ലോ. പ്രതിബദ്ധത, നൂതനാവിഷ്കാരമാർഗം, കവിതയുടെ രാഷ്ട്രീയം, അതിന്റെ സൗന്ദര്യശാസ്ത്രം തുടങ്ങി ഒട്ടേറെ ഘടകങ്ങളാൽ ഒരു കവിത നിരൂപകനാൽ വിലയിരുത്തപ്പെടുമ്പോൾ മേല്പറഞ്ഞ സവിശേഷതകളാൽ വിശ്ലേഷണം ചെയ്യപ്പെടാതെതന്നെ മറ്റേതോ ഒരു സവിശേഷഘടകം കൊണ്ട് ചില കവിതകൾ വായനക്കാരുടെ മനസ്സിൽ കയറി ഇരിപ്പുറപ്പിച്ചേക്കാം. കാവ്യസിദ്ധാന്തങ്ങളെ തിരസ്കരിക്കുന്ന വായനക്കാരും കവിയും തമ്മിലുള്ള സ്വരചേർച്ചയിലെ ഈയൊരു അനിർവചനീയമായ ഘടകമാണ് എന്നെപ്പോലെയുള്ളവരെ വീണ്ടും വീണ്ടും കവിതയെഴുതാൻ പ്രേരിപ്പിക്കുന്നത്."

'അത്യുന്നതങ്ങളായ ചിന്തകളോ, മഹത്തരങ്ങളോ ഉദാത്തങ്ങളോ ആയ ആശയങ്ങളോ ആഹ്വാനങ്ങളോ ഒന്നും മുന്നോട്ടുവയ്ക്കാതെ, മനുഷ്യനോടും ഭൂമിയോടും ചേർന്നുനടക്കുന്ന കവിതകളാണ് തന്റേതെന്നും 'ഒറ്റടേക്കു' മാത്രമുള്ള മനുഷ്യജീവിതത്തിനോട് സമരസപ്പെട്ടു നിൽക്കുന്നവയാണ് അവ' എന്നും കവി വിലയിരുത്തുന്നുണ്ട്. പ്രത്യക്ഷജീവിതസത്യങ്ങളെ അതീന്ദ്രിയ സത്യങ്ങളും അതീത ജ്ഞാനങ്ങളുമാക്കി പരിവർത്തനം ചെയ്യാനുള്ള കവിതയുടെ കഴിവിനെ കവി തിരിച്ചറിയുന്നു. സംസാരവിനിമയങ്ങളെയും ജൈവകർമങ്ങളെയും ഉദ്ഗ്രഥനം ചെയ്യുന്ന കർമ്മമണ്ഡലം കൂടിയാകുന്നുണ്ട് കവിത.

ആധുനികതയും ഉത്തരാധുനികതയും എത്രമേൽ കുറ്റാരോപിതമാക്കിയാലും കാല്പനികതയും ഗൃഹാതുരതയും കവിതയുടെ ഭാവമണ്ഡലത്തെ പ്രകാശമാനമാക്കുന്നതിൽ വഹിക്കുന്ന പങ്ക് ചെറുതല്ല. പദ്മദാസിന്റെ 'നിലീനം' എന്ന കവിത ഒരാളുടെ തിരിച്ചുനടപ്പിന്റെ ആഖ്യാനമാണ്. ചില വ്യക്തിഗാഥകൾക്കുപോലും സാമൂഹികതയിലേക്ക് കാലൂന്നി നില്ക്കാനായേക്കുമെന്നതാണ് ഈ കവിതയുടെ സാമൂഹിക സാധ്യത. കവിതയിലെ ഈ തിരിച്ചുനടപ്പ് ഉള്ളിലെ നഷ്ടമായ ആർദ്രതകളിലേയ്ക്കാണ്. ഈ ആന്തരികയാത്രയ്ക്കു പ്രചോദനമായത് 'എത്രനാളായി ഇതുവഴികണ്ടിട്ട്' എന്ന് വഴിവക്കിലെ കാക്കപ്പൂക്കളും തോട്ടുവക്കിലെ മൈനയും അമ്പലമൈതാന

www.malankaralibrary.com



ത്തെ ഏഴിലംപാലയും ചോദിക്കുന്നതാണ്. ചിരപരിചിതമായ ആ മുഖത്തെ നഷ്ടമായ കളിമ്പങ്ങളും നിഷ്കളങ്കതയും നെറ്റിയിലെ മാലേയവും തലമുടിയിലെ കാച്ചെണ്ണ വാസനയും അവർ ഓർത്തെടുക്കുന്നുണ്ട്. കവിൾചോപ്പ് നിറംമാറി കൃഷ്ണവർണമായതും മുടി നരകേറിയതും കാലടികൾ വരണ്ടതും കരങ്ങൾ കഠിനമായതും മുഖംമൂടിയണിഞ്ഞ മുഖത്തുനിന്നുവരുന്ന വാക്കിൽ മുള്ളുകൾ നിറയുന്നതും നിരാദ്രവും മാധുര്യരഹിതവുമായി ജീവിതം മാറിയതും എങ്ങനെയാണെന്ന് അവർ അതിശയത്തോടെ ആരായുന്നു.


തന്റെ ജീവിതവേഗം തനിക്ക് പണിക്കുറ തീർത്ത് നൽകിയതാണ് ഈ തൊങ്ങലും പൊടിപ്പുമെന്ന് ആ ഗ്രാമവിശുദ്ധിയുടെ കാവൽക്കാരോട് എങ്ങനെ പറയുമെന്ന് കവി സന്ദേഹിയാകുന്നു. നഗരതിരക്കിൽ ചെന്നുപെട്ടതിൽപ്പിന്നെ കളഞ്ഞുപോയതും ബലി നല്കിയതുമായ പൂർവപുണ്യപുരത്തെ വസന്തർത്തുവിനെ കവി ഓർമിക്കുന്നു. അങ്ങനെ തിരിച്ചുനടപ്പ് ഓർമകളിലൂടെയാകുന്നു.

എങ്കിലും പുതുമഴയേൽക്കുമ്പോൾ മുളപൊട്ടി വളരുന്ന വിത്തുകൾപോലെ അവ തന്റെ ഹൃദയത്തിൽ ഇലപൊടിച്ച് പൂക്കളായി വിടരാറുണ്ടെന്ന് സൃഷ്ടിയുടെ മുഹൂർത്തങ്ങളിൽ കവി കണ്ടെത്തുന്നുണ്ട്. പൂക്കളെയും മൈനക്കുഞ്ഞിനെയും ഇളം കാറ്റിനെയും നിലാവിനെയും കവി അഭിസംബോധന ചെയ്യുന്നു. അവയൊക്കെ സമ്മാനിച്ച ബാല്യത്തിന്റെ കളിമ്പങ്ങളും സ്നിഗ്ധ സുഗന്ധങ്ങളും ഒരിക്കലും മറക്കാനാവില്ലല്ലോ.

'നിങ്ങൾ നല്കിയതിന്റെ തുടർച്ചയും പടർച്ചയുമായി' ജീവിതത്തെ കാണുന്നതോടെ കവിത വായനക്കാരോട് സംവദിച്ചു തുടങ്ങുന്നു. കവിതയുടെ വായനാനുഭവം 'ഉള്ളിലേക്കുള്ള ദർശന' വഴി തുറക്കുന്നു. ആ സന്ദർശനത്തിന്റെ ഊഷ്മളതയിൽ, ആർദ്രതയിൽ സമഷ്ടിഭാവം കൈവരിക്കുന്ന മാനവികതയാണ് പദ്മദാസിന്റെ കവിതകളുടെ കൈയൊപ്പ്. ഭൂതകാലത്തിന്റെ സ്മൃതിശാദ്വലങ്ങളിൽ നിന്ന് വിട്ടുപോരാൻ മടിക്കുന്ന സർഗാത്മകതയെ പുതുകാലത്തിന്റെ സമസ്യകളിൽ ഉറപ്പിക്കാനുള്ള ശ്രമത്തിന്റെ സദ്ഫലങ്ങളാണ് പദ്മദാസിന്റെ കവിതകൾ എന്ന നിരീക്ഷണത്തോട് ചേർന്നുപോകുന്നുണ്ട് 'നിലീനം' എന്ന കവിത. വിട്ടുവീഴ്ചകളും ഒത്തുതീർപ്പുകളും വീർപ്പുമുട്ടിക്കുന്ന ജീവിതത്തിന് പൂർണമാക്കാൻ കഴിയാത്ത പലതും കവിതയിലൂടെ പൂരിപ്പിക്കപ്പെടുന്നുണ്ട്. മർത്യജീവിതത്തെക്കാൾ കാവ്യജീവിതം ഒരല്പം ശ്രേഷ്ഠമാകുന്നതും ഈ പൂരണത്തിലൂടെയാണ്. ■

www.malankaralibrary.com



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ*
*ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

**രതീഷ് ബാലകൃഷ്ണൻ പൊതുവാൾ രചിച്ച് സംവിധാനം നിർവഹിച്ചിരിക്കുന്ന 'ന്നാ താൻ കേസ് കൊട്' എന്ന ചിത്രമാണ് വെളിച്ചം വിതറുന്ന ചിത്രമായി ഈ ലക്കം പരിചയപ്പെടുത്തുന്നത്. കുഞ്ചാക്കോ ബോബൻ, ഗായത്രി, രാജേഷ് മാധവൻ, ബേസിൽ ജോസഫ്, സൈജു കുറുപ്പ്, വിനയ് ഫോർട്ട്, ജാഫർ ഇടുക്കി തുടങ്ങിയവർ പ്രധാനവേഷങ്ങളിൽ എത്തുന്നു.**

നമ്മുടെ രാജ്യത്തു നീതിന്യായ നിർവഹണം ഏറ്റെടുത്തു നടത്തേണ്ട ഭരണകൂടവും അതിന്റെ തലപ്പത്തുള്ള രാഷ്ട്രീയ നേതാക്കളും അവരുടെ ചൊൽപ്പടിക്ക് നില്ക്കാൻ വിധിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരും ചേർന്ന് ജനങ്ങൾക്ക് നീതി നിഷേധിക്കുന്ന നിരവധി അനുഭവങ്ങൾ നമ്മുടെ കൺമുൻപിൽ നിത്യേനയെന്നോണം സംഭവിക്കുന്നുണ്ട്. ഈ ദുരവസ്ഥകൾക്കു ഒരു പരിഹാരവുമില്ല എന്ന് വിചാരിച്ചു, സഹിച്ചു ക്ഷമിച്ചു ജീവിക്കുന്നവരാണ് നാട്ടിൽ ഭൂരിഭാഗവും. പക്ഷേ, വലിയ പഠിപ്പും വിവരവും ഇല്ല എന്ന് എല്ലാവരും എഴുതിത്തള്ളുന്ന ഒരു സാധാരണക്കാരൻ, കൊഴുമ്മൽ രാജീവൻ (കുഞ്ചാക്കോ ബോബൻ) ഒറ്റയ്ക്ക് നടത്തുന്ന നിയമപോരാട്ടം അന്തിമവിജയം നേടുന്ന കഥയാണ് 'ന്നാ താൻ കേസ് കൊട്' മുന്നോട്ടുവയ്ക്കുന്നത്.

കളവൊന്നും നടത്തിയില്ല, എന്നിട്ടും കള്ളനായി ചിത്രീകരിക്കപ്പെടുന്ന 'രാജീവൻ' പൊലീസ് സ്റ്റേഷനും ആശുപത്രിയും കോടതിയും കയറി ഇറങ്ങി വലയുമ്പോൾ ആളുകൾ അയാളെ ശിക്ഷിക്കപ്പെടേണ്ട ഒരു പ്രതിയായിതന്നെയാണ് കാണുന്നത്. പക്ഷേ, രാജീവൻ ഈ കേസിൽ പ്രതിയായി കാണുന്നത് പൊതുമരാമത്ത് മന്ത്രിയെയാണ്. തന്നെ കള്ളനായി ചിത്രീകരിച്ചതിനും എം.എൽ.എ യുടെ വീട്ടിലെ പട്ടി കടിച്ചതിനും എല്ലാത്തിനും തുടക്കം റോഡിലെ കുഴിയാണ്, അങ്ങനെ റോഡ് കുഴിയായി കിടക്കാൻ ഉത്തരവാദി പൊതുമരാമത്ത് മന്ത്രി ആണ്, അതുകൊണ്ടു മന്ത്രിക്കെതിരെയാണ് കേസ് എടുക്കേണ്ടത് എന്നാണയാളുടെ വാദം. ഒരു വക്കീലിനെ വയ്ക്കാൻ പണമില്ലാത്തതുകൊണ്ട് സ്വയം കേസ് വാദിക്കുകയാണ് അയാൾ, വെറും വാദമല്ല സാക്ഷികളെ വിസ്തരിച്ച് തെളിവുകൾ ഹാജരാക്കി, നിയമവകുപ്പുകൾ ഉദ്ധരിച്ചു, വർഷങ്ങൾ നീണ്ടു നിൽക്കുന്ന നിയമ പോരാട്ടം.

കാസർഗോടിന്റെ വിവിധ പ്രദേശങ്ങളിലായി നടക്കുന്ന ഈ കഥയിൽ, ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയെയും നേതാക്കളെയും പ്രത്യക്ഷമായോ പരോക്ഷമായോ വിമർശിക്കുന്നു എന്ന തോന്നൽ ഉളവാക്കുന്നതുകൊണ്ട് ചിലർക്ക് ഈ ചിത്രം സാധാരണ പോപ്പുലർ രാഷ്ട്രീയ സിനിമകളിൽ നിന്ന് വ്യത്യസ്തമായി, ഉള്ളിൽ പൊള്ളുന്ന അനുഭവം ഉണ്ടാക്കുന്നുണ്ട്. അക്കൂട്ടർ ആദ്യം മനസ്സിലാക്കേണ്ടത് ഇതൊരു ആക്ഷേപഹാസ്യ ചിത്രം (പൊളിറ്റിക്കൽ സറ്റയർ)

www.malankaralibrary.com



ആണ് എന്നതാണ്. 'ബ്ലാക്ക് ഹ്യൂമർ' ആണ് ചിത്രത്തിന്റെ കാതൽ. കുഞ്ചൻനമ്പ്യാരുടെ തുള്ളൽ ഫലിതങ്ങൾപോലെ സമൂഹത്തിൽ നടക്കുന്ന കുറ്റങ്ങളേയും കുറവുകളേയും തുറന്നു കാട്ടിക്കൊണ്ടാണ് ആക്ഷേപഹാസ്യ സിനിമകൾ കടന്നു വരിക. സത്യവും നീതിയും എന്താണ് എന്ന് പരിഹാസത്തിന്റെ ഭാഷയിൽ പറഞ്ഞുവയ്ക്കാൻ സംവിധായകൻ ശ്രമിക്കുന്നു. ശ്രമം വലിയൊരു വിജയമായി എന്ന് കേരളത്തിലെ വലിയൊരു വിഭാഗം പ്രേക്ഷകർ വിധിയെഴുതിയിരിക്കുന്നു, ഹാസ്യം കൊള്ളേണ്ടിടത്തു കൊള്ളുന്നു. 'റോഡിൽ കുഴിയുണ്ട്, ചിത്രം കാണാൻ വരുന്നവർ സൂക്ഷിക്കുക' എന്ന് ചിത്രത്തിന്റെ പരസ്യത്തിൽ കൊടുത്ത് സംവിധായകൻ സിനിമയിലെ ഹാസ്യം സിനിമാ തിയേറ്ററിന്റെ പുറത്തേക്കും ഒഴുകാൻ അനുവദിക്കുന്നു. ആ പരസ്യമാണ് ചെറുപ്പക്കാരുടെ ഭാഷയിൽ കൂടുതൽ പേർക്ക് 'കലിപ്പ്' ഉണ്ടാക്കിയതും 'ചിത്രം ബഹിഷ്കരിക്കണം' എന്നുതുടങ്ങിയ രാഷ്ട്രീയ പോരാട്ട ഭാഷയിലേക്കും ആഹ്വാനങ്ങളിലേക്കുംവരെ കാര്യങ്ങളെ എത്തിച്ചതും.

റോഡിലെ കുഴി കാരണം റോഡപകടത്തിൽ തനിക്കു പലവിധ പരിക്കുകൾ ഏൽക്കുന്നു, അതോടൊപ്പം ജോലിനഷ്ടവും മാനനഷ്ടവും. അതുകൊണ്ടു റോഡിലെ കുഴിക്കു കാരണക്കാരനായ പൊതുമരാമത്തു മന്ത്രി ശിക്ഷിക്കപ്പെടണം എന്നാണ് രാജീവൻ കോടതിയിൽ വാദിക്കുന്നത്. ഈ 'വിചിത്രവാദം' കേട്ടപ്പോൾ എനിക്ക് സാമ്യം തോന്നിയത് ഈയടുത്ത കാലത്തു സിനിമാപ്രേമികളുടെ വൃത്തങ്ങളിൽ ഒരു ഇഷ്ട ചിത്രമായി മാറിയ 'കഫർണാം' എന്ന ലബനീസ് സിനിമയുടെ കഥാതന്തുവാണ്. ചേരിപ്രദേശത്തു താമസിക്കുന്ന ദരിദ്രരായ മാതാപിതാക്കളുടെ അഞ്ചാറു മക്കളുള്ള കുടുംബത്തിൽ തന്റെ അനിയന്മാരെയും അനിയത്തിമാരെയും ഓരോരോ 'തരികിട' പരിപാടികളിലൂടെ നയിച്ച് വീട്ടിലേക്കു നാല് കാശുണ്ടാക്കേണ്ട ചുമതലയുള്ള പന്ത്രണ്ടു വയസ്സുകാരനാണ് നായകൻ. പ്രായപൂർത്തിയാവാത്ത തന്റെ അനിയത്തിയെ മാതാപിതാക്കൾ നിർബന്ധമായി മുതിർന്ന ഒരു പുരുഷന് വിവാഹം ചെയ്തു കൊടുത്തു, ഭർത്താവിന്റെ വീട്ടിൽവച്ച് അനിയത്തി മരിച്ച വാർത്ത അറിയുമ്പോൾ പയ്യൻ ഓടിച്ചെന്നു അയാളെ വകവരുത്തുന്നു. കോടതി വിചാരണക്കിടയിൽ 'നിനക്കെന്തെങ്കിലും പറയാനുണ്ടോ' എന്ന് ജഡ്ജി ചോദിക്കുമ്പോൾ അവൻ വാദിക്കുന്നത് തനിക്കു ജന്മം തന്ന മാതാപിതാക്കളെയാണ് യഥാർഥത്തിൽ കോടതി ശിക്ഷിക്കേണ്ടത് എന്നാണ്.

രാജീവനിൽ മുദ്ര ചാർത്തപ്പെട്ട 'കള്ളൻ' എന്ന ആരോപണവും റോഡിലെ കുഴിയും ഇല്ലെങ്കിൽ ഈ സിനിമ ഇല്ല എന്ന് പറയാം. താൻ സ്നേഹിക്കുന്ന പുരുഷൻ പൊലീസ് അന്വേഷിക്കുന്ന ഒരു 'കള്ളൻ' ആണ് എന്ന സത്യം അംഗീകരിക്കാൻ കാമുകി ദേവി (ഗായത്രി) ക്ക് എളുപ്പം കഴിയുന്നില്ല. രാജീവിനെ സംബന്ധിച്ചിടത്തോളം ദേവിയിൽ നിന്ന് ലഭിച്ച സ്നേഹത്തിന്റെ മാധുര്യത്തിൽ മോഷണം എന്ന തൊഴിൽ അപ്പാടെ ഉപേക്ഷിക്കാൻ തീരുമാനിച്ചു ഒരു കുടുംബ ജീവിതം പണിതെടുക്കാൻ ശ്രമിക്കുമ്പോഴാണ് റോഡിലെ കുഴി വരുത്തിയ വിനമൂലം ദേവിയോടൊത്തുള്ള ജീവിതവും എല്ലാ സ്വപ്നങ്ങളും തകർന്നു തരിപ്പണമാവുന്ന നിലയിലെത്തുന്നത്.

നാട്ടുകാർ മാത്രമല്ല ദേവിയും താൻ പറയുന്ന സത്യം വിശ്വസിക്കാൻ തയ്യാറാവുന്നില്ല എന്ന വേദന അയാൾക്ക് താങ്ങാവുന്നതല്ല. താൻ കള്ളനല്ല എന്ന

www.malankaralibrary.com

സത്യം തെളിയിക്കാൻ കോടതി കയറി ഇറങ്ങുന്ന രാജീവന് ആരുംതന്നെ ഒരു ജോലിയും കൊടുക്കാൻ തയ്യാറാവുന്നില്ല. എങ്കിലും തളരാതെ, വിജയിക്കും എന്ന് യാതൊരു ഉറപ്പും ഇല്ലാത്ത നിയമയുദ്ധത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണ് അയാൾ. രാജീവന്റെ നിശ്ചയദാർഢ്യം കണ്ടു, 'കള്ളന്റെ' ഉള്ളിലെ നന്മ തിരിച്ചറിഞ്ഞു സീനിയർ വക്കീലും പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറും ദേവിയും റോഡിലെ കുഴി മൂലം അപകടത്തിൽ ചാടി രാജീവിനെ ഈ പൊല്ലാപ്പിലൊക്കെ എത്തിച്ച ഓട്ടോ ഡ്രൈവർ സുരേഷിനും അങ്ങനെ പലരും ഈ യുദ്ധത്തിന് പിന്തുണ പ്രഖ്യാപിച്ചു അയാളുടെ കൂടെ കൂടുന്നു. നമ്മുടെ നാട്ടിൽ ഭരണം ഏതു രാഷ്ട്രീയ പാർട്ടി ആയാലും, റോഡുകളുടെ അവസ്ഥ ശോചനീയം ആയതുകൊണ്ട് കോടതി ഇടപെട്ടാണല്ലോ പലപ്പോഴും ചില അടിയന്തര പരിഹാരങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാവുന്നത്. ഈ കഥയിലും അങ്ങനെതന്നെ. കേസ് വിസ്താരത്തിന്റെ കേന്ദ്ര സ്ഥാനത്തുള്ള ജഡ്ജിയും (പി.പി. കുഞ്ഞികൃഷ്ണൻ) രാജീവിന്റെ ഭാഗത്താണ് സത്യവും നീതിയും എന്ന് തുടക്കത്തിലേ മനസ്സിലാക്കി അയാളുടെ പോരാട്ടത്തിനു മനസ്സാ പിന്തുണ നൽകുന്നുണ്ട്.

ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടിയിലാണ് കഥയും സംഭാഷണങ്ങളും ചാലിച്ചെടുക്കുന്നതെങ്കിലും ഈ ചിത്രം നന്മയുടെ വിജയം ആഘോഷിക്കുന്ന സിനിമയാണ്. അതുകൊണ്ടു ഈ സിനിമയെ വെറുമൊരു രാഷ്ട്രീയ വിമർശനം മാത്രമായി കാണാൻ കഴിയില്ല. വിമർശനം ഒരു രാഷ്ട്രീയ പാർട്ടിയെ മാത്രം ലക്ഷ്യംവച്ചല്ല എന്നും വ്യക്തമാണ്. പടം തുടങ്ങുന്നതും ഈ ചിത്രത്തിൽ കടന്നു പോകുന്ന കാലം പല തവണയായി അടയാളപ്പെടുത്തുന്നതും രാജ്യത്തു കുത്തനെ വർധിച്ചു വരുന്ന പെട്രോൾ വില കൃത്യമായി അക്കമിട്ടു രേഖപ്പെടുത്തിക്കൊണ്ടാണ്.

'ആൻഡ്രോയിഡ് കുഞ്ഞപ്പൻ' എന്ന ആദ്യ ചിത്രത്തിലൂടെതന്നെ സംവിധായകൻ രതീഷ് ബാലകൃഷ്ണൻ പൊതുവാൾ പുതുമായർന്നൊരു പ്രമേയം, വ്യത്യസ്തവും നർമത്തിന് പ്രാധാന്യം നൽകുന്നതുമായ ശൈലിയിൽ കൈകാര്യം ചെയ്യാനുള്ള കഴിവ് തെളിയിച്ചതാണ്. 'ന്നാ താൻ കേസ് കൊട്' രതീഷിന്റെ മൂന്നാമത്തെ സിനിമയാണ്. എന്തൊരു അവധാനതയോടെ, പ്രതിഭാധനനായ ഒരു മുതിർന്ന ചലച്ചിത്രകാരന്റെ ആത്മവിശ്വാസത്തോടെയാണ് അദ്ദേഹം അഭിനേതാക്കളെ ഒരുക്കിയെടുക്കുന്നതും കാണികളുടെ കൈയടി വാങ്ങിയെടുക്കുന്ന പ്രകടനങ്ങൾ ഈ അഭിനേതാക്കളിൽ നിന്ന് രൂപപ്പെടുത്തിയെടുക്കുന്നതും.

കുഞ്ചാക്കോ ബോബന്റെ അഭിനയത്തികവ് ജനങ്ങൾ ഏറ്റുവാങ്ങിയ അടുത്ത കാലത്തെ ഏറ്റവും സുന്ദരമായ ശൈലിയിലുള്ള ചിത്രമായിട്ടുണ്ട് 'ന്നാ താൻ കേസ് കൊട്'. പക്ഷെ സംവിധായകൻ കൂടുതൽ അഭിനന്ദനം അർഹിക്കുന്നത് യാതൊരു മുൻകാല സിനിമാഭിനയ പരിചയവും ഇല്ലാത്തവരെ അണിനിരത്തിക്കൊണ്ടാണ് സുപ്രധാന കഥാപാത്രങ്ങളെവരെ അവതരിപ്പിച്ചിരിക്കുന്നത് എന്ന വസ്തുതയാലാണ്. പൊതുമരാമത്ത് മന്ത്രിയായി വേഷമിട്ട കുഞ്ഞിക്കണ്ണനും കൃഷ്ണൻ വക്കീലായി വേഷമിട്ട എ.വി. ബാലകൃഷ്ണനും മറ്റു അഭിഭാഷകരായി എത്തുന്ന ഷുക്കൂറും ഗംഗാധരൻ കുട്ടമത്തും എം. എൽ.എ യുടെ ഭാര്യയായി എത്തുന്ന സി.പി. ശുഭയും 'ആയിരം കണ്ണുമായി' എന്ന ഓട്ടോയുടെ ഡ്രൈവറായി രാജേഷ് മാധവനും നമ്മെ അമ്പരിപ്പിക്കുന്നുണ്ട്.

പുനർനിർമിതി ചെയ്തെടുത്ത 'ദേവദൂതർ പാടി' എന്ന ഗാനവും അതിനു കുഞ്ചാക്കോ ബോബന്റെ ചുവടുവയ്പ്പുകളും ചിത്രമിറങ്ങും മുൻപേ വൈറലായതാണ്. അതുപോലെതന്നെ രസകരമായി, ഒരു തലമുറക്കാർക്ക് നൊസ്റ്റാൾജിയ ഉണർത്തികൊണ്ടു 'ആയിരം കണ്ണുമായി കാത്തിരുന്നു' എന്ന ഗാനവും ഈ ചിത്രത്തിന് സൗന്ദര്യവും കഥാഗതിയിൽ ഏറെ പ്രാധാന്യവും സമ്മാനിച്ചിരിക്കുന്നു.

നേതാക്കൾക്കോ പണക്കാർക്കോ എതിരായി ആരെങ്കിലും ധീരതയോടെ പ്രതികരിക്കാൻ തുനിഞ്ഞാൽ ഈ ചിത്രത്തിൽ രാജീവൻ കോടതിയിൽ പറയുന്നതുപോലെ 'ന്നാ താൻ കേസ് കൊട്' എന്ന പുച്ഛവും വെല്ലുവിളിയും നിറഞ്ഞ ആക്രോശമാവും പ്രതീക്ഷിക്കാനാകുക. പാവപ്പെട്ടവന് കോടതിയിലും രക്ഷയില്ല എന്ന ധ്വനിയുണ്ട് ആ പല്ലവിക്ക്. പാവപ്പെട്ടവന് വേണ്ടി നിലകൊള്ളുന്നു എന്ന് വീറോടെ പ്രസംഗിക്കുന്ന, പ്രസംഗവും പ്രവൃത്തിയും തമ്മിൽ ബന്ധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാന രാഷ്ട്രീയ കേരളത്തിന്റെ ഓർമപ്പെടുത്തലാണ് ഈ ചിത്രം നിർവഹിക്കുന്ന ദൗത്യം. ഇവിടെ ഏതൊരു സാധാരണക്കാരനും തന്റെ നീതിബോധവും സത്യസന്ധതയും ഉയർത്തിപ്പിടിക്കാനും നന്മയുടെ വിജയത്തിനായി പോരാടാനും അന്തിമ വിജയം നേടാനും കഴിയും എന്ന പ്രത്യാശാപൂർണമായ സന്ദേശം നമ്മുടെ മനസ്സിൽ ആഴത്തിൽ പതിയും എന്നുറപ്പാണ്. ■

www.malankaralibrary.com



www.malankaralibrary.com
Date of Publication: 13.09.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 92**

# സുഹൃത്തിന് സ്നേഹപൂർവ്വം..




നിങ്ങളുടെ
സുഹൃത്തിന് നൽകാൻ
വിലപ്പെട്ടതും ഉപകാരപ്രദവുമായ ഒരു സമ്മാനം
നിങ്ങൾ അന്വേഷിക്കുകയാണോ?

**എങ്കിൽ ഞങ്ങളെ വിളിക്കൂ**

**നിങ്ങളാഗ്രഹിക്കുന്നയാൾക്ക് നിങ്ങളുടെ പേരിൽ
കാരുണികൻ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
Ph: 0484-2663933, 2664733 | Mob: 99958 02006

| | | | |
|---|---|---|---|
| 1 Year | - ₹ 300/- | 2 Year | - ₹ 550/- |
| 3 Year | - ₹ 800/- | Out of india | - ₹ 3000/- |

Bank Details:- A/c Name : Director Karunikan | A/c No. : 17530100030870
IFSC Code : FDRL0001753, Federal Bank, Thevara.

Money Order, Cheque, DD എന്നിവ അയക്കേണ്ട വിലാസം:
Karunikan Magazine, Perumanoor P. O, Thevara, Kochi - 682015
Email: magazinekarunikan@gmail.com

**കാരുണികൻ**
സമകാലിക സംഭവങ്ങളെയും വ്യക്തികളെയും
ക്രിസ്തുവിന്റെ കണ്ണുകളിലൂടെ നോക്കിക്കാണുന്ന സമഗ്ര ദൈവശാസ്ത്രമാസിക.

Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Editor : Fr. M. Koottumkal MCBS